## എഡിറ്റോറിയൽ

# യേശുവിനോടുള്ള ഗാഢമായ ബന്ധം



“ദൈവത്തോട് അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും” (യാക്കോബ് 4:8)

നിത്യജീവിതത്തിന്റെ തിരക്കുകൾക്കിടയിലും ദൈവത്തോട് വളരെ അടുത്ത ബന്ധം സ്ഥാപിക്കുകയും അതു നിലനിർത്തുകയും ചെയ്യുക-ഏതൊരു ക്രിസ്തുശിഷ്യനും ആഗ്രഹിക്കുന്നത് അതാണ്. പക്ഷേ അതെങ്ങനെ കഴിയും?

ഇവിടെ യാക്കോബ് പറയുന്നത് നാം ദൈവത്തോട് അടുത്തുചെന്നാൽ അവിടുന്നു നമ്മോട് അടുത്തുവരും എന്നാണ്. അപ്പോഴും ഒരു ചോദ്യം അവശേഷിക്കുന്നു-നമുക്ക് എങ്ങനെ ദൈവത്തോട് അടുത്തു ചെല്ലുവാൻ സാധിക്കും?

ദൈവത്തോട് അടുത്തുചെല്ലുക എന്നു പറഞ്ഞാൽ ദൈവികകാര്യങ്ങളോട്, ദൈവസാന്നിധ്യത്തിന്റെ പ്രതീകങ്ങളോട്, അടുത്തുചെല്ലുക എന്നാണു നാം കരുതുന്നത്. പക്ഷേ അത് എപ്പോഴും ശരിയാകണമെന്നില്ല. പ്രതീകങ്ങളോടുള്ള അടുപ്പം ദൈവത്തോടുള്ള അടുപ്പം ആകണമെന്നില്ല. ഉദാഹരണത്തിന് യിസ്രായേലിന്റെ ഒരനുഭവം കാണുക. യിസ്രായേലിനെ സംബന്ധിച്ചിടത്തോളം ദൈവികസാന്നിദ്ധ്യത്തിന്റെ പ്രതീകം പെട്ടകമായിരുന്നു. അവിടെയാണു ദൈവസാന്നിദ്ധ്യം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത് (പുറപ്പാട് 25:10-22). അങ്ങനെയിരിക്കെ, യിസ്രായേൽ കനാനിൽ ജീവിക്കുന്ന കാലത്ത് ഏബെൻ-ഏസെരിൽ വച്ച് അവരും ശത്രുക്കളായ ഫെലിസ്ത്യരും തമ്മിൽ ഏറ്റുമുട്ടി. യുദ്ധത്തിൽ യിസ്രായേലിലെ നാലായിരം പേർ കൊല്ലപ്പെട്ടു. ദൈവത്തിന്റെ സാന്നിദ്ധ്യം തങ്ങളോടൊപ്പം ഇല്ലാതിരുന്നതാണ് ഈ തോൽവിക്കു കാരണമെന്ന് യിസ്രായേൽ മൂപ്പന്മാർ അനുമാനിച്ചു. അതുകൊണ്ട് അടുത്തദിവസം യുദ്ധത്തിനു മുൻപ് അവർ ‘ കെരൂബുകളുടെ മദ്ധ്യേ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവയുടെ നിയമപെട്ടകം’ ശീലോവിൽ നിന്നു പാളയത്തിൽ വരുത്തി. ഇക്കുറി പെട്ടകത്തിന്റെ സാന്നിധ്യം തങ്ങളെ വിജയത്തിലേക്കു നയിക്കുമെന്നായിരുന്നു യിസ്രായേലിന്റെ വിശ്വാസം. പക്ഷേ അങ്ങനെയല്ല സംഭവിച്ചത്. അന്ന് യിസ്രായേലിലെ മുപ്പതിനായിരം പടയാളികളും മഹാപുരോഹിതനായ ഏലിയുടെ രണ്ടുപുത്രന്മാരും കൊല്ലപ്പെടുകയും ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുക്കുകയും ചെയ്തു! (1 ശമുവേൽ 4:1-11).

ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായി യിസ്രായേൽ കരുതിയിരുന്ന നിയമപെട്ടകം പടക്കളത്തിൽ വരുന്നതിനു മുൻപ് നാലായിരം പേർകൊല്ലപ്പെട്ടെങ്കിൽ പെട്ടകം വന്നശേഷം മുപ്പതിനായിരം ആളുകളാണു വധിക്കപ്പെട്ടത്. ഏഴിരട്ടി സംഹാരം!! എവിടെയാണു കണക്കുകൂട്ടലുകൾ പാളിപ്പോയത്? ഉത്തരം ലളിതം: ദൈവത്തിന്റെ പ്രതീകത്തോടുള്ള അടുപ്പം ദൈവത്തോടുള്ള അടുപ്പം ആകണമെന്നില്ല.

ഇന്നും നാം ദൈവസാന്നിധ്യത്തിന്റെ നിദർശനമായി കാണുന്ന പലകാര്യങ്ങളുണ്ട്: തിരുവെഴുത്തുകളുടെ പഠനങ്ങൾ, ഉപദേശരൂപങ്ങൾ, കൂട്ടായ്മായോഗങ്ങൾ, ക്രിസ്തീയകോൺഫ്രൻസുകൾ, ഉപവാസപ്രാർത്ഥനകൾ, കൺവെൻഷനുകൾ, സുവിശേഷപ്രവർത്തനങ്ങൾ എന്നിങ്ങനെ. പക്ഷേ ഇവയോടൊക്കെ അടുത്തു നില്ക്കവേ തന്നെ ദൈത്തിൽ നിന്ന് ഹൃദയം കൊണ്ട് അകലെ ആയിരിക്കാനുള്ള സാധ്യത ഏറെയാണ്. ഈ അപകടത്തിലേക്ക് യേശു തന്നെ വിരൽ ചൂണ്ടിയതു കാണുക:“നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല” (യോഹന്നാൻ 5:39,40). നോക്കുക:തിരുവെഴുത്തുകളെ ശോധന ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന ഒരു കൂട്ടർ. പക്ഷേ അവർ യേശുവിൽനിന്ന് അകലെയാണ്! ഇന്ന് നമ്മുടെ അവസ്ഥ എന്താണ്?

ബൈബിൾ പഠനവും, തിരുവെഴുത്തുകളെ ശോധന ചെയ്യുന്നതും, നല്ല ഉപദേശരൂപങ്ങളോടുള്ള അടുപ്പവുമൊന്നും ദൈവത്തോടുള്ള അടുപ്പത്തിനു പകരമാകുന്നില്ലെന്നു നമ്മൾ കണ്ടു. അങ്ങനെയെങ്കിൽ ദൈവത്തോടുള്ള അടുത്ത ബന്ധം എങ്ങനെ ലഭ്യമാകും? ദൈവത്തോടുള്ള സ്പർശ്യത നിലനിർത്താൻ എങ്ങനെ കഴിയും?

‘ദൈവത്തോട് അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും’ എന്ന വചനത്തോടു ചേർത്തു യാക്കോബ് പറയുന്നതു ശ്രദ്ധിക്കുക: ‘...കൈകളെ വെടിപ്പാക്കുവിൻ...ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ. സങ്കടപ്പെട്ടു ദുഃഖിച്ചു കരയുവിൻ. നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ.’ (4:9). ഉവ്വ്, അനുതാപം ഉള്ള ഒരു ഹൃദയം ദൈവത്തോട് അടുത്തിരിക്കുന്നു.

തുടർന്നു യാക്കോബ് പറയുന്നു: ‘കർത്താവിന്റെ സന്നിധിയിൽ താഴുവിൻ’. (4:10). താഴ്മയുള്ളിടത്തു കൃപ ലഭിക്കും (4:6; പത്രോസ് 5:5). തന്റെ സാന്നിധ്യവും അടുപ്പവും നമുക്കു നിഷേധിച്ചുകൊണ്ട് നമുക്കു കൃപ നൽകുവാൻ ദൈവത്തിനാവുകയില്ല. ദൈവത്തോടുള്ള മോശെയുടെ അപേക്ഷയും ദൈവത്തിന്റെ മറുപടിയും ഈ സത്യത്തിന് അടിവരയിടുന്നു:“എന്നോടും നിന്റെ ജനത്തോടും കൃപ ഉണ്ടെന്നുള്ളത് ഏതിനാൽ അറിയും? നീ ഞങ്ങളോടു കൂടെ പോരുന്നതിനാലല്ലയോ?” (പുറപ്പാട് 33:16). യഹോവ മോശെയോട് “...എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു. ഞാൻ നിന്നെ അടുത്ത് അറിഞ്ഞുമിരിക്കുന്നു’ (33:17). അതെ, താഴ്മ ദൈവസാന്നിധ്യം ലഭ്യമാക്കുന്ന കൃപയിലേക്കു നമ്മെ നയിക്കും.

ദൈവത്തിന്റെ സാമീപ്യം ഉറപ്പുതരുന്ന മറ്റൊരു ഘടകം ദാവീദ് ഇങ്ങനെ വിശദീകരിക്കുന്നു:‘ഹൃദയം നുറുങ്ങിയവർക്ക് യഹോവാ സമീപസ്ഥൻ’ (സങ്കീർ.34:18). ഹനനയാഗം, ഹോമയാഗം എന്നിവയെക്കാൾ ദൈവത്തിനു പ്രസാദമായതും ദൈവം തള്ളിക്കളയാത്തതുമായ ഒന്ന് തകർന്ന മനസ്സും തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയവുമാണെന്നും ‘ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യ’നായ ദാവീദ് പറയുന്നതും ശ്രദ്ധിക്കുക (51:16,17). ദൈവത്തെ പ്രസാദിപ്പിക്കാനായി പഴയനിയമകാലത്തു നൽകിയിരുന്ന യാഗങ്ങൾ പ്രതീകങ്ങളാണെന്നും അവയ്ക്ക് അപ്പുറത്ത് തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടാണു ദൈവത്തിന് അടുപ്പമെന്നുള്ള പുതിയഉടമ്പടിയിലെ സത്യം ദാവീദ് അന്നേ കണ്ടെത്തിയിരുന്നു. മനസ്താപം, താഴ്മ, മനോവിനയം എന്നിവയുള്ള ഹൃദയത്തോട് ദൈവത്തിനുള്ള അടുപ്പത്തിലേക്ക് പഴയനിയമഭക്തനായ യെശയ്യാവും വിരൽ ചൂണ്ടുന്നുണ്ടല്ലോ (57:15).

ക്രൂശുവഹിക്കുമ്പോൾ, യേശുവിന്റെ മരണത്തോട് അനുരൂപപ്പെടുമ്പോൾ, നാം ദൈവത്തെ അറിയുകയാണെന്നു പൗലോസ് തന്റെ വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു സാക്ഷിക്കുന്നതു ശ്രദ്ധിക്കുക (ഫിലിപ്യ 3:10, 2 കൊരി. 4:10,11). യേശുവിന്റെ നിന്ദചുമന്നുകൊണ്ടു പാളയത്തിനു പുറത്തു ചെന്നാൽ അവിടുത്തെ അടുക്കൽ എത്തുമെന്ന് എബ്രായലേഖനകാരൻ വെളിപ്പെടുത്തുന്നു (13:13). തന്നെ ഏറ്റുപറഞ്ഞ പിറവിക്കുരുടനെ മതലോകം തള്ളിക്കളയുകയും ഒറ്റപ്പെടുത്തുകയും ചെയ്തപ്പോൾ യേശു അവനെ തേടിച്ചെന്നതും ഇതോടു ചേർത്തുവായിക്കേണ്ടതുണ്ട്. (യോഹന്നാ. 9:35).

ദൈവത്തോടുള്ള അടുത്തബന്ധം-അതാണു നാം ലക്ഷ്യം വയ്ക്കുന്നതെങ്കിൽ അനുതാപം, താഴ്മ, നുറുക്കം തുടങ്ങിയവയാൽ മൃദുവായ ഒരു ഹൃദയം നാം സൂക്ഷിക്കേണ്ടതല്ലേ?

വചനം

# ദൈവത്തോടുള്ള അടുത്തബന്ധം

**ടി. രത്നകുമാർ**

**പു**തിയനിയമത്തിന്റെ ആദ്യപുറത്തുതന്നെ നമ്മുടെ കർത്താവിനു നൽകിയിട്ടുള്ള രണ്ടുപേരുകൾ പുതിയ ഉടമ്പടിയിൻ കീഴിൽ നമുക്കു ലഭിക്കുന്ന രണ്ടു വലിയ നേട്ടങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

1) യേശു- അവിടുന്നു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും (മത്താ. 1:21).

2) ഇമ്മാനുവേൽ–ദൈവം നമ്മോടുകൂടെ (മത്താ. 1:23).

യേശുവെന്ന ആദ്യത്തെ നാമധേയം, നമ്മുടെ പാപങ്ങളെ ദൈവം ക്ഷമിക്കുക മാത്രമല്ല, അവയിൽനിന്നൊരു പൂർണ്ണമായ വിടുതൽ തന്നെ നമുക്കു നൽകുമെന്നു സൂചിപ്പിക്കുന്നു. എങ്കിലും പാപത്തിൽനിന്നുള്ള ഈ പൂർണ്ണവിടുതൽപോലും സുവിശേഷ



**യോഗികളും താപസരുമായിത്തീർന്നു, ലോകത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ഏകാന്തവാസമനുഷ്ഠിച്ചാൽ ദൈവത്തോടുള്ള കൂട്ടായ്മയിൽ ജീവിക്കാൻ കഴിയുമെന്ന് വിജാതീയജനങ്ങൾ ചിന്തിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു നമ്മെ തിരക്കു നിറഞ്ഞ ഐഹികജീവിതരംഗത്തേക്കു തന്നെയാണ് അയച്ചിട്ടുള്ളത് .**

**പാപത്തിന്മേലുള്ള വിജയം കൂടാതെ നമുക്കു ദൈവത്തോടുള്ള ഗാഢമായ ബന്ധത്തിലേക്കു പ്രവേശിക്കുവാൻ സാധ്യമല്ല. ഒരുവൻ സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുകയും ദൈവം തന്നോടുകൂടെയുണ്ടെന്നു സങ്കൽപിക്കുകയും ചെയ്താൽ അവൻ സ്വയം വഞ്ചിക്കുന്നു. പാപത്തിൽനിന്നുള്ള രക്ഷയിലാണ് നാമെല്ലാം ആരംഭിക്കുന്നത്. എന്നാൽ അവിടെത്തന്നെ നാം നിന്നുപോകരുത്.**

ത്തിന്റെ അന്തിമലക്ഷ്യമായിരിക്കുന്നില്ല. അതിനപ്പുറവും ചിലതു ശേഷിക്കുന്നു.

രണ്ടാമത്തെ പേരായ ഇമ്മാനുവേൽ എന്നത് ദൈവം നമ്മോടൊപ്പമായിരിക്കുവാൻ ആഗ്രഹിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. സുവിശേഷത്തിന്റെ അന്തിമലക്ഷ്യം ഇതത്രേ. ദൈവത്തോടു ഗാഢമായ കൂട്ടായ്മയിൽ പ്രവേശിക്കുവാൻ നമുക്കു കഴിയും. ഒന്നാമത്തെ നേട്ടം രണ്ടാമത്തേതിനു വഴിതെളിക്കുന്നു. പാപത്തിന്മേലുള്ള വിജയം കൂടാതെ നമുക്കു ദൈവത്തോടുള്ള ഗാഢമായ ബന്ധത്തിലേക്കു പ്രവേശിക്കുവാൻ സാധ്യമല്ല. ഒരുവൻ സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുകയും ദൈവം തന്നോടുകൂടെയുണ്ടെന്നു സങ്കല്പിക്കുകയും ചെയ്താൽ അവൻ സ്വയം വഞ്ചിക്കുന്നു. പാപത്തിൽനിന്നുള്ള രക്ഷയിലാണ് നാമെല്ലാം ആരംഭിക്കുന്നത്. എന്നാൽ അവിടെത്തന്നെ നാം നിന്നുപോകയുമരുത്.

പൗലൊസ് ഏകാഗ്രഹൃദയത്തോടെ ഒരു ലക്ഷ്യത്തിലേക്കു ഓടിക്കൊണ്ടിരുന്നതായി ഫിലിപ്പിയർ 3:14ൽ പറയുന്നു. ആ ലക്ഷ്യം ക്രിസ്തുയേശുവിൽ ദൈവത്തോടുള്ള ഗാഢമായ കൂട്ടായ്മയായിരുന്നു. ഈ ലക്ഷ്യസിദ്ധിക്കുവേണ്ടി മറ്റുള്ളതിനെയെല്ലാം ചപ്പും ചവറുമെന്ന് അദ്ദേഹം കരുതി. ഈ വിരുതു പ്രാപിപ്പാൻ വേണ്ടിയാണ് ജീവിതത്തിലെ എല്ലാ വിഷമസാഹചര്യങ്ങളിലും തന്റെ ക്രൂശെടുത്തുകൊണ്ട് അദ്ദേഹം മുന്നോട്ടുപോയത്.

യേശു തന്റെ 12 ശിഷ്യന്മാരെ വിളിച്ചപ്പോൾ പിൽക്കാലത്തു താൻ വെളിപ്പെടുത്തിയ ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകളും (ലൂക്കോ. 14:24,27, 33) പാലിക്കുവാൻ അവർ സന്നദ്ധരാണോ എന്ന് അവരോടു ചോദിച്ചില്ല. ആ മൂന്നു വ്യവസ്ഥകൾ ഇവയാണ്.

1) ബന്ധുക്കളെയും കുടുംബാംഗങ്ങളെയും വെറുക്കുക.

2) സ്വന്തജീവനെ വെറുക്കുകയും നാൾ തോറും ക്രൂശെടുക്കുകയും ചെയ്യുക.

3) തനിക്കുള്ളതൊക്കെയും വിട്ടുകളയുക.

ഇവ പാലിക്കുവാൻ നിങ്ങൾക്കു സമ്മതമോ എന്ന് അവരോടു ചോദിച്ചിരുന്നെങ്കിൽ അവർ ഉടൻ തന്നെ ഇങ്ങനെ മറുപടി നൽകുമായിരുന്നു: "കർത്താവേ, അങ്ങയോടുള്ള കൂട്ടായ്മയിൽ നടക്കുവാൻ സാധിക്കുമെങ്കിൽ ഈ മൂന്നു വ്യവസ്ഥകൾ മാത്രമല്ല, വേണ്ടിവന്നാൽ വേറെ മൂന്നൂറു വ്യവസ്ഥകൾ കൂടെ ഞങ്ങൾ പാലിച്ചുകൊള്ളാം."

യേശുവിന്റെ യഥാർത്ഥശിഷ്യന്മാർ ഇന്നും ഇതേ മറുപടി തന്നെ നല്കും. ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ വളരെ ഭാരിച്ചവയോ അല്ലയോ എന്ന് കുത്തിയിരുന്നു ചിന്തിക്കേണ്ട ആവശ്യം അവർക്കില്ല. തങ്ങളുടെ കർത്താവുമായിട്ടുള്ള ഗാഢമായ കൂട്ടായ്മയോടു തട്ടിച്ചു നോക്കുമ്പോൾ മറ്റുള്ളതെല്ലാം





ചപ്പും ചവറുമായി അവർ കരുതുന്നു. നാം യഥാർത്ഥശിഷ്യരോ അല്ലയോ എന്നു തിരിച്ചറിയുവാനുള്ള ഉരകല്ല് ഇതത്രേ.

അങ്ങനെയെങ്കിൽ ആ ശിഷ്യത്വവ്യവസ്ഥകൾ ആർക്കുവേണ്ടിയാണ് യേശു നൽകിയത്? ഭൗതികാനുഗ്രഹങ്ങൾക്കായി തന്റെയടുക്കൽ വന്ന പുരുഷാരത്തിനു തന്നെ. അങ്ങനെയുള്ള ആളുകൾ ആദ്യം തന്നെ ഇരുന്നു ചിന്തിക്കും. ഇത്രയും വ്യവസ്ഥകളൊക്കെ പാലിക്കേണ്ട ആവശ്യമുണ്ടോ എന്ന്. ഒടുവിൽ, "ഓ, ഇതു വളരെക്കടന്ന ഒരു വില തന്നെ" എന്ന് അവരിൽ മിക്കവരും തീരുമാനിക്കുകയും ചെയ്യും.

യേശുവിനു തന്നെയും തന്റെ ജീവിതകാലത്തു പിതാവിന്റെ നിരന്തരസാന്നിദ്ധ്യം തന്നോടൊപ്പമുണ്ടായിരിക്കുക എന്നത് തന്റെ ഏറ്റവും വലിയ വാഞ്ഛയായിരുന്നു. ഒരിക്കൽ തന്റെ ശിഷ്യന്മാരിൽ ഏറിയ പങ്കും പിൻവാങ്ങിപ്പോയപ്പോൾ ശേഷിച്ച പന്ത്രണ്ടു പേരോട് 'നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ?' എന്ന് അവിടുന്നു ചോദിച്ചു (യോഹ. 6:66, 67). അവരും കൂടെപ്പോയിരുന്നെങ്കിലും യേശു അസ്വസ്ഥനാകുകയില്ലായിരുന്നു. എന്നാൽ തന്റെ പിതാവ് ഒരു നിമിഷനേരത്തേക്കെങ്കിലും തന്നെ വിട്ടുപോകുന്നതു സഹിപ്പാൻ അദ്ദേഹത്തിനു സാധ്യമല്ലായിരുന്നു.

"എന്റെ പിതാവ് എന്നെ ഏകനായി വിട്ടിട്ടില്ല" എന്ന് യേശു ഒരിക്കൽ പറയുകയുണ്ടായി (യോഹ. 8:29). പിതാവ് എപ്പോഴും തന്നോടൊപ്പമുണ്ടായിരുന്നു. അതു മതിയായിരുന്നു അവിടുത്തേക്ക്. യേശു തന്റെ ഇഹലോകജീവിതത്തിന്റെ സകല മേഖലകളിലും പിതാവിനു സ്വയം സമർപ്പിച്ചിരുന്നു. ആ കാരണത്താലാണ് പിതാവുമായുള്ള കൂട്ടായ്മയിൽ സദാ ജീവിപ്പാൻ അദ്ദേഹത്തിനു കഴിഞ്ഞത്. ഇതായിരുന്നു യേശുവിന്റെ ജീവിതരഹസ്യം.

**ശിഷ്യത്വവ്യവസ്ഥകൾ ആർക്കുവേണ്ടിയാണ് യേശു നൽകിയത്? ഭൗതികാനുഗ്രഹങ്ങൾക്കായി തന്റെയടുക്കൽ വന്ന പുരുഷാരത്തിനു തന്നെ. അങ്ങനെയുള്ള ആളുകൾ ആദ്യം തന്നെ ഇരുന്നു ചിന്തിക്കും. ഇത്രയും വ്യവസ്ഥകളൊക്കെ പാലിക്കേണ്ട ആവശ്യമുണ്ടോ എന്ന്. ഒടുവിൽ, "ഓ, ഇതു വളരെക്കടന്ന ഒരു വില തന്നെ" എന്ന് അവരിൽ മിക്കവരും തീരുമാനിക്കുകയും ചെയ്യും.**

യേശു നസറേത്തിൽ ജീവിച്ച മുപ്പതു വർഷക്കാലം പിതാവുമായി രഹസ്യകൂട്ടായ്മയിൽ ചെലവഴിച്ച വർഷങ്ങളായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ യേശുവിനെ മതപണ്ഡിതന്മാരോടൊപ്പം ദേവാലയത്തിൽ കണ്ടപ്പോൾ യോസേഫിനോടും മറിയയോടും അവിടുന്നു ഇപ്രകാരം പറയുകയുണ്ടായി: "എന്റെ പിതാവിന്റെ വേലയിൽ ഞാൻ ഇരിക്കേണ്ടതല്ലേ?" (ലൂക്കോസ് 2:49).

എന്തായിരുന്നു പിതാവിന്റെ വേല? സുവിശേഷ പ്രസംഗം, തിരുവെഴുത്തുകളെക്കുറിച്ചുള്ള ചർച്ച ഇതൊക്കെയാണ് യേശു ഉദ്ദേശിച്ചതെന്നു നാം ചിന്തിച്ചേക്കാം. യോസേഫും മറിയയും കൂടെ ഈ വിധത്തിൽ ചിന്തിച്ചിരിക്കാം. എന്നാൽ യേശു ഉദ്ദേശിച്ച കാര്യം അതായിരുന്നില്ല. അതുകൊണ്ടാണ്-'അവൻ തങ്ങളോടു പറഞ്ഞ വാക്ക് അവർ ഗ്രഹിച്ചില്ല' എന്ന് തിരുവെഴുത്തിൽ പറയുന്നത് (ലൂക്കോ. 2:50).

യേശുവിനെ സംബന്ധിച്ചിടത്തോളം തന്റെ പിതാവിന്റെ വേലയെന്നത് എല്ലാ കാര്യങ്ങളിലും പിതാ

**യേശുവിന് തന്റെ പിതാവിന്റെ വേല ചെയ്യുക എന്നത് ജീവിതത്തിലെ ഏതൊരു പ്രത്യേക കാലഘട്ടത്തിലും പിതാവ് ഇച്ഛിക്കുന്ന അതേ കാര്യം ചെയ്യുക എന്നതായിരുന്നു. ഇതു നിറവേറ്റുന്നതിലേക്ക് യേശുവിന് തുടർച്ചയായിത്തന്നെ തന്റെ ഹിതം പരിത്യജിക്കേണ്ടത് ആവശ്യമായിരുന്നു. ഈയൊരു കാര്യം ചെയ്യുവാനാണ് അവിടുന്ന് ഭൂമിയിലേക്കു വന്നത്. ഈ വിധത്തിൽ മാത്രമാണ് പിതാവുമായി നിരന്തരമായ കൂട്ടായ്മയിൽ വസിപ്പാൻ സാധിക്കുകയെന്ന് അവിടുന്നു മനസ്സിലാക്കിയിരുന്നു.**

വിന്റെ ഹിതം ചെയ്യുക എന്നതായിരുന്നു. അതിനാലാണ് യെരുശലേമിൽനിന്നു മടങ്ങിയശേഷം 'യേശു അവരോടുകൂടെ ഇറങ്ങി നസറേത്തിൽ വന്ന് അവർക്ക് കീഴടങ്ങിയിരുന്നു' എന്നു നാം വായിക്കുന്നത് (ലൂക്കോസ് 2: 51). അവിടുന്നു യോസേഫിനും മറിയയ്ക്കും കീഴടങ്ങിയിരിക്കുക എന്നതും പിതാവിന്റെ വേലയായിരുന്നു.

യേശുവിന് തന്റെ പിതാവിന്റെ വേല ചെയ്യുക എന്നത് ജീവിതത്തിലെ ഏതൊരു പ്രത്യേക കാലഘട്ടത്തിലും പിതാവ് ഇച്ഛിക്കുന്ന അതേ കാര്യം ചെയ്യുക എന്നതായിരുന്നു. ഇതു നിറവേറ്റുന്നതിലേക്ക് യേശുവിന് തുടർച്ചയായിത്തന്നെ തന്റെ ഹിതം പരിത്യജിക്കേണ്ടത് ആവശ്യമായിരുന്നു. ഈയൊരു കാര്യം ചെയ്യുവാനാണ് അവിടുന്ന് ഭൂമിയിലേക്കു വന്നത് (യോഹ. 6:38 നോക്കുക.). ഈ വിധത്തിൽ മാത്രമാണ് പിതാവുമായി നിരന്തരമായ കൂട്ടായ്മയിൽ വസിപ്പാൻ സാധിക്കുകയെന്ന് അവിടുന്നു മനസ്സിലാക്കിയിരുന്നു.

യേശു അഭിമുഖീകരിച്ച എല്ലാ വൈഷമ്യങ്ങളിലും പരീക്ഷകളിലും അവിടുന്നു സന്തോഷപൂർവ്വം ക്രൂശിനെ സഹിച്ചിരുന്നു. കാരണം, അങ്ങനെ ജഡത്തിന്റെ മരണം താൻ തിരഞ്ഞെടുക്കുന്ന പക്ഷം ഒരു വലിയ സന്തോഷം തനിക്കു മുമ്പിൽ വയ്ക്കപ്പെട്ടിട്ടുണ്ടെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു (എബ്രാ. 12:2). ഇതിനുവേണ്ടിയാണ് അവിടുന്നു വാഞ്ഛിച്ചിരുന്നത്. തന്മൂലം അവിടുന്നു മരണംവരെയും അനുസരണമുള്ളവനായിത്തീർന്നു. പിതാവു തനിക്കു നൽകിയ കൈപ്പു നിറഞ്ഞ പാനപാത്രം അവിടുന്നു കുടിച്ചു. നമ്മിൽ ഏതൊരാൾക്കും പിതാവിനോടുള്ള ഗാഢമായ കൂട്ടായ്മ എങ്ങനെ പ്രാപിക്കുവാൻ കഴിയുമെന്ന് നമുക്ക് മുന്നോടിയെന്ന നിലയിൽ ഇപ്രകാരം യേശു കാണിച്ചുതന്നു.

യോഗികളും താപസരുമായിത്തീർന്ന്, ലോകത്തിന്റെ തിരക്കുകളിൽനിന്നൊഴിഞ്ഞ് ഏകാന്തവാസമനുഷ്ഠിച്ചാൽ ദൈവത്തോടുള്ള കൂട്ടായ്മയിൽ ജീവിക്കാൻ കഴിയുമെന്ന് വിജാതീയ ജനങ്ങൾ ചിന്തിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു നമ്മെ തിരക്കു നിറഞ്ഞ ഐഹികജീവിതരംഗത്തേക്കു തന്നെയാണു അയച്ചിട്ടുള്ളത് (യോഹ. 17:18). നാം ദൈവവുമായി ഗാഢസമ്പർക്കത്തിൽ ജീവിക്കേണ്ടത് ഒരു യോഗിവാടത്തിലോ വിജനമായ വനാന്തരത്തിലോ അല്ല; നേരേമറിച്ച് ഭൗമികജീവിതബന്ധങ്ങളുടെ മധ്യത്തിൽ നമ്മുടെ ഭവനങ്ങളിലും ജോലിസ്ഥലങ്ങളിലും മാതാപിതാക്കളോടും വിവാഹപങ്കാളിയോടും മക്കളോടും ബന്ധുജനങ്ങളോടും അയൽക്കാരോടും സഹപ്രവർത്തകരോടുമൊപ്പം തന്നെയാണ്. നാം ഹൃദയവിശുദ്ധിയുള്ളവരെങ്കിൽ ഇവിടെയല്ലാം ദൈവത്തെ കാണുവാൻ നമുക്കു കഴിയും. എല്ലാ





സ്ഥലത്തും അവിടത്തോടുള്ള ഭാഗ്യകരമായ കൂട്ടായ്മ അനുഭവിപ്പാനും സാധ്യമത്രേ.

നമ്മുടെ ജീവിതത്തിലെ സാഹചര്യങ്ങളും സന്ദർഭങ്ങളും ദൈവത്താൽ മുൻ നിർണ്ണയിക്കപ്പെട്ടവയാണെന്നു ബൈബിൾ പഠിപ്പിക്കുന്നു (അപ്പോ. പ്രവൃ. 17:26). ദൈവത്താൽ നിർണ്ണയിക്കപ്പെട്ട ഈ അതിരുകൾക്കുള്ളിൽ സന്തോഷത്തോടെ ജീവിക്കുന്ന ഒരുവന് ദൈവം തന്നിൽനിന്ന് അകലെയല്ലെന്നും നേരേമറിച്ച് വളരെ സമീപസ്ഥനാണെന്നും കണ്ടെത്തുവാൻ കഴിയും (അപ്പോ. പ്രവൃ. 17:17).

നിങ്ങളോടൊപ്പമുള്ള ആളുകൾ എത്ര വിഷമം പിടിച്ചവരായിരുന്നാലും, നിങ്ങൾ കടന്നുപോകേണ്ട സാമ്പത്തികഞെരുക്കം എത്ര രൂക്ഷമായാലും, നിങ്ങളുടെ ഭൗതികസാഹചര്യങ്ങൾ എത്ര ദുർഘടമായിരുന്നാലും നിങ്ങൾ ആ സാഹചര്യങ്ങളെ സന്തോഷപൂർവം സ്വീകരിക്കുമെങ്കിൽ ദൈവവുമായി ഗാഢമായ സമ്പർക്കവും കൂട്ടായ്മയും അനുഭവിക്കുന്ന ഒരു ജീവിതത്തിലേക്കു നിങ്ങൾ പ്രവേശിക്കും. അപ്പോസ്തലനായ പൗലോസ് പറഞ്ഞിട്ടുള്ളതുപോലെ 'ദൈവം നമുക്കാർക്കും അകന്നിരിക്കുന്നവനല്ല.' തന്റെ സർവോന്നതാധികാരത്തിൽ അവിടുന്നു നമ്മെ ആക്കിവച്ചിരിക്കുന്ന സാഹചര്യങ്ങളുടെ മധ്യത്തിൽ നമുക്ക് അവിടുത്തെ തപ്പിനോക്കി കണ്ടെത്താവുന്നതാണ് (അപ്പോ. പ്രവൃ. 17:27).

ദൈവം സ്വർഗാധിസ്വർഗങ്ങൾക്കു മീതേ വസിക്കുന്നവനെങ്കിലും താൻ മനുഷ്യർക്കായി നിയമിച്ചിട്ടുള്ള സാഹചര്യങ്ങളെ സന്തോഷപൂർവം കൈക്കൊള്ളുന്നവർക്കു അവിടുന്നു ഏറ്റവും സമീപസ്ഥനത്രേ. ആ സാഹചര്യങ്ങളിൽ അവർക്ക് അവിടുന്നു തന്റെ മഹത്വകരമായ കൂട്ടായ്മ നൽകുകയും ചെയ്യുന്നു. അവിടുത്തേക്കു യാതൊരു പക്ഷഭേദവുമില്ലാത്തതിനാൽ

**നാം ദൈവവുമായി ഗാഢസമ്പർക്കത്തിൽ ജീവിക്കേണ്ടത് ഒരു യോഗിവാടത്തിലോ വിജനമായ വനാന്തരത്തിലോ അല്ല; നേരെമറിച്ച് ഭൗമിക ജീവിതബന്ധങ്ങളുടെ മധ്യത്തിൽ നമ്മുടെ ഭവനങ്ങളിലും ജോലിസ്ഥലങ്ങളിലും മാതാപിതാക്കളോടും വിവാഹപങ്കാളിയോടും മക്കളോടും ബന്ധുജനങ്ങളോടും അയൽക്കാരോടും സഹപ്രവർത്തകരോടുമൊപ്പംതന്നെയാണ്. നാം ഹൃദയവിശുദ്ധിയുള്ളവരെങ്കിൽ ഇവിടെയല്ലാം ദൈവത്തെ കാണുവാൻ നമുക്കു കഴിയും.**

നമുക്കെല്ലാം ഒരുപോലെ തന്നെ അവിടുത്തെ കൂട്ടായ്മ അനുഭവിപ്പാൻ സാധ്യമാണ്. അതിനാൽ നമുക്ക് ഏതെങ്കിലുമൊരു സാഹചര്യത്തിൽ പരാതിപ്പെടുവാനോ പിറുപിറുക്കുവാനോ യാതൊരാവശ്യവുമില്ല.

എന്നാൽ കഷ്ടമെന്നു പറയട്ടെ. ഭൂരിപക്ഷം വിശ്വാസികളും അങ്ങനെയൊരു ജീവിതത്തിലേക്കു വന്നെത്തിയിട്ടില്ല. തങ്ങൾക്കു ദൈവം നിയമിച്ചിട്ടുള്ള ജീവിതസാഹചര്യങ്ങളെപ്പറ്റി അവർ മിക്കപ്പോഴും പരാതി പറയുന്നവരാണ്. ഒരു പ്രയാസമുള്ള ഭാര്യയെയോ ഭർത്താവിനെയോ കുറിച്ചോ, മരുമകളെയോ അമ്മാവിയമ്മയെയോ കുറിച്ചോ മത്സരികളായ മക്കളെക്കുറിച്ചോ, താണ ശമ്പളം, രോഗബാധ എന്നിവയെക്കുറിച്ചോ പരാതിപ്പെടുന്നവരാണിവർ. തങ്ങളുടെ ബന്ധുജനങ്ങൾ, കാരണം കൂടാതെ തങ്ങളെ ദ്വേഷിക്കുന്ന അയൽക്കാർ, കഠിനചിത്തനായ തന്റെ വീട്ടുടമസ്ഥൻ, മേലുദ്യോഗസ്ഥൻ ഇവരെക്കുറിച്ചെല്ലാം അവർ പരാതിപ്പെടുന്നു. ഇപ്രകാരം പരാതിപറയുന്ന ഒരു വിശ്വാസിക്കും

**നിങ്ങളോടൊപ്പമുള്ള ആളുകൾ എത്ര വിഷമം പിടിച്ചവരായിരുന്നാലും, നിങ്ങൾ കടന്നുപോകേണ്ട സാമ്പത്തിക ഞെരുക്കം എത്ര രൂക്ഷമായാലും, നിങ്ങളുടെ ഭൗതികസാഹചര്യങ്ങൾ എത്ര ദുർഘടമായിരുന്നാലും നിങ്ങൾ ആ സാഹചര്യങ്ങളെ സന്തോഷപൂർവം സ്വീകരിക്കുമെങ്കിൽ ദൈവവുമായി ഗാഢമായ സമ്പർക്കവും കൂട്ടായ്മയും അനുഭവിക്കുന്ന ഒരു ജീവിതത്തിലേക്കു നിങ്ങൾ പ്രവേശിക്കും.**

ദൈവം ഒരിക്കലും സമീപസ്ഥനായിത്തീരുന്നില്ല. നേരേമറിച്ച് അവിടുന്നു അവരിൽനിന്നു വളരെ വളരെ അകലത്തിലാണ്.

അത്തരം വിശ്വാസികൾ-'നാം അനേകം കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ (അതായത് അവിടുത്തോടുള്ള കൂട്ടായ്മയിൽ) കടക്കേണ്ടതാണ്' എന്ന കാര്യം മനസ്സിലാക്കിയിട്ടില്ല. ജീവങ്കലേക്കുള്ള വാതിൽ വളരെച്ചെറുതെന്നും (ജീവൻ=ദൈവത്തോടുള്ള കൂട്ടായ്മ) അതിലേക്കുള്ള വഴി വളരെ ഇടുക്കമുള്ളതെന്നും അവർ ഗ്രഹിച്ചിട്ടില്ല. നാം അവിടുത്തോടുകൂടി കഷ്ടമനുഭവിച്ചാൽ മാത്രമേ അവിടുത്തോടൊപ്പം വാഴുകയുള്ളു, ക്രിസ്തുവിനോടൊപ്പം തേജസ്കരിക്കപ്പെടുകയുള്ളുവെന്ന പരമാർത്ഥവും അവർ കണ്ടെത്തിയിട്ടില്ല (അപ്പോ. പ്രവൃ. 14: 22; മത്തായി 7:14; റോമർ 8:17;2 തിമോ. 2:12).

നേരേമറിച്ച് ഇത്തരം വിശ്വാസികൾ എപ്പോഴും മുമ്പിൽ കാണുന്നത് തങ്ങളുടെ പീഡനങ്ങൾ, ഇടുങ്ങിയ വാതിൽ, ഞെരുക്കമുള്ള വഴി, കഷ്ടതകൾ എന്നിവ മാത്രമാണ്. ഈ കാര്യങ്ങളെല്ലാം ഇവരുടെ ദൃഷ്ടിയിൽ വളരെ ക്ലേശകരമായും യാതന നിറഞ്ഞതായും കാണപ്പെടുന്നു. തൽഫലമായി കർത്താവിനെ പിന്തുടരുന്നതിനു നൽകേണ്ടിവരുന്ന വമ്പിച്ച വിലയെപ്പറ്റി അവർ എപ്പോഴും പരാതി പറയുന്നു.

എന്നാൽ അന്നത്തെ ശിഷ്യന്മാരെപ്പോലെ ഇന്നു പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിന്തുടരുന്ന വിശ്വാസികൾ ഇതേ സാഹചര്യങ്ങളിൽത്തന്നെ നിത്യജീവനും മഹത്വവും പിതാവുമായിട്ടുള്ള ഗാഢമായ കൂട്ടായ്മയും ക്രിസ്തുവിനോടൊപ്പം വാഴുവാനുള്ള സാധ്യതയും കാണുന്നു. തന്മൂലം അവർ സന്തോഷിക്കുന്നു. ഈ വിലപിടിച്ച നിക്ഷേപങ്ങൾ എറിഞ്ഞു കളയുമാറ് വലിയൊരു പങ്ക് ആളുകൾ മുഢരായിപ്പോയത് എത്ര പരിതാപകരം! ഭൂമിയുടെ ഉപരിതലത്തിനു കീഴിൽ മനുഷ്യദൃഷ്ടിക്ക് അദൃശ്യമായി അനേകവർഷക്കാലം സമ്മർദ്ദമേറ്റു കഴിയുന്നതിന്റെ ഫലമായിട്ടാണ് യഥാർത്ഥ രത്നങ്ങൾ രൂപംകൊള്ളുന്നത് എന്നോർക്കുക.

ദൈവം തന്റെ എല്ലാ മക്കളെയും നാൾതോറും ക്രൂശുവഹിക്കുന്ന ഇടുങ്ങിയ വഴിയിലൂടെപ്പോകുവാൻ വിളിക്കുന്നു. കാരണം, അവിടുത്തോടൊപ്പം ഗാഢസമ്പർക്കം പുലർത്തുവാൻ കഴിയുന്ന മാർഗം അതൊന്നു മാത്രമാണ്: മറ്റൊരു വഴിയും ഇല്ല.

യേശു തന്റെ ഐഹികജീവിതത്തിലൂടനീളം ഈ വഴിയിലൂടെ നടന്നു. അങ്ങനെയാണ് അവിടുന്ന് താൻ ഇപ്പോൾ ആയിരിക്കുന്ന പിതാവിന്റെ വലത്തുഭാഗത്തു വന്നുചേർന്നിട്ടുള്ളത് (എബ്രാ. 12:2).

വിശാലവും സുഗമവുമായ വഴി തിരഞ്ഞെടുക്കുന്നവരിൽ നിന്നു ദൈവം വളരെയധികം അകലത്തിലാണ്. മറ്റൊരാളെ വിവാഹം ചെയ്തിരുന്നുവെങ്കിൽ ജീവിതം വളരെ മെച്ചമാകുമായിരുന്നുവെന്നോ, ഇപ്പോഴുള്ളതിൽ നിന്നും

**(ശേഷം പേജ് 30 ൽ)**



മൂകസന്ദേശം-10

# ദിശതെറ്റാതെ കൂടണയുന്ന 'സന്ദേശ'പ്രാവുകൾ

**സന്ദീപ് പുന്നൻ**

**ന**മ്മുടെ നാട്ടിൽ സർവ്വസാധാരണമായി കണ്ടുവരുന്ന പ്രാവുകളെ ആരാണ് ഇഷ്ടപ്പെടാത്തത്? പ്രാചീനകാലം മുതൽ ഭാരതത്തിലും ഇതര രാജ്യങ്ങളിലും സന്ദേശവാഹകരായി ഒരു തരം പ്രാവുകളെ ഉപയോഗിച്ചിരുന്നു. ദീർഘദൂരം വഴിതെറ്റാതെ യാത്ര ചെയ്ത് സ്വന്തം കൂട്ടിലെത്താനുള്ള അവയുടെ കഴിവ് തിരിച്ചറിഞ്ഞ മനുഷ്യർ കമ്പിത്തപാലുകൾ നിലവിൽ വരുന്നതിന് എത്രയോ മുമ്പ് പ്രാവുകളെ ലഘുസന്ദേശങ്ങൾ കൈമാറാൻ ഉപയോഗിച്ചുതുടങ്ങി. ഈ-മെയിലുകൾ ഇല്ലാതിരുന്ന കാലത്ത് ഭാരം കുറഞ്ഞ ഒരു ചെറിയ കുഴലിൽ നേർത്ത കടലാസിൽ കുറിച്ച സന്ദേശങ്ങളുമായി ദീർഘദൂരം പറന്ന് ഇവ ലക്ഷ്യസ്ഥാനത്ത് എത്തിയിരുന്നു, ഇത് അത്ഭുതകരമായിത്തോന്നാം. "പ്രാവിൻതപാൽ" ഭാരതത്തിന്റെ ചരിത്രത്തിലും സ്ഥാനം പിടിച്ചിരുന്നു. മൈസൂരിലെ ടിപ്പു സുൽത്താൻ സന്ദേശങ്ങൾ അയയ്ക്കാൻ പ്രാവുകളെ ഉപയോഗിച്ചിരുന്നു. സന്ദേശങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചശേഷം സന്ദേശപ്രാവുകൾ ശ്രീരംഗപട്ടണത്തെ ജുമാമസ്ജിത് എന്ന മോസ്ക്കിൽ എത്തിയിരുന്നു. അന്നത്തെ ചില പ്രാവിൻ കൂടുകൾ ഇന്നും സന്ദർശകർക്ക് കാണാം. അടുത്ത കാലം വരെ ഒറീസ്സയിൽ പ്രകൃതിക്ഷോഭം മൂലം വാർത്താവിനിമയസംവിധാനം നിലച്ച സ്ഥലങ്ങളിൽ അടിയന്തിരസന്ദേശങ്ങൾ എത്തിക്കാൻ പ്രാവുകളെ ഉപയോഗിച്ചിരുന്നു എന്ന് വായിച്ചതോർക്കുന്നു.

നേരത്തേ സന്ദർശിച്ചിട്ടില്ലാത്ത വിദൂരസ്ഥലങ്ങളിൽ നിന്നും വഴിതെറ്റാതെ പ്രാവുകൾ എങ്ങനെ സ്വന്തം കുടുകളിൽ മടങ്ങിയെത്തുന്നു എന്ന കാര്യം നിങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടോ? ഈ അന്വേഷണം എന്നെ തികച്ചും രസകരമായതും ആത്മീയ പാഠങ്ങൾ നൽകുന്നതുമായ ചില കണ്ടെത്തലുകളിലേക്ക് നയിച്ചു. മിക്ക ഗവേഷകന്മാരുടെയും അഭിപ്രായത്തിൽ പ്രാവുകൾ സ്വന്തം വീട്ടിലേക്കുള്ള വഴി കണ്ടെത്തുന്നത് "ഭൂപടവും വടക്കു നോക്കിയന്ത്രവും" ചേർന്നുള്ള ഒരു സംവിധാനത്തിലൂടെയാണ്. ആന്തരികമായ 'ഭൂപടം' ഏതു ദിശയിൽ പറന്നാൽ വീട്ടിൽ എത്താം എന്ന അറിവ് നൽകുമ്പോൾ 'വടക്കു നോക്കിയന്ത്രം' ആ ദിശയിൽ പറക്കുവാൻ പ്രാവുകളെ സഹായിക്കുന്നു. പ്രാവുകൾ തെറ്റാതെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനെപ്പറ്റി ചർച്ചകൾ തുടരുമ്പോൾ തന്നെ ഗവേഷകർ ഏകകണ്ഠമായി സമ്മതിക്കുന്നു, പ്രാവുകളുടെ "വടക്കുനോക്കിയന്ത്രം" സൂര്യനോ, ഭൂമിയുടെ കാന്തവലയമോ, രണ്ടുംകൂടിയോ ആണെന്ന്.

പരീക്ഷണങ്ങളിൽ ഗവേഷകർ

**ഒരു തകർന്ന സ്നേഹബന്ധമാകാം, തൊഴിൽ കണ്ടെത്തുന്നതിലെ പരാജയമാകാം, ബുദ്ധിമുട്ടിക്കുന്ന സഹപ്രവർത്തകനാകാം, ഒരു സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ടതാകാം. സാഹചര്യം എന്തുതന്നെ ആയാലും നമ്മുടെ ആകാശം മേഘാവൃതമാകുമ്പോൾ യേശുവിനെ നാം വ്യക്തമായി കാണാതാകുന്നു. ഏകാന്തതയും നഷ്ടബോധവും നമ്മെ ഭരിക്കുന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട പ്രാവുകളെപ്പോലെ നാം ആയിത്തീരുന്നു.**

കണ്ടെത്തി, തെളിഞ്ഞ അന്തരീക്ഷത്തിൽ സൂര്യനാണ് പ്രാവുകളുടെ 'കോമ്പസ്' എന്ന്. എന്നാൽ മൂടിക്കെട്ടിയ അന്തരീക്ഷത്തിലും ഭൂമിയുടെ കാന്തവലയത്തെപ്പറ്റി ബോദ്ധ്യമുള്ളപ്പോൾ ലക്ഷ്യം തെറ്റാതെ പ്രാവുകൾ വീട്ടിലെത്തിയിരുന്നു. ശക്തിയുള്ള കാന്തദണ്ഡുകൾ പ്രാവുകളുടെ കാലുകളിൽ കെട്ടിവച്ചപ്പോൾ ഭൂമിയുടെ സ്വാഭാവിക കാന്തവലയത്തെപ്പറ്റി അവ്യക്തത ഉണ്ടാകയും ലക്ഷ്യം തെറ്റുകയും ചെയ്തിരുന്നു. എന്നാൽ കാന്തശക്തിയില്ലാത്ത പിത്തളദണ്ഡുകൾ കാലിൽ കെട്ടിവച്ചപ്പോൾ ബുദ്ധിമുട്ടുകൂടാതെ പ്രാവുകൾ ശരിയായ ദിശയിൽ പറന്നിരുന്നു. കാരണം ഭൂമിയുടെ കാന്തവലയം പ്രയോജനപ്പെടുത്താൻ അപ്പോൾ അവയ്ക്കു കഴിഞ്ഞിരുന്നു!!

കാന്തദണ്ഡുകൾ പ്രാവുകൾക്ക് ഭൂമിയുടെ കാന്തവലയത്തെപ്പറ്റിയുള്ള ബോധം നഷ്ടപ്പെടുത്തുന്നതിനെപ്പറ്റി മനസ്സിലാക്കിയപ്പോൾ ലോകത്തിന്റെ കാന്തദണ്ഡുകൾ ഒരു ക്രിസ്ത്യാനിയുടെ ആത്മീയദിശാബോധം നഷ്ടപ്പെടുത്തുന്ന കാര്യം ഓർത്തുപോയി.

യേശുവിനെ അനുഗമിക്കുന്ന കാര്യത്തിൽ നമ്മിൽ മിക്കവർക്കും ആത്മാർത്ഥമായ ആഗ്രഹം ഉണ്ട്. എങ്കിലും എത്രവേഗത്തിലാണ് അവിടുത്തെ വഴികൾ ഗ്രഹിക്കാൻ കഴിയാതെ നാം നമ്മുടെ സ്വന്തവഴികൾ തെരഞ്ഞെടുക്കുന്നത്! സൂര്യപ്രകാശമുള്ള സമയത്ത് പ്രാവുകളെപ്പോലെ അന്തരീക്ഷം തെളിഞ്ഞതും പ്രകാശമാനവും ആയിരിക്കുമ്പോൾ നാമും ദൈവപുത്രന്റെ അനുയായികളായിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ നമ്മോടൊപ്പം നടക്കുന്ന നീതിസൂര്യനെ നാം കാണുന്നതിനാൽ അവനെ അനുഗമിക്കുവാൻ നാം ഉത്സുകരാണ്. എന്നാൽ പെട്ടെന്ന് നമ്മുടെ ചക്രവാളം മേഘാവൃതമാകുന്നു. ദുർഘടസമയങ്ങളിൽ ദൈവപുത്രനായ സൂര്യൻ നമുക്ക് ദൃശ്യനല്ലാതാവുന്നു. ഒരു തകർന്ന സ്നേഹബന്ധമാകാം, തൊഴിൽ കണ്ടെത്തുന്നതിലെ പരാജയമാകാം, ബുദ്ധിമുട്ടിക്കുന്ന സഹപ്രവർത്തകനാകാം, ഒരു സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ടതാകാം. സാഹചര്യം എന്തുതന്നെ ആയാലും നമ്മുടെ ആകാശം മേഘാവൃതമാകുമ്പോൾ യേശുവിനെ നാം വ്യക്തമായി കാണാതാകുന്നു. ഏകാന്തതയും നഷ്ടബോധവും നമ്മെ ഭരിക്കുന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട പ്രാവുകളെപ്പോലെ നാം ആയിത്തീരുന്നു.

നമ്മുടെ ഭൂതകാലത്തെ ദുസ്വാഭവങ്ങളുടെ ഓർമ്മകൾ വീണ്ടും ശക്തമായ പരീക്ഷ ഉളവാക്കാം. ഈ ലോകത്തിന്റെ ഉല്ലാസങ്ങൾ കൂടുതൽ ആകർഷകവും ദൈവവചനം വിരസവും ആയിത്തീരാം. അപ്പോൾ നാം നാശകരമായ ചിന്തകളിലേക്കും സ്വയത്തിന്റെ ആനന്ദങ്ങളിലേക്കും വീണ്ടും തിരിഞ്ഞെന്നുവരാം. നമ്മുടെ ജീവിതത്തിലെ കാർമേഘം മൂടിയ സമയങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ ശ്രദ്ധതിരിക്കാൻ പിശാച് ഉപയോഗിക്കുന്ന കാന്തദണ്ഡുകളായിട്ടാണ് മുകളിൽ പറഞ്ഞ കാര്യങ്ങളെ ഒക്കെ ഞാൻ കാണുന്നത്.





നാം നിരുത്സാഹതയിലും നിരാശയിലും ആണെന്ന് കാണുമ്പോൾ പിശാച് അടുത്തുവരും. ദൈവത്തോടുള്ള നമ്മുടെ നടപ്പിൽ നിന്നും നമ്മുടെ ശ്രദ്ധതിരിച്ച് ആകർഷകവും വശ്യവുമായ ലോകത്തിന്റെ കാര്യങ്ങളാകുന്ന ശക്തിയുള്ള കാന്തങ്ങളുമായി അപ്പോഴാണ് അവൻ വരുന്നത്. അപ്പോൾ നാം അത്യന്തം ജാഗ്രതയുള്ളവരല്ലെങ്കിൽ ഈ ലോകത്തിന്റെ ശക്തമായ കാന്തികവലയത്തിൻ നാം ആകൃഷ്ടരായിപ്പോകും. നമ്മുടെ സുഹൃദ്ബന്ധങ്ങളും മുൻഗണനകളും ഈ ലോകത്തിന്റെ നിലവാരം അനുസരിച്ച് നാം ചിട്ടപ്പെടുത്തും. ഈ ലോകത്തിന്റെ മൂല്യബോധം ക്രമേണ നമ്മുടേതായിത്തീരും.

റോമാലേഖനം പന്ത്രണ്ടാം അദ്ധ്യായത്തിന്റെ രണ്ടാമത്തെ വചനത്തിൽ ഈ ലോകത്തോട് അനുരൂപപ്പെടരുത് എന്നു പൗലൊസ് പറഞ്ഞിരിക്കുന്ന കാര്യം ഒരു മുന്നറിയിപ്പായി നാം എടുക്കണം. മനസ്സുപുതുക്കി രൂപാന്തരപ്പെടുകയാണ് അതിനുള്ള വഴി. പാപകരമായ നമ്മുടെ ജീവിതരീതിക്ക് രൂപാന്തരമുണ്ടാകണം. നമ്മുടെ പാപസ്വഭാവങ്ങൾക്ക് മാറ്റം വരണം. നമ്മുടെ പാപകരമായ മനോഭാവങ്ങൾ വ്യത്യാസപ്പെടണം. മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടാനാണ് പൗലൊസിന്റെ ആഹ്വാനം. നമുക്കുവേണ്ടിയുള്ള മഹത്തായ ദൈവവാഗ്ദാനങ്ങൾ, ദൈവത്തിന്റെ വലിപ്പം, നമ്മുടെ പാപങ്ങൾ ക്ഷമിച്ച് ഭൂതകാല പാപങ്ങൾ കഴുകി നമ്മെ ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ അളവറ്റ കരുണ-ഇത്യാദി കാര്യങ്ങൾ ധ്യാനിക്കുന്നത് നമ്മുടെ മനസ്സിന് പുതുക്കം നൽകും, നിശ്ചയം. വിശുദ്ധനും പരിപൂർണ്ണനുമായ ദൈവപിതാവിന്റെ പുത്രീപുത്രന്മാരാണ് നാം എന്നുള്ള ബോധം നമ്മെ ഭരിക്കുമ്പോൾ നാം പുതുക്കപ്പെടും.

നമ്മുടെ മനസ്സ് പുതുക്കപ്പെടുമ്പോൾ നമ്മുടെ 'വടക്കുനോക്കിയന്ത്രം' വീണ്ടും യഥാസ്ഥാനപ്പെടുകയാണ്. പിശാചിന്റെ ശ്രദ്ധതിരിക്കുന്ന കാന്തശക്തികളെ തിരസ്കരിച്ച് ദൈവവചനത്തെ നമ്മുടെ ധാർമ്മിക 'വടക്കുനോക്കിയന്ത്രമായി' നാം കണ്ടെത്തുന്നു.

**പ്രകാശമുള്ള ദിവസങ്ങളിൽ നമ്മുടെ ജീവിതത്തിൽ യേശുവിനെ നാം എളുപ്പം കാണും. അപ്പോൾ നാം സന്തുഷ്ടരാണ്. എന്നാൽ ആകാശം മേഘാവൃതമാകുമ്പോഴും ദൈവത്തെക്കുറിച്ചുള്ള സത്യത്തിലേക്ക് ദിശ തിരിക്കുന്ന പുതുക്കപ്പെട്ട മനസ്സ് എന്ന 'വടക്കുനോക്കിയന്ത്രം' നമുക്കുണ്ടാവണം. ദൃശ്യപ്രപഞ്ചത്തിൽ കാർമേഘങ്ങൾ സൂര്യപ്രകാശത്തിന് വഴിമാറുന്നതുപോലെ നമ്മുടെ ജീവിതത്തിലെ കാർമേഘങ്ങളും മാറും. ദൈവപുത്രൻ നീതിസൂര്യനായി വീണ്ടും പ്രകാശിക്കും.**

പ്രകാശമുള്ള ദിവസങ്ങളിൽ നമ്മുടെ ജീവിതത്തിൽ യേശുവിനെ നാം എളുപ്പം കാണും. അപ്പോൾ നാം സന്തുഷ്ടരാണ്. എന്നാൽ ആകാശം മേഘാവൃതമാകുമ്പോഴും ദൈവത്തെക്കുറിച്ചുള്ള സത്യത്തിലേക്ക് ദിശ തിരിക്കുന്ന പുതുക്കപ്പെട്ട മനസ്സ് എന്ന 'വടക്കുനോക്കിയന്ത്രം' നമുക്കുണ്ടാവണം. ദൃശ്യപ്രപഞ്ചത്തിൽ കാർമേഘങ്ങൾ സൂര്യപ്രകാശത്തിന് വഴിമാറുന്നതുപോലെ നമ്മുടെ ജീവിതത്തിലെ കാർമേഘങ്ങളും മാറും. ദൈവപുത്രൻ നീതിസൂര്യനായി വീണ്ടും പ്രകാശിക്കും. ഒരു ദിവസം അവിടുന്ന് മടങ്ങിവരുമ്പോൾ എല്ലാ കാർമേഘങ്ങളും എന്നേക്കുമായി മാറിപ്പോകയും നാം അവിടത്തെ മുഖം നട്ടുച്ചനേരത്തേ സൂര്യപ്രഭപോലെ പ്രകാശിതമായിക്കാണുകയും ചെയ്യും!

# ബെറ്റി ഓൾസൻ: മരിക്കുന്നത് ലാഭം

മാത്യു ജോർജ്

**പ**ത്തൊമ്പതാം നൂറ്റാണ്ടിൽ ധാരാളം മിഷനറിമാർ ചൈനയിലേക്ക് പോയെങ്കിലും ചൈനയുടെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന വിയറ്റ്നാം, ലാവോസ്, കംബോഡിയ തുടങ്ങിയ ബുദ്ധമതവിശ്വാസികൾ തിങ്ങിനിറഞ്ഞ, ഇൻഡോ-ചൈന എന്ന ഭൂപ്രദേശത്തേക്ക് ആരും ശ്രദ്ധതിരിച്ചിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ മാത്രമാണ് പ്രോട്ടസ്റ്റന്റ് മിഷനറിമാർ ഇൻഡോ-ചൈനയിലേക്ക് പ്രവേശിച്ചത്. ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ് എന്ന മിഷനറി സംഘടനമാത്രമാണ് ഈ പ്രദേശങ്ങളിൽ സുവിശേഷീകരണദൗത്യം നിർവ്വഹിച്ചിരുന്നത്. തദ്ദേശവാസികൾ സുവിശേഷത്തോട് ആഭിമുഖ്യം കാണിച്ചിരുന്നെങ്കിലും ഭരണകർത്താക്കളുടെ ശക്തമായ എതിർപ്പുമൂലം ക്രിസ്തീയമിഷനറിമാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. 1954 ൽ ഫ്രഞ്ചുകാർ വിയറ്റ്നാം വിടുമ്പോൾ ആ രാജ്യത്തെ രണ്ടായി വിഭജിച്ചശേഷമാണ് യാത്രപറഞ്ഞത്. കമ്യൂണിസ്റ്റ് ഗറില്ലകളുടെ നിയന്ത്രണത്തിലായ ഉത്തരവിയറ്റ്നാമിൽ പല മിഷനറിമാർക്കും ജീവൻ നഷ്ടമായി. അമേരിക്ക തെക്കൻ വിയറ്റ്നാമിനെ സഹായിച്ചിരുന്നതിനാൽ അമേരിക്കൻ മിഷനറിമാർ വിയറ്റ്കോങ്ങുകൾ എന്നറിയപ്പെട്ട ഗറില്ലകളുടെ നോട്ടപ്പുള്ളികളായതിൽ അത്ഭുതമില്ല. മിഷനറിമാരെ അമേരിക്കൻ ചാരന്മാരായി സംശയിച്ചിരുന്നു. വിയറ്റ്കോങ്ങുകളുടെ ശക്തി കേന്ദ്രങ്ങളിൽ നിന്നും കുറേ മിഷനറിമാരെ ഒഴിപ്പിച്ച് കൊണ്ടുപോയെങ്കിലും 1962 ൽ മൂന്ന് അമേരിക്കൻ മിഷനറിമാർ ഗറില്ലകളുടെ തടവിലായ വാർത്ത ഞെട്ടലോടെയാണ് പുറംലോകം അറിയുന്നത്. അവരെപ്പറ്റി പിന്നീട് യാതൊരു വിവരങ്ങളും ലഭിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ പല മിഷനറിമാരും, ആതുരസേവനരംഗത്തുള്ളവർ ഉൾപ്പെടെ, സുവിശേഷത്തിനായി ജീവൻ ബലിയർപ്പിച്ചു. വിയറ്റ്നാമിലെ രക്തസാക്ഷികളുടെ പട്ടികയിൽ ഒരിക്കലും സ്ഥാനം പിടിക്കാൻ സാദ്ധ്യതയില്ലാത്ത വനിതയായിരുന്നു ബെറ്റി ആൻ ഓൾസൻ.

1934 ൽ ആഫ്രിക്കയിലെ ഐവറി കോസ്റ്റിൽ മിഷനറി ദമ്പതിമാരുടെ മകളായി ബെറ്റി ജനിച്ചു. ക്രിസ്ത്യൻ ആന്റ് മിഷനറി അലയൻസിലെ മിഷനറിയായിരുന്നു പിതാവായ വാൾട്ടർ ഓൾസൻ. മിഷൻ ഫീൽഡിലെ ജീവിതത്തിന്റെ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കിട്ട് ബെറ്റി വളർന്നുവന്നു. കൗമാരപ്രായത്തിൽ മറ്റുള്ളവരോട് ഇടപഴകാൻ ഒട്ടും താൽപര്യം കാണിക്കാത്ത പിടിവാശിക്കാരിയായിരുന്നു അവൾ. ആരോടും ഹൃദയബന്ധങ്ങൾ ഇല്ലാതെ തികച്ചും അരക്ഷിതാവസ്ഥ





യിൽക്കഴിഞ്ഞ ബെറ്റിക്ക് പതിനേഴുവയസ്സ് തികയും മുമ്പേ അമ്മ കാൻസർ ബാധിച്ച് മരിച്ചത് ഏല്ലാവിധത്തിലും ദുസ്സഹമായി. ഹൈസ്കൂൾ പഠനത്തിനായി അമേരിക്കയിലേക്ക് ബെറ്റിയെ പിതാവ് അയച്ചിരുന്നു. ആഫ്രിക്കയിൽ പിതാവിന്റെ അടുത്ത് മടങ്ങി എത്തിയ ബെറ്റിക്ക് അദ്ദേഹം പുനർവിവാഹം കഴിച്ചത് അത്ര ഇഷ്ടമായില്ല. നേഴ്സിങ് പഠനത്തിനായി ന്യൂയോർക്കിലെ ബ്രൂക്ലിനിലെ ന്യാക് നേഴ്സിങ് കോളജിലേക്ക് ബെറ്റി യാത്രയായി. 1956 ൽ നേഴ്സിങ് ഡിഗ്രി കരസ്ഥമാക്കിയ ബെറ്റി തുടർന്ന് ന്യാക് മിഷനറി കോളജിൽ മിഷനറി ട്രെയിനിംഗിനായി ചേരുകയും 1961 ൽ അവിടെനിന്നു പുറത്തുവരികയും ചെയ്തു.

വൈകാരികമായി വളരെ സംഘർഷം അനുഭവിച്ചിരുന്ന ബെറ്റി ഒരു കുടുംബിനിയാവാൻ കൊതിച്ചിരുന്നു. ആ സ്വപ്നം പൂവണിഞ്ഞില്ല. മിഷനറി അലയൻസ് തന്നെ ഒരു മിഷനറിയായി അംഗീകരിക്കുമെന്ന് ബെറ്റി ഒരിക്കലും കരുതിയില്ല. തന്മൂലം ആഫ്രിക്കയിൽ പിതാവിനോടും രണ്ടാനമ്മയോടും ഒപ്പം മിഷനറിവേല ചെയ്യാൻ ഒരിക്കൽകൂടി ഒരു ശ്രമം നടത്തി. മറ്റുള്ളവരോടൊപ്പം പ്രവർത്തിക്കാൻ അവൾക്ക് എളുപ്പമായിരുന്നില്ല. ആഫ്രിക്കൻ നാളുകൾ അതിനാൽ ഹ്രസ്വമായിരുന്നു. 29-ാം വയസ്സിൽ അമേരിക്കയിലേക്ക് മടങ്ങിയ ബെറ്റി ചിക്കാഗോയിൽ നേഴ്സായി ജോലി ചെയ്യാൻ തുടങ്ങി. തികച്ചും പരാജയപ്പെട്ട ഒരു ക്രിസ്തീയജീവിതത്തിൽ നിരാശ മനസ്സിനെ കീഴടക്കാൻ തുടങ്ങിയപ്പോൾ ആത്മഹത്യയെക്കുറിച്ചുപോലും അവൾ ചിന്തിച്ചുപോയി. അവളുടെ സഭയിലെ യുവജനങ്ങളുടെ ശുശ്രൂഷകനായ ബിൽ ഗോഥാർഡ് ആണ് ബെറ്റിയെ ഈ ഘട്ടത്തിൽ ഏറ്റവും അധികം സഹായിച്ചത്. ബെറ്റി ഓൾസൻ ചോദിച്ച ചോദ്യങ്ങളുടെ



ബെറ്റി ആൻ ഓൾസൻ: വിയറ്റ്നാമിലെ രക്തസാക്ഷി

അടിസ്ഥാനത്തിൽ പിൽക്കാലത്ത് യുവജനങ്ങളുടെ മാനസികസംഘർഷങ്ങളെ അതിജീവിക്കാൻ സഹായകമായ ഒരു കോഴ്സിന് തുടക്കം കുറിക്കാൻ ബിൽ ഗോഥാർഡിന് ഇടയായി എന്നത് ചരിത്രം.

1964 ൽ ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസിന്റെ ഒരു മിഷനറി നേഴ്സായി ബെറ്റി ഓൾസൻ വിയറ്റ്നാമിലെത്തിയപ്പോൾ വിയറ്റ്നാം രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളിൽ നിന്നും കരകയറിയിട്ടില്ലായിരുന്നു. 1945 ൽ ജപ്പാൻ തോൽവി സമ്മതിച്ചശേഷവും വിയറ്റ്നാം ഫ്രഞ്ചുകോളനിയായി തുടർന്നതിനാൽ ഹോചിമിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് ഗറില്ലകൾ 1946 മുതൽ എട്ടു വർഷം ഫ്രഞ്ചുകാരോട് പോരാടി. ഒടുവിൽ അവർ വിയറ്റ്നാമിനെ വെട്ടിമുറിച്ചശേഷമാണ് കെട്ടുകെട്ടിയത്. സമാധാനം അകലെയായിരുന്നു. കമ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള ഉത്തരവിയറ്റ്നാമിൽ നിന്ന് ആയിരങ്ങൾ ദക്ഷിണവിയറ്റ്നാ

**മാസങ്ങളോളം ബെറ്റി ഓൾസനെയും, ബ്ലഡിനെയും, ബെഞ്ചിയേയും തുടലിൽ ഒന്നിച്ച് പൂട്ടിയിടുകയും ഒരു ക്യാമ്പിൽ നിന്നും മറ്റൊരു ക്യാമ്പിലേക്ക് കൂടെക്കൂടെ മാറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. 200 മൈലോളം വടക്കോട്ട് വനത്തിലൂടെയും, പർവ്വതപ്രദേശങ്ങളിലൂടെയും കാൽനടയായുള്ള യാത്ര മൂവരേയും പൂർണ്ണമായും തളർത്തിക്കളഞ്ഞു. പോഷണക്കുറവും, അതിസാരവും മൂലം പലപ്പോഴും മരണാസന്നരായി.**

മിലേക്ക് പലായനം ചെയ്തു. അമേരിക്ക വിയറ്റ്നാമിലേക്ക് പട്ടാളത്തെ അയച്ചത് കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമായി. ഇതിന്റെ ഫലമായി ഏറ്റവും അധികം കഷ്ടത അനുഭവിക്കേണ്ടിവന്നത് ബെറ്റി ഓൾസൻ ഉൾപ്പെടെയുള്ള അമേരിക്കൻ മിഷനറിമാർക്കായിരുന്നു.

ആഫ്രിക്കയിൽ ദീർഘവർഷങ്ങൾ മിഷനറിമാരായിരുന്ന വാൾട്ടർ ഓൾസൻ ദമ്പതികളുടെ മകളായിരുന്ന ബെറ്റി, മുപ്പതാം വയസ്സിൽ ഒരു മിഷനറിനേഴ്സായി യുദ്ധഭൂമിയായ വിയറ്റ്നാമിലെത്തി. തന്റെ മെഡിക്കൽ കിറ്റ് മാത്രമേ ബെറ്റി ആ രാജ്യത്തേക്ക് കൊണ്ടുവന്നുള്ളു. കുഷ്ഠരോഗികളെ പരിചരിച്ചുകൊണ്ട് തെക്കൻ വിയറ്റ്നാമിലെ ബൻമെതോട്ട് എന്ന സ്ഥലത്തെ ആശുപത്രിയിൽ കഴിഞ്ഞ ബെറ്റിയേയും മറ്റ് മിഷനറിമാരേയും വിയറ്റ് കോങ്ങുകൾ നിരന്തരമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. ചില മിഷനറിമാരെ തട്ടിക്കൊണ്ടുപോയെങ്കിലും മിഷനറിവേലയ്ക്ക് മുടക്കം വന്നില്ല. വിയറ്റ്നാംകാരുടെ പുതുവത്സരദിവസം 1968 ജനുവരിയിൽ വിയറ്റ്കോങ്ങുകൾ മിഷൻ കോമ്പൗണ്ട് ആക്രമിക്കയും ബോംബ് വർഷിക്കയും ചെയ്തു. 3 ദിവസം നീണ്ടുനിന്ന ആക്രമണത്തിൽ 6 മിഷനറിമാർ കൊല്ലപ്പെട്ടു. ആക്രമണം നടന്നുകൊണ്ടിരിക്കുമ്പോൾ മുറിവേറ്റ ഒരു മിഷനറിയെ ആശുപത്രിയിലേക്ക് കൊണ്ടുവരാനായി ബെറ്റി ഓൾസൻ തന്റെ വാഹനം സ്റ്റാർട്ട് ചെയ്യാൻ ശ്രമിക്കുമ്പോൾ വിയറ്റ് കോങ്ങുകൾ അവരെയും ഹാങ്ക ബ്ലഡ് എന്ന സഹമിഷനറിയേയും പിടിക്കുകയായിരുന്നു. അവരെ വനാന്തരത്തിലേക്ക് നടത്തിക്കൊണ്ടുപോകുന്ന കാഴ്ചയാണ് ഒടുവിലായി പുറംലോകം കാണുന്നത്. അമേരിക്കക്കാരനായ മൈക്ക് ബെഞ്ചി എന്ന പത്രപ്രവർത്തകനോടൊപ്പം യുദ്ധത്തടവുകാരായി ഇരുവരേയും ഡാർലാക് എന്ന സ്ഥലത്ത് പാർപ്പിച്ചു. ഇടുങ്ങിയ കമ്പിയഴികളുള്ള കൂടുകളിൽ ബന്ദികളെ ഇട്ട് വേവിച്ച മരച്ചീനി മാത്രം ഭക്ഷണമായി നൽകിയിരുന്ന വിയറ്റ് കോങ്ങുകൾ വനത്തിലൂടെയും പർവ്വതങ്ങളിലൂടെയും ദീർഘദൂരം അവരെ നടത്തിച്ചിരുന്നു.

മാസങ്ങളോളം ബെറ്റി ഓൾസനെയും, ബ്ലഡിനെയും, ബെഞ്ചിയേയും തുടലിൽ ഒന്നിച്ച് പൂട്ടിയിടുകയും ഒരു ക്യാമ്പിൽ നിന്നും മറ്റൊരു ക്യാമ്പിലേക്ക് കൂടെക്കൂടെ മാറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. 200 മൈലോളം വടക്കോട്ട് വനത്തിലൂടെയും, പർവ്വതപ്രദേശങ്ങളിലൂടെയും കാൽനടയായുള്ള യാത്ര മൂവരേയും പൂർണ്ണമായും തളർത്തിക്കളഞ്ഞു. പോഷണക്കുറവും, അതിസാരവും മൂലം പലപ്പോഴും മരണാസന്നരായി. രക്തം വലിച്ചുകുടിക്കുന്ന കണ്ണട്ടകൾ, വ്രണങ്ങൾ, കഠിനമായ വയറ്റിളക്കം ഇതൊക്കെ നിത്യാനുഭവമായി. വൈകാതെ ഹാങ്ക് ബ്ലഡ് മരണമടഞ്ഞു. ബെഞ്ചിയും മരിച്ചേനേ. ബെറ്റിയുടെ ത്യാഗപൂർണ്ണമായ ശുശ്രൂഷയാണ് അയാളുടെ ജീവൻ നിലനിർത്തിയത്. പുറംലോകത്തിന് ബെറ്റിയുടെ ത്യാഗത്തെപ്പറ്റി പറയാൻ ബെഞ്ചിമാത്രം ഒടുവിൽ സ്വാതന്ത്ര്യം കണ്ടു. കംബോഡിയായിലേക്കുള്ള അതിർത്തി കടക്കുംമുമ്പേ ബെറ്റിയും ഒരടിപോലും നടക്കാൻ കഴിയാതെ കുഴഞ്ഞുവീണു. കണ്ണിൽ ചോരയില്ലാതെ വിയറ്റ് കോങ്ങുകൾ അവരെ ചിവിട്ടുകയും വലിച്ചിഴയ്ക്കുകയും ചെയ്തു. തടയാൻ ശ്രമിച്ച ബെഞ്ചിക്ക് തോക്കിൻപാത്തികൊണ്ട് അടിയേറ്റു. മുളയുടെ ഇളം തണ്ടുമാത്രമാണ് അവർക്ക് ഭക്ഷണമായി ലഭിച്ചത്. 1967 സെപ്റ്റംബർ 28 ന് വേദനയില്ലാത്ത ലോകത്തേക്ക് ബെറ്റി ഓൾസൻ യാത്രയായി. മൈക്ക് ബെഞ്ചിയാണ് ആ ധീരവനിതയുടെ ഭൗതികശരീരം മറവുചെയ്തത്. മുപ്പത്തിയഞ്ചാം ജന്മദിനത്തിന് കേവലം രണ്ടുദിവസം മുമ്പായിരുന്നു ബെറ്റിയുടെ അന്ത്യം.

1973 ൽ തടവിൽ നിന്നു സ്വതന്ത്രനായപ്പോൾ ബെഞ്ചി അമേരിക്കയിൽ ബെറ്റിയുടെ കുടുംബത്തെ സന്ദർശിച്ചു. കുടുംബാംഗങ്ങളോടുള്ള ബെഞ്ചിയുടെ വാക്കുകൾ:"അതിഭയങ്കരമായ കഷ്ടതയാണ് ബെറ്റി അനുഭവിച്ചത്. പട്ടിണിയും അതിസാരവും മൂലമാണ് അവർ മരിച്ചത്. ഒരിക്കലും കയ്പ്പോ, എതിർപ്പോ അവർ പ്രകടിപ്പിച്ചിരുന്നില്ല. തന്നോട് ക്രൂരമായി പെരുമാറിയവരോട് ഒടുവിൽവരെ സ്നേഹപൂർവ്വം ബെറ്റി പെരുമാറിയിരുന്നു." വിയറ്റ് കോങ്ങുകൾ ബന്ദിയാക്കുമ്പോൾ മൈക്ക് ബെഞ്ചി യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞിരുന്നില്ല. ബെറ്റി ഓൾസൻ, ഹാങ്ക് ബ്ലഡ് എന്നീ മിഷനറിമാരുടെ നിസ്വാർത്ഥമായ ജീവിതവും വിശ്വസ്തസാക്ഷ്യവും മൈക്ക് ബെഞ്ചിയുടെ ഹൃദയം കവർന്നു. ക്രൂശിൽ പിടഞ്ഞുമരിക്കുമ്പോഴും ശത്രുക്കൾക്കായി അപേക്ഷിച്ച രക്ഷകന്റെ സ്നേഹം ബെഞ്ചിയെ ഒരു ക്രിസ്തുശിഷ്യനാക്കുകയായിരുന്നു. ബെറ്റിയുടെ നിഷ്കളങ്കമായ സ്നേഹം തന്റെ ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയുന്നതിനപ്പുറമായിരുന്നു എന്നാണ് ബെഞ്ചി പറഞ്ഞത്.

**തടവിൽ നിന്നു സ്വതന്ത്രനായപ്പോൾ ബെഞ്ചി അമേരിക്കയിൽ ബെറ്റിയുടെ കുടുംബത്തെ സന്ദർശിച്ചു. കുടുംബാംഗങ്ങളോടുള്ള ബെഞ്ചിയുടെ വാക്കുകൾ:"അതിഭയങ്കരമായ കഷ്ടതയാണ് ബെറ്റി അനുഭവിച്ചത്. പട്ടിണിയും അതിസാരവും മൂലമാണ് അവർ മരിച്ചത്. ഒരിക്കലും കയ്പ്പോ, എതിർപ്പോ അവർ പ്രകടിപ്പിച്ചിരുന്നില്ല. തന്നോട് ക്രൂരമായി പെരുമാറിയവരോട് ഒടുവിൽവരെ സ്നേഹപൂർവ്വം ബെറ്റി പെരുമാറിയിരുന്നു."**

ബെറ്റി ആൻ ഓൾസൻ എന്ന മിഷനറി നേഴ്സ് മിഷനറി ചരിത്രത്തിൽ വളരെയൊന്നും അറിയപ്പെടുന്ന വ്യക്തിയല്ല. എന്നാൽ ഈ വനിതയുടെ ഹ്രസ്വമായ ജീവിതം നമുക്ക് നൽകുന്ന വെല്ലുവിളി അതിശക്തമാണ്. സ്വാഭാവികമായി ക്ഷിപ്രകോപിയും, ഏകാകിനിയുമായ ഒരു പെൺകുട്ടിക്ക്, നൈരാശ്യംമൂലം ജീവിതം അവസാനിപ്പിക്കാൻ പോലും ചിന്തിച്ച ഒരു യുവതിക്ക്, സുവിശേഷത്തിനായി രക്തസാക്ഷിയാകാൻ കഴിയുന്നതെങ്ങനെ? 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു...' പൗലോസിന്റെ പ്രസിദ്ധമായ ആ ഏറ്റുപറച്ചിലിന്റെ രഹസ്യം ഒന്നുകൂടി വ്യക്തമാക്കുന്ന മറ്റൊരു ജീവിതം! ബെറ്റിയെ സംബന്ധിച്ചിടത്തോളം, "ഇനി ജീവിക്കുന്നെങ്കിൽ തനിക്കായി മരിച്ച് ഉയിർത്തവനായി മാത്രം ജീവിക്കുക". മരണം കൊണ്ട് അതാണ് അവർ സാക്ഷിച്ചത്!!

മാതാപിതാക്കളും മക്കളും -3

# കുടുംബത്തെ അവഗണിക്കരുത്!

ജോസ് മാത്യു, തിരുവനന്തപുരം

**മ**ക്കളുടെ കാവൽക്കാരും ഉത്തരവാദികളുമാണ് ക്രിസ്തീയ മാതാപിതാക്കൾ എന്നു നാം കണ്ടുകഴിഞ്ഞു. ഇതൊരു വലിയ ഭാരമായിക്കരുതാതെ ദൈവത്തിൽ നിന്നു ലഭിച്ച ഒരു അനുഗൃഹീതപദവിയായിക്കാണുകയാണ് നാം ചെയ്യേണ്ടത്. നമ്മെ പ്രോത്സാഹിപ്പിക്കുന്ന ഏതാനും ചില ബൈബിൾ മാതൃകകൾ കൂടി പരിശോധിക്കാം.

"നിങ്ങൾ ആരെ സേവിക്കും എന്ന് ഇന്നു തെരഞ്ഞെടുത്തു കൊള്ളുവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (1) ദൈവപുരുഷനായ യോശുവയുടെ അന്ത്യവാക്കുകളാണിവ. തന്റെയും തന്റെ മക്കളുടെയും ആത്മീയനിലപാടുസംബന്ധിച്ച് വ്യക്തതയും ഉറപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. മക്കളെ ദൈവമാർഗ്ഗത്തിൽ ശിക്ഷണം നൽകി വളർത്തിയ ഒരു പിതാവിനു മാത്രമേ ഇവ്വിധം ഉറപ്പായി ഒരു പരസ്യപ്രസ്താവന നടത്താൻ കഴിയൂ.

പ്രിയമാതാപിതാക്കളേ, നമുക്കീ വെല്ലുവിളി ഏറ്റെടുക്കാം. *"ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ഇതാണ് ഞങ്ങളുടെ ജീവിതദർശനം അഥവാ നിലപാട്"* എന്ന് നമ്മുടെ മക്കൾ അഭിമാനപൂർവ്വം എവിടെയും സധൈര്യം പറയുമാറ് നാമവരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് സണ്ടേസ്ക്കൂൾ അധ്യാപകനോ സഭാമൂപ്പനോ പാസ്റ്റർക്കോ ചെയ്യാൻ കഴിയുന്നതല്ല, നാം തന്നെ വ്യക്തിപരമായി ചെയ്യേണ്ടതാണ്. നമ്മുടെ മക്കൾ ക്രിസ്തുവിന്റെ അനുഗാമികളും സത്യസാക്ഷികളും ആയിത്തീരട്ടെ. "....അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം" (2) എന്ന പ്രബോധനം നാം സഗൗരവം ഏറ്റെടുക്കുക. **മക്കൾക്കായി പ്രാർത്ഥിക്കുന്ന ഇയ്യോബ്:** എല്ലാ നിലയിലും മാതൃകായോഗ്യമായി ജീവിച്ച ഒരു നല്ല പിതാവും ഭർത്താവും നേതാവുമായിരുന്നു ഇയ്യോബ്. "അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു" (3). എന്നാൽ അതിലുപരിയായി തന്റെ മക്കളുടെ ആത്മീയനിലയെപ്പറ്റി വളരെ കരുതലുള്ളവനുമായിരുന്നു അദ്ദേഹം.

"എന്നാൽ വിരുന്നു നാളുകൾ അവസാനിക്കുമ്പോൾ, 'ഒരു പക്ഷേ എന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തെ ഹൃദയംകൊണ്ട് ത്യജിച്ചുപോയിരിക്കും' എന്നു പറഞ്ഞ് ഇയ്യോബ് ആളയച്ച് അവരെ വരുത്തി ശുദ്ധീകരിക്കുകയും അതിരാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യക്ക് ഒത്തവണ്ണം ഹോമയാഗങ്ങൾ കഴിക്കുകയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായ്പ്പോഴും ചെയ്തുപോന്നു" (4).

മക്കളെ സംബന്ധിച്ചുള്ള ഇയ്യോ





> "ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഇതാണ് ഞങ്ങളുടെ ജീവിതദർശനം അഥവാ നിലപാട്" എന്ന് നമ്മുടെ മക്കൾ അഭിമാനപൂർവ്വം എവിടെയും സധൈര്യം പറയുമാറ് നാമവരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് സണ്ടേസ്ക്കൂൾ അധ്യാപകനോ സഭാമൂപ്പനോ പാസ്റ്റർക്കോ ചെയ്യാൻ കഴിയുന്നതല്ല, നാം തന്നെ വ്യക്തിപരമായി ചെയ്യേണ്ടതാണ്. നമ്മുടെ മക്കൾ ക്രിസ്തുവിന്റെ അനുഗാമികളും സത്യസാക്ഷികളും ആയിത്തീരട്ടെ.

ബിന്റെ ശുഷ്കാന്തി നാം ശ്രദ്ധിക്കുക! *'ഞങ്ങൾക്കു നല്ലൊരു സഭയുണ്ട്, കരുതുന്ന മൂപ്പന്മാരോ പാസ്റ്ററോ ഉണ്ട് - മക്കൾ ശരിയായിക്കൊള്ളും'* എന്ന് ചിന്തിക്കുന്നവരാണോ നിങ്ങൾ? എങ്കിൽ നിങ്ങൾ മൂഢസ്വർഗ്ഗത്തിലാണെന്നോർക്കുക. മക്കൾക്കായി നിങ്ങൾ വ്യക്തിപരമായി ഇടിവിൽനിന്ന് ദൈവത്തോട് മധ്യസ്ഥത ചെയ്യണം, അവർക്കായി വളരെ പ്രാർത്ഥിക്കണം; കുടുംബപ്രാർത്ഥന സജീവമാക്കണം. മക്കൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനയും കണ്ണീരും ശുഷ്കാന്തിയും അവരും കാണട്ടെ. അതവരുടെ ഹൃദയത്തെ നന്നായി സ്വാധീനിക്കും; അവർ വഴിപിഴച്ചു പോവില്ല.

**കർത്താവിൽ പ്രസിദ്ധനായ രൂഫോസ്:** ഈ യുവാവ് റോമയിലെ സഭയിൽ അനുഗൃഹീതനായ ഒരു സഹോദരനായിരുന്നു. "കർത്താവിൽ പ്രസിദ്ധനായ (a choice man in the Lord) രൂഫോസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്യുവിൻ" (5). അതീവ ദൈവഭക്തയായിരുന്ന അവന്റെ മാതാവിനെ പൗലൊസ് അപ്പൊസ്തലൻ സ്വന്തം മാതാവിനെപ്പോലെ കരുതി ബഹുമാനിച്ചിരുന്നു!

എന്നാൽ ഇതെങ്ങനെ സംഭവിച്ചുവെന്നു നോക്കാം. രൂഫോസിന്റെ പിതാവ് ശിമോനിൽ നിന്നാണീ ആത്മീയമുന്നേറ്റത്തിന്റെ തുടക്കം. കർത്താവായ യേശുവിന്റെ ക്രൂശ് ചുമക്കാൻ നിർബ്ബന്ധിതനായിത്തീർന്ന സാക്ഷാൽ കുറേനക്കാരനായ ശിമോൻ! "അലക്സന്തരിന്റെയും രൂഫോസിന്റെയും അപ്പനായി വയലിൽനിന്നു വരുന്ന കുറേനക്കാരനായ ശിമോനെ അവന്റെ ക്രൂശ് ചുമപ്പാൻ അവർ നിർബ്ബന്ധിച്ചു". (6).

ആ സംഭവം പാവപ്പെട്ട കൃഷിക്കാരനായിരുന്ന ശിമോന്റെ ജീവിതത്തെ മാറ്റിമറിച്ചുവെന്നു പറയാം. ചില മിനിട്ടുകൾ യേശുവിനോടു ചേർന്നു നടക്കാനും തന്റെ ജീവിതത്തെ അടുത്തറിയുവാനും ശിമോനു ഭാഗ്യം കൈവന്നു! ഇത്രയേറെ പീഡനങ്ങൾ ഏറ്റിട്ടും ആവലാതിയോ പിറുപിറുപ്പോ ശാപവാക്കുകളോ കൂടാതെ പ്രശാന്ത ശോഭിതമായിരുന്ന ആ മുഖത്തിന്റെ ദർശനം അയാൾക്കു പുതിയൊരു അനുഭവമായിരുന്നിരിക്കണം.

ഒരുപക്ഷേ യേശുവിന്റെ ക്രൂശീകരണത്തിനും തുടർന്നു നടന്ന അത്ഭുതസംഭവങ്ങൾക്കും സാക്ഷിയായി അയാൾ കുറേ നേരം അവിടെ ചുറ്റിപ്പറ്റി നിന്നിരിക്കാം. ഈ അനുഭവങ്ങൾ കുറേനക്കാരൻ ശിമോനെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റി. അയാൾ അന്നു രാത്രി വീട്ടിൽച്ചെന്ന് ഭാര്യയോടും മക്കളോടും തനിക്കുണ്ടായ ഈ പ്രത്യേകമായ അനുഭവം വിവരിച്ചിട്ടുണ്ടാകും. ചുരുക്കിപ്പറയട്ടെ, ആ കുടുംബം മുഴുവൻ ക്രിസ്തുവിന്റെ അനുഗാമികളായി മാറി.

തന്റെ ഭാര്യയെയും മുതിർന്ന മക്കളെയുമെല്ലാം സ്വാധീനിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും ശക്തി

> മക്കളെ ദൈവഭക്തിയിൽ വളർത്തിക്കൊണ്ടുവരുന്നതിൽ നിങ്ങളുടെ ഭാര്യയോ അഥവാ ഭർത്താവോ സഹകരിക്കുന്നില്ല എങ്കിൽ നിങ്ങൾ അതുനിമിത്തം അധൈര്യപ്പെട്ടുപോകരുത്. ഭർത്താവിന്റെ സഹായം കൂടാതെയാണല്ലൊ തിമൊഥെയോസിന്റെ മാതാവ് യൂനീക്ക ആ മഹത്കൃത്യം പൂർത്തീകരിച്ചത്. ആവലാതികൾ ഒഴിവാക്കി ദൈവകൃപയ്ക്കായി കൃപാസനത്തിനു സമീപം ചെല്ലുക; അവിടുത്തെ അത്യന്ത ശക്തി നിങ്ങളുടെ ബലഹീനതകളെ അതിജീവിക്കാൻ മതിയായതുതന്നെയാണ്

യുള്ളതായിരുന്നു ശീമോന്റെ ക്രിസ്തീയസാക്ഷ്യം. ഒരു പിതാവെന്ന നിലയിൽ അദ്ദേഹം തന്റെ കടമ ഭംഗിയായി നിറവേറ്റി, മകൻ കർത്താവിൽ പ്രസിദ്ധനും ഭാര്യ അതീവ ദൈവഭക്തയുമായിത്തീർന്നു. ഒരു പക്ഷേ പൗലൊസ് അപ്പൊസ്തലൻ റോമക്കാർക്ക് ലേഖനമെഴുതുമ്പോഴേക്കും ശിമോൻ ഈ ലോകം വിട്ട് കടന്നുപോയിരിക്കാം.

**തിമൊഥയോസിന്റെ മാതാവ്:** അങ്ങേയറ്റം സമർപ്പിതനായ ഒരു ക്രിസ്തുശിഷ്യനായിരുന്നു യുവാവായ തിമൊഥെയോസ്. അപ്പൊസ്തലനായ പൗലൊസിന്റെ ആത്മീയ പുത്രനും സഹപ്രവർത്തകനും മിഷനറിയാത്രകളിലെ സഹചാരിയുമായിരുന്നു അവൻ.

അതിശ്രേഷ്ഠമായ ആത്മീയഗുണങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു അവന്റേത്. ഇതാ ഒരു സാമ്പിൾ- "നിങ്ങളുടെ നന്മയ്ക്കായി പരമാർത്ഥമായിക്കരുതുവാൻ തുല്യചിത്തനായി അവനെപ്പോലെ മറ്റാരും എന്നോടൊപ്പമില്ല; മറ്റുള്ളവരെല്ലാം യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്തകാര്യമത്രേ നോക്കുന്നത്. എന്നാൽ അവനോ അപ്പനെ മകൻ സേവിക്കുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ" (7). തിമൊഥെയോസ് എന്ന ഈ ചെറുപ്പക്കാരൻ തികച്ചും നിസ്വാർത്ഥമായ മനസ്സോടെ യേശുക്രിസ്തുവിന്റെ മഹത്വം മാത്രം അന്വേഷിച്ചുവന്നു, ദൈവജനത്തിന്റെ നന്മയെ മാത്രം കരുതുന്ന ഇത്തരം സഹപ്രവർത്തകർ പൗലൊസിന് മറ്റാരുമുണ്ടായിരുന്നില്ല. ഈ യുവാവിന്റെ സമർപ്പിതജീവിതത്തിന്റെ രഹസ്യം, തന്റെ അമ്മയും വലിയമ്മയും ചെറുപ്പം മുതല്ക്കേ അവനെ ദൈവവചനവും ദൈവഭക്തിയും അഭ്യസിപ്പിച്ചു എന്നതായിരുന്നു.

തിമൊഥയോസിന്റെ മാതാവ് ഒരു യഹൂദസ്ത്രീയും പിതാവ് യവനനുമായിരുന്നു. (8) പിതാവിനെപ്പറ്റി മറ്റുപരാമർശങ്ങൾ തിരുവെഴുത്തിൽ നാം കാണുന്നില്ല. അദ്ദേഹം ഒരു അവിശ്വാസി ആയിരുന്നിരിക്കാം. എന്നാൽ തന്റെ അമ്മ, വലിയമ്മ എന്നിവരെക്കുറിച്ച് മികച്ച കാര്യങ്ങളാണ് നാം വായിക്കുന്നത്: ".... ആ നിർവ്യാജവിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു; നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു" (9).

പൗലൊസിന്റെ ഒന്നാം മിഷനറിയാത്രയിൽ യഹൂദമതസ്ഥരായിരുന്ന ഇവർ ഇരുവരും ക്രിസ്തീയവിശ്വാസം സ്വീകരിച്ചെന്നും കരുതാം. ബാലനായിരുന്ന തിമൊഥെയോസിന് തിരുവെഴുത്തുകൾ പഠിക്കുന്നതിനും വ്യാജമോ കപടതയോ തീണ്ടാത്ത നിർമ്മലവിശ്വാസത്തിന്റെ വായു ശ്വസിച്ചു വളരുന്നതിനും ആ ഭവനത്തിന്റെ അന്തരീക്ഷം സഹായകമായി. "....ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതു





കൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്കുക" (10).

മക്കളെ ദൈവഭക്തിയിൽ വളർത്തിക്കൊണ്ടുവരുന്നതിൽ നിങ്ങളുടെ ഭാര്യയോ അഥവാ ഭർത്താവോ സഹകരിക്കുന്നില്ല എങ്കിൽ നിങ്ങൾ അതുനിമിത്തം അധൈര്യപ്പെട്ടുപോകരുത്. ഭർത്താവിന്റെ സഹായം കൂടാതെയാണല്ലോ തിമൊഥെയോസിന്റെ മാതാവ് യൂനീക്ക ആ മഹത്കൃത്യം പൂർത്തീകരിച്ചത്. ആവലാതികൾ ഒഴിവാക്കി ദൈവകൃപയ്ക്കായി കൃപാസനത്തിനു സമീപം ചെല്ലുക; അവിടുത്തെ അത്യന്തശക്തി നിങ്ങളുടെ ബലഹീനതകളെ അതിജീവിക്കാൻ മതിയായതു തന്നെയാണ്, ഹല്ലേലുയ്യാ!

**മാന്യവനിതയും മക്കളും:** യോഹന്നാന്റെ രണ്ടാം ലേഖനത്തിലാണ് ഇവരെപ്പറ്റി നാം വായിക്കുന്നത്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള പ്രാദേശികസഭകളിലൊന്നിൽ ഉൾപ്പെട്ടുനിന്നിരുന്ന ദൈവഭക്തയായിരുന്ന ഒരു മാന്യസഹോദരിക്കും (the chosen lady) കുടുംബത്തിനുമാണ് ഈ ലേഖനം എഴുതപ്പെട്ടിരിക്കുന്നത്. അപ്പൊസ്തലൻ ഈ കുടുംബാംഗങ്ങളുമായി ദൃഢമായ സുഹൃദ്ബന്ധം സ്ഥാപിച്ചിരുന്നുവെന്നും വ്യക്തമാണ്.

"നമുക്കു പിതാവിങ്കൽനിന്നു കല്പന ലഭിച്ചതുപോലെ അവിടുത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു കണ്ട് ഞാൻ അത്യന്തം സന്തോഷിച്ചു" (11). വിദ്യാഭ്യാസവും സമ്പത്തും സമൂഹത്തിൽ ആദരവുമുള്ള ഈ മാന്യവനിത ദൈവത്തെ അറിയുന്നവളും തന്റെ മക്കളെ '*സത്യത്തിൽ നടക്കുന്നവ'രായി* വളർത്തിയവളും ആയിരുന്നു. എത്ര മനോഹരമായ ഒരു അവസ്ഥ! ഈ ചെറുലേഖനത്തിൽ സത്യം, സ്നേഹം എന്നീ രണ്ടു വിഷയങ്ങൾ മാത്രമേ അപ്പൊസ്തലനായ യോഹന്നാന് പറയാനുള്ളൂ. തന്റെ നാഥനായ യേശുവിൽ ഇവ

> പ്രിയപ്പെട്ട മാതാപിതാക്കളേ, നാം സത്യം മുറുകെ പിടിക്കുന്നവരും സകലവിധ വ്യാജവും അസത്യവും വെറുക്കുന്നവരും ആയിരുന്നാൽ നമ്മുടെ മക്കളും സത്യത്തിൽ നടക്കുന്നതു കണ്ടു നാം സന്തോഷിക്കും. നമ്മുടെ വാക്കും പ്രവൃത്തിയും പൊരുത്തപ്പെട്ടുപോകട്ടെ; ഒരു പക്ഷേ നമ്മിലുള്ള ഉപായങ്ങൾ മക്കൾക്ക് അപായമായിത്തീർന്നേക്കാം!

രണ്ടും നിറഞ്ഞു നിൽക്കുന്നത് അദ്ദേഹം നേരിൽ കണ്ടിട്ടുണ്ട്. ഇപ്പോൾ അതേ കാര്യങ്ങൾ ഈ മാന്യസഹോദരിയുടെ മക്കളിലും കാണുമ്പോൾ അദ്ദേഹം ഏറെ സന്തോഷിക്കുന്നു!

പ്രിയപ്പെട്ട മാതാപിതാക്കളേ, നാം സത്യം മുറുകെപ്പിടിക്കുന്നവരും സകലവിധ വ്യാജവും അസത്യവും വെറുക്കുന്നവരും ആയിരുന്നാൽ നമ്മുടെ മക്കളും സത്യത്തിൽ നടക്കുന്നതു കണ്ടു നാം സന്തോഷിക്കും. നമ്മുടെ വാക്കും പ്രവൃത്തിയും പൊരുത്തപ്പെട്ടുപോകട്ടെ; ഒരു പക്ഷേ നമ്മിലുള്ള ഉപായങ്ങൾ മക്കൾക്ക് അപായമായിത്തീർന്നേക്കാം!

**അധ്യക്ഷന്മാരുടെ യോഗ്യതകൾ:** പുതിയനിയമസഭയുടെ അധ്യക്ഷന്മാർ, ശുശ്രൂഷകന്മാർ എന്നിവരുടെ യോഗ്യതകളെപ്പറ്റി അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: "...അധ്യക്ഷൻ സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും

**(ശേഷം പേജ് 28 ൽ)**

സുവിശേഷം

വ്യക്തമായ ഒരു സുവിശേഷസന്ദേശം-2

# ദൈവത്തിങ്കലേക്കുള്ള മാനസാന്തരം

**സാക് പുന്നൻ**

**ലോ**കത്തിലേക്ക് വന്നപ്പോൾ യേശു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനും ആയിരുന്നു. ക്രൂശിൽ മരിച്ചപ്പോൾ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിന്റെയും ശിക്ഷയാണ് അവിടുന്ന് ഏറ്റെടുത്തത്. നിത്യത മുഴുവൻ ദൈവത്തിൽ നിന്നും വേർപെടുന്നതാണ് നമ്മുടെ പാപത്തിന്റെ ശിക്ഷ. യേശുക്രൂശിൽ തുങ്ങികിടന്നപ്പോൾ സ്വർഗ്ഗത്തിലുള്ള തന്റെ പിതാവിൽ നിന്നും താൻ പൂർണ്ണമായും വേർപെട്ടവനായി. അത്തരം വേർപാടാണ് ഏതൊരു വ്യക്തിക്കും അനുഭവിക്കാവുന്ന ഏറ്റവും കഠിനമായ കഷ്ടത.

ദൈവ സാന്നിദ്ധ്യം ഒട്ടും ഇല്ലാത്ത പ്രപഞ്ചത്തിലെ ഏക സ്ഥലം നരകമാണ്. തന്മൂലം നരകത്തിൽ പിശാചിലുള്ള എല്ലാ തിന്മയും പൂർണ്ണമായും വെളിപ്പെടുന്നു. നരകത്തിൽ പോകുന്ന എല്ലാവർക്കും ജീവിതം ദുസ്സഹമാക്കുന്നത് ഈ തിന്മയാണ്. യേശു ക്രൂശിൽ കിടന്നപ്പോൾ ആ ശിക്ഷയാണ് അനുഭവിച്ചത്. ആകെ ആറു മണിക്കൂർ സമയം അവിടുന്ന് ക്രൂശിൽ കിടന്നെങ്കിലും ഒടുവിലത്തെ മൂന്നു മണിക്കൂർ സമയത്തായിരുന്നു ദൈവത്താൽ കൈവിടപ്പെട്ടത്. സൂര്യൻ ഇരുണ്ടുപോകയും ഭൂമി കുലുങ്ങുകയും ചെയ്തു. സ്വർഗ്ഗസ്ഥ പിതാവിനോടുള്ള പുത്രന്റെ കൂട്ടായ്മ വിച്ഛേദിക്കപ്പെട്ടു. പിതാവ് പുത്രനായ ക്രിസ്തുവിന്റെ തലയാകയാൽ (1 കൊരി. 11:3), പിതാവിനാൽ കൈവിടപ്പെട്ടപ്പോൾ പുത്രന്റെ ശിരസ്സ് പറിച്ചുമാറ്റുന്നതിന് തുല്യമായിരുന്നു, അപ്പോൾ യേശു അനുഭവിച്ച നരകയാതന നമ്മുടെ ബുദ്ധിക്ക് ഗ്രഹിക്കാവുന്നതിനും അപ്പുറമാണ്.

യേശു കേവലം സൃഷ്ടിയായ ഒരു മനുഷ്യനായിരുന്നെങ്കിൽ, ആദം മുതൽ ജീവിച്ച ലക്ഷോപലക്ഷം ജനങ്ങളുടെ നരക ശിക്ഷ ഏറ്റെടുക്കാൻ കഴികയില്ലായിരുന്നു! പത്തുലക്ഷം കൊലപാതകരുടെ സ്ഥാനത്ത് ഒരുവൻ തൂക്കിലേറ്റപ്പെടുന്നത് മതിയാകയില്ലല്ലോ? യേശു നിത്യനായ സാക്ഷാൽ ദൈവമാകയാൽ ആ ശിക്ഷ ഏറ്റെടുക്കാൻ സാദ്ധ്യമായിത്തീർന്നു.

യേശു അനന്തതയുള്ള ദൈവമാകയാൽ നിത്യമായ ശിക്ഷാവിധി മൂന്നു മണിക്കൂർ സമയം കൊണ്ട് വഹിക്കുവാനും കഴിഞ്ഞു.

യേശു ദൈവമല്ലായിരുന്നെങ്കിൽ പിതാവായ ദൈവം നമ്മുടെ പാപത്തിനായി അവനെ ശിക്ഷിക്കുന്നത് കടുത്ത അനീതിയായേനേ. സ്വയം തയ്യാറാകുകയാണെങ്കിലും ഒരുവന്റെ കുറ്റത്തിനുവേണ്ടി ദൈവം മറ്റൊരുവനെ ശിക്ഷിക്കുകയില്ല. നിങ്ങളുടെ സുഹൃത്തിന് നിങ്ങളുടെ കുറ്റത്തിന് ശിക്ഷ ഏറ്റുവാങ്ങി തൂക്കുമരത്തിലേറാൻ അനുവാദമില്ല. അത് അനീതിയാണ്. യേശു കേവലം ഒരു സൃഷ്ടി ആയിരുന്നെങ്കിൽ, നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കുന്നത് തികച്ചും അനീതി തന്നെയാവും. ഒരു സൃഷ്ടിക്കും നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കാൻ സാദ്ധ്യമല്ല. പ്രപഞ്ചത്തിന്റെ ന്യായാധിപനാകയാൽ ദൈവത്തിനു മാത്രമേ ആ ശിക്ഷ ഏറ്റെടുക്കാൻ കഴിയൂ. നമ്മെ ശിക്ഷിക്കാൻ ദൈവത്തിന് അധികാരം ഉള്ളതുപോലെ ആ ശിക്ഷ സ്വയംഏറ്റെടുക്കാനും അവിടുത്തേക്ക് അധികാരമുണ്ട്. യേശുക്രിസ്തു എന്ന വ്യക്തിത്വത്തിൽ ഭൂമിയിലേക്ക് വന്ന് അവിടുന്ന് ചെയ്തത് ആ കാര്യമാണ്.







**നാം വീണ്ടും ജനിക്കുമ്പോൾ നമ്മുടെ ഭവനത്തിന് അടിസ്ഥാനം ഇടുകയാണ്. അന്നുമുതൽ നാം പല നിലകളുള്ള ജീവിതസൗധത്തിന്റെ പണിയിലാണ്. നിങ്ങൾക്ക് നയിക്കാൻ കഴിയുന്ന ഏറ്റവും ഉത്തമമായ ജീവിതം ഇതത്രെ. ഓരോ ദിവസം കഴിയുന്തോറും ജീവിതത്തിൽ നിന്നു തിന്മകളെ അകറ്റി കൂടുതലായി ദൈവത്തെപ്പോലെ ആയിത്തീരുന്ന മാർഗ്ഗമാണിത്.**

ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ രണ്ട് മഹൽ സത്യങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. ഒന്ന്: ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു. രണ്ട്:-മൂന്നാം നാൾ അവിടുന്ന് മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു.

ക്രിസ്തു മരിച്ചവരിൽ നിന്നും പുനരുത്ഥാനം ചെയ്തില്ലായിരുന്നെങ്കിൽ അവിടുന്നു ദൈവമായിരുന്നു എന്നതിന് തെളിവില്ലായിരുന്നു. യേശു പറഞ്ഞ കാര്യങ്ങൾ എല്ലാം സത്യമായിരുന്നു എന്നതിന്റെ തെളിവ് അവിടുത്തെ ഉയിർത്തെഴുന്നേൽപ്പാണ്. ലോകത്തിന്റെ പാപത്തിനായി താൻ ജീവനെ കൊടുക്കും എന്ന് ഒരു മതനേതാവും പറഞ്ഞിട്ടില്ല. ഒരു മതനേതാവും മരണത്തിൽ നിന്നും ഉയിർത്തിട്ടില്ല. ഈ രണ്ടു കാര്യങ്ങൾ മാത്രം മതി യേശു ക്രിസ്തുവിന്റെ നിസ്തുലത തെളിയിക്കുവാൻ.

മറ്റുള്ളവർക്ക് നന്മചെയ്യാനും സമാധാനത്തിൽ ജീവിക്കാനും എല്ലാ മതങ്ങളും പഠിപ്പിച്ചേക്കാം. എന്നാൽ ക്രിസ്തീയ വിശ്വാസത്തിന് അനന്യമായ ഒരടിസ്ഥാനമുണ്ട്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കയും മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കയും ചെയ്തു. ഈ രണ്ട് അടിസ്ഥാന സത്യങ്ങൾ മാറ്റിയാൽ ക്രിസ്ത്യാനിത്വം മറ്റേതു മതം പോലെ മാത്രമാവും. ഈ രണ്ട് സത്യങ്ങളാണ് ക്രിസ്ത്യാനിത്വത്തെ നിസ്തു

**ക്രിസ്തു മരിച്ചവരിൽ നിന്നും പുനരുത്ഥാനം ചെയ്തില്ലായിരുന്നെങ്കിൽ അവിടുന്നു ദൈവമായിരുന്നു എന്നതിന് തെളിവില്ലായിരുന്നു. യേശു പറഞ്ഞ കാര്യങ്ങൾ എല്ലാം സത്യമായിരുന്നു എന്നതിന്റെ തെളിവ് അവിടുത്തെ ഉയിർത്തെഴുന്നേൽപ്പാണ്. ലോകത്തിന്റെ പാപത്തിനായി താൻ ജീവനെ കൊടുക്കും എന്ന് ഒരു മതനേതാവും പറഞ്ഞിട്ടില്ല. ഒരു മതനേതാവും മരണത്തിൽ നിന്നും ഉയിർത്തിട്ടില്ല. ഈ രണ്ടു കാര്യങ്ങൾ മാത്രം മതി യേശുക്രിസ്തുവിന്റെ നിസ്തുലത തെളിയിക്കുവാൻ.**

ലമാക്കുന്നത്.

ദൈവത്തിനായി ജീവിക്കേണ്ടതിനാണു നമ്മെ എല്ലാം ദൈവം സൃഷ്ടിച്ചത്. എന്നാൽ നാം നമുക്കുവേണ്ടി മാത്രം ജീവിച്ചുപോയി. തന്മൂലം നാം ദൈവത്തിന്റെ അടുത്തേയ്ക്ക് വരുമ്പോൾ അവിടുത്തേക്ക് സ്വന്തമായിരുന്ന നമ്മുടെ ജീവിതം ഇത്രയും നാൾ അപഹരിച്ച് നമ്മുടെ സ്വന്തം എന്ന നിലയിൽ ഉപയോഗിച്ചതിനെപ്പറ്റി അനുതാപത്തോടെ വരണം. നമുക്കുവേണ്ടി ക്രിസ്തു മരിച്ചതിലുള്ള നന്ദിയോടും, മരിച്ചവരിൽ നിന്നും ഉയിർത്തവനായി അവിടുന്ന് ഇന്നും ജീവിക്കുന്നു എന്ന വിശ്വാസത്തോടും കൂടെ നാം ദൈവത്തിന്റെ അടുത്തുവരണം. യേശു ഇന്നും ജീവിക്കുന്നവനല്ലെങ്കിൽ നമുക്ക് അവനോട് പ്രാർത്ഥിക്കാൻ കഴികയില്ല. മരിച്ച വ്യക്തിയോട് പ്രാർത്ഥിക്കാൻ പറ്റില്ലല്ലോ? യേശു മരിച്ചുയിർത്ത് ജീവിക്കുന്നതിനാൽ നമുക്ക് അവനോട് സംസാരിക്കാന് കഴിയും.

യേശു ഉയിർത്തതിനുശേഷം സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയി. അതിനു ശേഷം ദൈവികത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവ് ഭൂമിയിലേക്കു വന്നു. യേശുവിനെപ്പോലെ തന്നെ ഒരു യഥാർത്ഥ വ്യക്തിയാണ് പരിശുദ്ധാത്മാവും. തന്റെ സാന്നിദ്ധ്യം കൊണ്ട് നമ്മുടെ ജീവിതത്തെ നിറയ്ക്കാനാണ് പരിശുദ്ധാത്മാവ് ഭൂമിയിൽ വന്നത്. നാം പരിശുദ്ധാത്മാവിന് വിധേയപ്പെട്ടാൽ അവിടുന്ന് നമ്മെ വിശുദ്ധരാക്കും. പരിശുദ്ധാത്മാവ് നിങ്ങളെ നിറയ്ക്കുമ്പോൾ പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതം നിങ്ങൾക്ക് സാദ്ധ്യമാകും. പെന്തെക്കോസ്തുനാളിൽ മനുഷ്യരിൽ അധിവസിക്കാൻ പരിശുദ്ധാത്മാവ് വരുന്നതുവരെ അത്തരം ഒരു ജീവിതം ആർക്കും സാദ്ധ്യമായിരുന്നില്ല. അതിനു മുമ്പ് ബാഹ്യമായ ജീവിതം മെച്ചപ്പെടുത്താനേ മനുഷ്യർക്ക് കഴിഞ്ഞിരുന്നുള്ളൂ. പാപത്താൽ പരാജയപ്പെട്ട, രൂപാന്തരമില്ലാത്ത നിലയിലായിരുന്നു മനുഷ്യന്റെ ആന്തരിക ജീവിതം. പരിശുദ്ധാത്മാവ് നിങ്ങളെ നിറയ്ക്കുമ്പോൾ ദൈവം തന്നേ നിങ്ങളിൽ വസിക്കുന്നതിനാൽ ദൈവഭക്തിയുള്ള ഒരു ആന്തരിക ജീവിതം നിങ്ങൾക്ക് സാദ്ധ്യമായിതീരുന്നു.

ദൈവം നിങ്ങളോട് ക്ഷമിക്കുമ്പോൾ നിങ്ങളുടെ ഹൃദയം പൂർണ്ണമായും ശുദ്ധീകരിക്കപ്പെടുകയും, ക്രിസ്തുവിന് അവിടുത്തെ ആത്മാവിനാൽ നിങ്ങളിൽ വസിച്ച് നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിന്റെ ഭവനമാക്കിത്തീർക്കയും ചെയ്യാൻ കഴിയും. ഇതാണ് സുവിശേഷത്തിന്റെ അത്ഭുത സന്ദേശം.

ഒരിക്കൽ പുക വലിക്കുന്ന ഒരാളോട് ഞാൻ ചോദിച്ചു: "ഒരു പള്ളിയുടെ അകത്തു വച്ച് നിങ്ങൾ പുക വലിക്കുമോ?" പള്ളി ദൈവാലയമാകയാൽ അങ്ങനെ ഒരിക്കലും ചെയ്യില്ല എന്നായിരുന്നു മറുപടി. ഏതെങ്കിലും ആരാധനാലയമല്ല തന്റെ ശരീരമാണ് ദൈവത്തിന്റെ മന്ദിരം എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. നിങ്ങൾ പള്ളിയുടെ അകത്ത് വ്യഭിചരിക്കയോ, അശ്ലീല ചിത്രങ്ങൾ കാണുകയോ ചെയ്യുകയില്ല. ക്രിസ്തു ഉള്ളിൽ വസിക്കുമ്പോൾ നിങ്ങളുടെ ശരീരങ്ങൾ ദൈവത്തിന്റെ മന്ദിരങ്ങളത്രെ. അതിനാൽ നിങ്ങളുടെ അവയവങ്ങൾകൊണ്ട് എന്തു ചെയ്യുന്നു എന്ന കാര്യത്തിൽ ജാഗ്രത പുലർത്തുക. പുകവലി, മദ്യപാനം, ലഹരി മരുന്നുകൾ, ദുശ്ചിന്തകൾ ഇവയ്ക്ക് ഉള്ളിൽ ഇടം നൽകിയാൽ അവ നിങ്ങളുടെ ശരീരത്തെയും മനസ്സിനെയും നശിപ്പിക്കും.

ക്രിസ്തീയജീവിതം ഒരു ഓട്ടംപോലെയാണ്. പാപത്തോട് പുറംതിരിഞ്ഞ് വീണ്ടും ജനിക്കുമ്പോൾ നാം ഈ ദീർഘദൂര ഓട്ടത്തിന്റെ തുടക്കത്തിലെത്തുന്നു. പിന്നെ ജീവിതാവസാനം വരെ ഒരു മാരത്തോൺ ഓട്ടമാണ്. നാം നിരന്തരം ഓടി, ഓരോദിവസവും ലക്ഷ്യത്തോട് അടുത്തു കൊണ്ടിരിക്കുകയാണ്. ഓട്ടം ഒരിക്കലും നിർത്തിക്കൂടാ.

മറ്റൊരു ദൃഷ്ടാന്തം നോക്കാം. നാം വീണ്ടും ജനിക്കുമ്പോൾ നമ്മുടെ ഭവനത്തിന് അടിസ്ഥാനം ഇടുകയാണ്. അന്നുമുതൽ നാം പല നിലകളുള്ള ജീവിതസൗധത്തിന്റെ പണിയിലാണ്. നിങ്ങൾക്ക് നയിക്കാൻ കഴിയുന്ന ഏറ്റവും ഉത്തമമായ ജീവിതം ഇതത്രെ. ഓരോ ദിവസം കഴിയുന്തോറും ജീവിതത്തിൽ നിന്നു തിന്മകളെ അകറ്റി കൂടുതലായി ദൈവത്തെപ്പോലെ ആയിത്തീരുന്ന മാർഗ്ഗമാണിത്.

**വീണ്ടും ജനിക്കുവാൻ നിങ്ങൾ എന്തുചെയ്യണം?**

ഒന്നാമതായി, നിങ്ങൾ ഒരു പാപിയാണെന്ന് അംഗീകരിക്കണം. മറ്റുള്ളവരെക്കാൾ മെച്ചമാണ് നിങ്ങൾ എന്ന് ചിന്തിച്ച് ആശ്വാസം കണ്ടെത്തരുത്. പാപം മരണകരമായ വിഷംപോലെയാണ്. ഒരു തുള്ളിയോ നൂറു തുള്ളികളോ കുടിച്ചാൽ മരണം നിശ്ചയമാണ്. നല്ല ഒരു തുടക്കം ആഗ്രഹിക്കുന്നെങ്കിൽ ലോകത്തിലേക്കും വലിയ പാപിയേ

**നിങ്ങൾ പള്ളിയുടെ അകത്ത് വ്യഭിചരിക്കയോ, അശ്ലീല ചിത്രങ്ങൾ കാണുകയോ ചെയ്യുകയില്ല. ക്രിസ്തു ഉള്ളിൽ വസിക്കുമ്പോൾ നിങ്ങളുടെ ശരീരങ്ങൾ ദൈവത്തിന്റെ മന്ദിരങ്ങളത്രെ. അതിനാൽ നിങ്ങളുടെ അവയവങ്ങൾ കൊണ്ട് എന്തു ചെയ്യുന്നു എന്ന കാര്യത്തിൽ ജാഗ്രത പുലർത്തുക. പുകവലി, മദ്യപാനം, ലഹരി മരുന്നുകൾ, ദുശ്ചിന്തകൾ ഇവയ്ക്ക് ഉള്ളിൽ ഇടം നൽകിയാൽ അവ നിങ്ങളുടെ ശരീരത്തെയും മനസ്സിനെയും നശിപ്പിക്കും.**

ക്കാൾ നിങ്ങൾ ഒട്ടും മെച്ചമല്ല എന്ന് ഏറ്റുപറയുക. ബോധ്യമുള്ള എല്ലാ പാപങ്ങളും ഉപേക്ഷിക്കാൻ തീരുമാനിക്കുക.

തുടർന്ന് യേശുക്രിസ്തുവിൽ വിശ്വസിക്കുക. യേശുവിനെപ്പറ്റി കുറെ കാര്യങ്ങൾ മനസ്സുകൊണ്ട് വിശ്വസിക്കയല്ല, മറിച്ച് നിങ്ങൾ യേശുവിനെ വിശ്വസിച്ച് ജീവിതം യേശുവിനെ ഭരമേൽപിക്കുക. നിങ്ങളുടെ ജീവിതം ഏൽപിച്ചു കൊടുക്കാതെ നിങ്ങൾക്ക് ഒരാളെ വിശ്വസിക്കാൻ കഴിയും. വിവാഹ സമയത്ത് വധുവിനോട് ചോദിക്കാറുണ്ടല്ലോ, "നിന്റെ ജീവിതം ഈ പുരുഷനെ ഏൽപ്പിക്കാൻ മനസ്സുണ്ടോ" എന്ന്. "ഇദ്ദേഹം നല്ല ഒരു പുരുഷനാണെന്ന് എനിക്ക് വിശ്വാസമുണ്ട്; പക്ഷേ എന്റെ ജീവിതവും ഭാവിയും എല്ലാം അദ്ദേഹത്തെ ഭരമേൽപിക്കുന്ന കാര്യത്തെപ്പറ്റി ഉറപ്പില്ല" എന്ന് വധു ഉത്തരം പറഞ്ഞാൽ, ആ വിവാഹം നടക്കുകയില്ല. അവൾ അവനെ യഥാർത്ഥത്തിൽ വിശ്വസിക്കുന്നില്ല! ഒരു യുവതി വിവാഹിതയാകുമ്പോൾ അവളുടെ ജീവിതത്തിന്റെ ദിശ ആകെ മാറുന്നു. അവളുടെ പേരു പോലും പിന്നീട് ഭർത്താവിന്റെ പേരിലാണ് അറിയപ്പെടുക. സ്വന്തം മാതാ

> **ഒരു യുവതി വിവാഹിതയാകുമ്പോൾ അവളുടെ ജീവിതത്തിന്റെ ദിശ ആകെ മാറുന്നു. അവളുടെ പേരുപോലും പിന്നീട് ഭർത്താവിന്റെ പേരിലാണ് അറിയപ്പെടുക. സ്വന്തം മാതാപിതാക്കളെ വിട്ട് ഭർത്താവിനോടൊപ്പം താമസിക്കുന്നു. അയാൾ എവിടെയാണ് താമസിക്കാൻ പോകുന്നതെന്നുപോലും അറിയില്ലെങ്കിലും അവളുടെ ഭാവിയെല്ലാം അവനെ വിശ്വസിച്ച് ഭരമേൽപ്പിക്കുന്നു. ഇത്തരം വിശ്വാസമാണ് ഒരാൾക്ക് ക്രിസ്തുവിലുള്ള വിശ്വാസംകൊണ്ട് അർത്ഥമാക്കുന്നത്.**

പിതാക്കളെ വിട്ട് ഭർത്താവിനോടൊപ്പം താമസിക്കുന്നു. അയാൾ എവിടെയാണ് താമസിക്കാൻ പോകുന്നതെന്നുപോലും അറിയില്ലെങ്കിലും അവളുടെ ഭാവിയെല്ലാം അവനെ വിശ്വസിച്ച് ഭരമേൽപ്പിക്കുന്നു. ഇത്തരം വിശ്വാസമാണ് ഒരാൾക്ക് ക്രിസ്തുവിലുള്ള വിശ്വാസം കൊണ്ട് അർത്ഥമാക്കുന്നത്.

ബഹുമാനപുരസ്സരം പറയട്ടെ "ക്രിസ്ത്യാനി" എന്ന പദത്തിന്റെ അർത്ഥം ക്രിസ്തുവിന്റെ ശ്രീമതി എന്നത്രെ! എന്നെ വിവാഹം കഴിച്ച ശേഷം മാത്രമാണ് എന്റെ ഭാര്യക്ക് എന്റെ പേരെടുക്കാൻ അവകാശം കിട്ടിയത്. നിങ്ങൾ ക്രിസ്തുവിനോട് വിവാഹബന്ധത്തിൽ ഏർപ്പെടുമ്പോൾ മാത്രമാണ് ആ നാമം ധരിക്കാൻ നിങ്ങൾക്ക് അധികാരമുള്ളൂ. ഏതെങ്കിലും ഒരു സ്ത്രീ എന്നെ വിവാഹം കഴിക്കാതെ ശ്രീമതി സാക് പുന്നൻ എന്ന പേരെടുത്താൽ, അത് വ്യാജമാണ്. ക്രിസ്തുവിനോട് ഒരു വിവാഹബന്ധത്തിലേക്ക് വരാതെ ഒരു വ്യക്തി സ്വയം ക്രിസ്ത്യാനി എന്നു വിളിച്ചാൽ വ്യാജം പറയുകയാണ്.

ഒരു വിവാഹം ചില ദിവസങ്ങൾക്കു വേണ്ടിമാത്രമുള്ള ഒന്നല്ല. ആയുഷ്കാലം മുഴുവനും ഉള്ളകാര്യമാണ്. അതുപോലെ ഒരു ക്രിസ്ത്യാനി ആകുക എന്നത് ആജീവനാന്തമുള്ള ഒരു സമർപ്പണമാണ്. ക്രിസ്തുവിനോടുള്ള സമ്പൂർണ്ണസമർപ്പണം ചെയ്തവർ പൂർണ്ണരായി എന്നർത്ഥമില്ല. ഒരു യുവതി വിവാഹിതയാകുമ്പോൾ തുടർന്നുള്ള ദാമ്പത്യജീവിതത്തിൽ ഒരു തെറ്റും ചെയ്യുകയില്ലെന്നല്ല വാഗ്ദത്തം ചെയ്യുന്നത്. അവൾക്ക് പല വീഴ്ചകളും ഉണ്ടാകാം, പക്ഷേ ഭർത്താവ് അതൊക്കെ ക്ഷമിക്കുന്നു. എന്നാൽ ഭർത്താവിനോടൊത്തു മരണം വരെ ജീവിക്കുവാൻ അവൾ പ്രതിജ്ഞാബദ്ധയാണ്. ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ഒരു ചിത്രമാണിത്.

അടുത്തതായി നിങ്ങൾ ജലസ്നാനം സ്വീകരിക്കണം. സ്നാനം ഒരു വിവാഹസർട്ടിഫിക്കറ്റുപോലെയാണ്. ഒരു വിവാഹസർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രം നിങ്ങൾ വിവാഹിതരാകത്തതുപോലെ സ്നാനം കൊണ്ട് നിങ്ങൾക്ക് ക്രിസ്ത്യാനിയാകാൻ കഴിയുകയില്ല. വിവാഹത്തിനു ശേഷമാണ് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. അതുപോലെ നിങ്ങളുടെ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചതിനുശേഷം മാത്രമാണ് സ്നാനപ്പെടേണ്ടത്. നിങ്ങളുടെ പഴയ ജീവിതത്തോട് നിങ്ങൾ വിട പറഞ്ഞെന്നും യേശുക്രിസ്തുവിനെ നിങ്ങളുടെ കർത്താവായി സ്വീകരിച്ചു എന്നും പരസ്യമായി സാക്ഷിക്കുകയാണ് സ്നാനത്തിൽ നിങ്ങൾ ചെയ്യുന്നത്.

നല്ല ഭാര്യഭർത്താക്കന്മാർ തമ്മിൽ വളരെ സംസാരിക്കും. അതുപോലെ പ്രാർത്ഥനയിലൂടെ നിങ്ങൾ യേശുവിനോട് സംസാരിക്കുകയും, അവിടുത്തെ വചനങ്ങൾ ബൈബിളിലൂടെ ദിനംപ്രതി ശ്രദ്ധിക്കുകയും വേണം. ഒരു നല്ല ഭാര്യ ഒരിക്കലും തന്റെ ഭർത്താവിന് ദുഃഖം ഉളവാക്കുന്ന ഒന്നും ചെയ്യുകയില്ല. ഏതു





കാര്യവും ഭർത്താവുമായുള്ള കൂട്ടായ്മയിൽ അവൾ ചെയ്യും. ഒരു യഥാർത്ഥ ക്രിസ്ത്യാനി ഒരിക്കലും ക്രിസ്തുവിന് ഹിതകരമല്ലാത്ത ഒന്നും ചെയ്യില്ല. യേശു കാണാൻ ഇഷ്ടപ്പെടാത്ത ഒരു സിനിമ അവൻ കാണുകയില്ല. യേശുവിനോടുള്ള കൂട്ടായ്മയിൽ ചെയ്യാൻ കഴിയാത്തതൊന്നും ഒരു ക്രിസ്ത്യാനി ചെയ്യുകയില്ല.

നിങ്ങൾ വീണ്ടും ജനിച്ചതാണെന്ന ഉറപ്പുണ്ടോ? റോമാലേഖനം 8 ന്റെ 15 ഇങ്ങനെ പറയുന്നു. "നിങ്ങൾ വീണ്ടും ജനിക്കുമ്പോൾ, നിങ്ങൾ ദൈവമക്കളാണെന്ന് പരിശുദ്ധാത്മാവ് നിങ്ങളുടെ ആത്മാവിനോട് സാക്ഷ്യം പറയും" ഇത് അത്ഭുതകരമായ ഒരു ജീവിതമാണ്. ലോകത്തിലേക്കും നല്ല ഒരു സ്നേഹിതനോടൊപ്പമുള്ള ജീവിതമാണത്. യേശു എല്ലായിടത്തും എല്ലായ്പ്പോഴും നമ്മോടൊപ്പം ഉള്ളതിനാൽ നാം ഒരിക്കലും തനിയേ അല്ല. നമ്മുടെ പ്രശ്നങ്ങൾ യേശുവിനോട് പങ്കിടുകയും സഹായത്തിനായി ആവശ്യപ്പെടുകയും ചെയ്യാം. യേശു നമ്മുടെ ഭാവി അവിടുത്തെ കരങ്ങളിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുകയാൽ ആകുലചിന്തയും ഭയവും അകന്ന് സന്തോഷഭരിതമായ ഒരു ജീവിതം സാദ്ധ്യമാകുന്നു.

നിങ്ങൾ വിണ്ടും ജനിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഹൃദയംഗമായി ആത്മാർത്ഥതയോടെ യേശുവിനോട് ഇപ്രകാരം പറയുക: "കർത്താവായ യേശുവേ! അവിടുന്നു ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു. നരകശിക്ഷ അർഹിക്കുന്ന ഒരു പാപിയാണ് ഞാൻ. എന്നെ സ്നേഹിച്ച്, എന്റെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചതിന് നന്ദി. അവിടുന്ന് മരണത്തിൽ നിന്ന് ഉയിർത്തു ഇന്നും ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. പാപകരമായ ജീവിതത്തിൽ നിന്നും ഇപ്പോൾത്തന്നെ തിരിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സകല പാപങ്ങളും ക്ഷമിക്കുകയും പാപത്തോട് വെറുപ്പ് നൽകുകയും ചെയ്യണം. ഏതെങ്കിലും വിധത്തിൽ എനിക്ക് ദോഷം ചെയ്തിട്ടുള്ള എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു. കർത്താവായ യേശുവേ എന്റെ ജീവിതത്തിലേക്ക് വന്ന് സാക്ഷാൽ എന്റെ കർത്താവായി വാഴണം. ഇപ്പോൾത്തന്നെ എന്നെ ദൈവപൈതലാക്കണം."

ദൈവവചനം പറയുന്നു: "ക്രിസ്തുവിനെ കൈക്കൊണ്ട ഏവർക്കും ദൈവമക്കളായിതീരാൻ അവിടുന്ന് അവകാശം കൊടുത്തിരിക്കുന്നു (യോഹ. 1:12). യേശു പറയുന്നു: 'എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല" (യോഹ. 6:37).

അവിടുന്ന് നിങ്ങളെ സ്വീകരിച്ചു കഴിഞ്ഞു എന്ന് ഉറപ്പാക്കാം. അതിനുശേഷം ദൈവത്തോട് ഇപ്രകാരം നന്ദിപറയാം: "കർത്താവായ യേശുവേ, നന്ദി. എന്നെ രക്ഷിച്ചതിനും എന്നെ സ്വീകരിച്ചതിനും നന്ദി. പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കയും അങ്ങേക്കായി ജീവിക്കാൻ ശക്തി നൽകുകയും ചെയ്യേണമേ. ഇന്നുമുതൽ അങ്ങയെ മാത്രം പ്രസാദിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു".

തുടർന്ന് നിങ്ങൾ ദിനംപ്രതി ദൈവവചനം വായിക്കയും നാൾതോറും പരിശുദ്ധാത്മനിറവിൽ ജീവിക്കയും വേണം. വീണ്ടും ജനിച്ച മറ്റ് ദൈവമക്കളുമായി കൂട്ടായ്മയിൽ ജീവിക്കണം. ക്രിസ്തീയ ജീവിതത്തിൽ വളരുവാനും, യേശുവിനെ അനുഗമിക്കാൻ ശക്തരായിത്തീരുവാനും അങ്ങനെമാത്രമേ കഴിയൂ. ഒരു നല്ല സഭയിലേക്ക് നിങ്ങളെ നയിക്കുവാൻ കർത്താവിനോട് പ്രാർത്ഥിക്കുക.

യേശു കർത്താവ് നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

(അവസാനിച്ചു)

## കുടുംബത്തെ അവഗണിക്കരുത്

*പേജ് 21 ൽ നിന്ന്*

ആയിരിക്കണം... ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം" (12).

ക്രിസ്തീയനേതൃത്വത്തിലും ശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുന്ന മാതാപിതാക്കളായവർ തങ്ങളുടെ ഉത്തരവാദിത്വത്തെ ഗൗരവമായി കാണേണ്ടതുണ്ട്. ക്രിസ്തീയശുശ്രൂഷകരായ പലരും വേലയുടെ ആധിക്യമോ സമർദ്ദമോ കാരണം കുടുംബത്തെ അവഗണിക്കുകയെന്ന വീഴ്ച വരുത്തുന്നതു കാണാം. എന്നാൽ ഇതിന് യാതൊരു ന്യായീകരണവുമില്ല. യഥാർത്ഥ ക്രിസ്തീയനേതൃത്വം ആരംഭിക്കേണ്ടത് സ്വന്തഭവനത്തിലാണ്.

ഒരാൾ തന്റെ മക്കളെ കരുതുവാനും പഠിപ്പിക്കുവാനും ശിക്ഷണത്തിൽ വളർത്തുവാനും മനസ്സുള്ളവനല്ലെങ്കിൽ അയാൾ ദൈവസഭയെ നയിക്കാൻ യോഗ്യതയുള്ളവനല്ല. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരല്ലാത്തവരെ ദൈവം തന്റെ വലിയ സമ്പത്തിന്റെ ചുമതല ഏല്പിക്കയില്ല എന്നറിയുക. സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾ വഴിതെറ്റിപ്പോകുന്നതായി സാധാരണ പറഞ്ഞുകേൾക്കാറുണ്ട്. സഭാമൂപ്പന്മാരുടെയും പാസ്റ്റർമാരുടെയും മക്കൾ പലപ്പോഴും ദൈവവചനത്തോട് തീരെ ബഹുമാനം കാട്ടാത്തവരും *'നിയമം സ്വന്തകൈകളിൽ എടുക്കുന്നവരും'* ലൗകികന്മാരായി ജീവിക്കുന്നവരുമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത് ദൈവനാമത്തിന് അപമാനകരമാണെന്നു പറയാതെ വയ്യ. ദൈവവേലക്കാർ നിശ്ചയമായും ഇക്കാര്യം ഗൗരവമായി പരിഗണിക്കുകയും തങ്ങളുടെ മക്കൾ നഷ്ടപ്പെട്ടുപോകാതവണ്ണം ഉത്തരവാദികളായിരിക്കുകയും വേണം.

ഈ ദുരവസ്ഥയ്ക്കു രണ്ടുകാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒന്ന്, ആത്മീയശുശ്രൂഷകളുടെ ബാഹുല്യവും ബദ്ധപ്പാടും നിമിത്തം മക്കൾക്കു സമയം നൽകാൻ കഴിയാതെ വരുകയും തന്നിമിത്തം അവരുടെ ആത്മീയാരോഗ്യം അവഗണിക്കപ്പെടുകയും ചെയ്യുന്നു. രണ്ട്, മാതാപിതാക്കളുടെ പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അന്തരം മക്കൾ ശ്രദ്ധിക്കുകയും യാഥാർത്ഥ്യമില്ലാത്ത അവരുടെ പൊള്ളയായ ക്രിസ്തീയതയെ അവർ ഹൃദയംകൊണ്ട് വെറുക്കുകയും ചെയ്യുന്നു. ക്രമേണ, വേഷഭക്തിയിലധിഷ്ഠിതമായ ക്രിസ്തീയതയെ അവർ തള്ളിപ്പറയുകയും മറ്റു ചിലർ യാഥാർത്ഥ്യംവിട്ട് ലോകത്തിന്റെ വഴികളിലേക്കു തിരിയുകയും ചെയ്യുന്നു.

എന്നാൽ ആത്മീയശുശ്രൂഷകർ സ്വന്തകുടുംബത്തിന്റെ കാര്യങ്ങൾക്ക് അമിതമായ മുൻഗണന നൽകുകയും തദ്വാരാ ദൈവസഭയുടെ പ്രവൃത്തി അവഗണിക്കപ്പെടുകയും ചെയ്യാതെ സൂക്ഷിക്കേണ്ടതുണ്ട്. 'മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക'യെന്ന പ്രമാണം (13) കൈവിട്ടുപോകാൻ പാടില്ല. ദൈവരാജ്യത്തിന്റെ വളർച്ചയും വ്യാപനവും നമ്മുടെ മുഖ്യ അജൻഡ ആയിരിക്കണം.

സ്വന്തകുടുംബത്തിനാണോ അതോ ദൈവസഭയ്ക്കും ആത്മീയശുശ്രൂഷയ്ക്കുമാണോ മുൻഗണന നൽകേണ്ടത് എന്ന സംശയം ചിലർക്കുണ്ട്. നിങ്ങളുടെ കുടുംബത്തെ അവഗണിക്കാതെതന്നെ ദൈവസഭയ്ക്കും ദൈവരാജ്യത്തിനും മുൻഗണന നല്കുകയാണ് വേണ്ടത്.





## തെറ്റിൽ നിന്നു പാഠം പഠിക്കുക

**ഇ**ന്റീരിയർ ഡെക്കറേഷനിൽ പ്രാവീണ്യം ഉള്ള ഒരു യുവതി ഒരു ഓർഡർ തേടി ധനാഢ്യയായ ഒരു വൃദ്ധയെ കാണാൻ പോയി. ഒരു പരുക്കൻ മട്ടുകാരിയായിരുന്ന ആ വൃദ്ധ. അവരുടെ വീടിന് ഉൾവശം മോടിപിടിക്കുവാനുള്ള പണി തേടിച്ചെന്ന യുവതിക്ക് സത്യത്തിൽ ആ ജോലി കിട്ടുമെന്ന് പ്രതീക്ഷയില്ലായിരുന്നു. കാരണം ആ നഗരത്തിലെ എല്ലാ അലങ്കാരപ്പണിക്കാരും ഒന്നൊന്നായി ആ വൃദ്ധയെ നേരത്തെ സമീപിച്ചിരുന്നു. പക്ഷേ ആരെയും അവർക്ക് ഇഷ്ടപ്പെട്ടില്ല.

ഏതായാലും യുവതി വൃദ്ധയുടെ വീട് പരിശോധിച്ച് ഒടുവിൽ ജോലിചെയ്യാൻ ഒരു തുക പറഞ്ഞു. വൃദ്ധ യുവതിയെ അടിമുടി നോക്കി. എന്നിട്ടു ചോദിച്ചു:

"നിങ്ങൾക്ക് ജോലിയിൽ എപ്പോഴെങ്കിലും മുൻപ് തെറ്റുപറ്റിയിട്ടുണ്ടോ"

"ഉവ്വ്, എനിക്ക് പല തെറ്റുകളും മുൻപു സംഭവിച്ചിട്ടുണ്ട്."

വൃദ്ധയുടെ മുഖത്ത് പൊടുന്നനെ ഒരു പുഞ്ചിരി വിരിഞ്ഞു:"ശരി. എങ്കിൽ നിങ്ങൾ തന്നെ ഈ ജോലി ചെയ്യുക. നേരത്തെ വന്നവരെല്ലാം തങ്ങൾക്കു തെറ്റുകളൊന്നും വന്നിട്ടില്ലെന്നാണു പറഞ്ഞത്. തെറ്റുകളിൽ നിന്നു പാഠം പഠിക്കാൻ അവസരം കിട്ടാത്തവരെക്കൊണ്ട് പണി ചെയ്യിച്ചു വിഡ്ഢിയാകാൻ ഞാൻ തയ്യാറില്ലായിരുന്നു. തെറ്റുകൾ ചെയ്തു വെന്ന് സമ്മതിക്കുകയും അതിൽനിന്നു പാഠം പഠിക്കുകയും ചെയ്ത നിങ്ങൾക്കുള്ളതാണ് ഈ ജോലി".

●

---

ശരിയായ ഒരു സന്തുലിതാവസ്ഥയിൽ ഇവ രണ്ടും നിലനിർത്തേണ്ടതും ആവശ്യമാണ്. *'ഞാൻ ജീവിക്കുന്നത് എന്റെ കുടുംബത്തിനുവേണ്ടിയല്ല, കർത്താവിനുവേണ്ടിയാണ്; എന്നാൽ കുടുംബത്തിന്റെ ഉത്തരവാദിത്വം ഞാൻ തെല്ലും അവഗണിക്കുന്നില്ല'* എന്നതായിരിക്കട്ടെ നിങ്ങളുടെ നിലപാട്.

ആകയാൽ പ്രിയ മാതാപിതാക്കളേ, മക്കളെ സംബന്ധിച്ച് നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. സുവിശേഷകനോ, അപ്പോസ്തലനോ, പാസ്റ്ററോ, മൂപ്പനോ, വിശ്വാസിയോ ആരുമായിക്കൊള്ളട്ടെ- നാം ഉണരേണ്ട സമയമായി. നമ്മുടെ മക്കളെ ദൈവഭക്തരായി ദൈവസന്നിധിയിൽ നിറുത്തുവാൻ നാം കടപ്പെട്ടവർ തന്നെയാണ്. തിരുവെഴുത്തിലെ മാതൃകയുള്ള മാതാപിതാക്കളിൽ നിന്ന് നമുക്ക് ഉത്തേജനവും വെല്ലുവിളിയും കൈക്കൊള്ളാം. മക്കൾക്കുവേണ്ടി ദൈവമുമ്പാകെ നിലവിളിക്കുകയും സ്വന്ത ജീവിതങ്ങളെ പുനഃക്രമീകരിക്കുകയും ചെയ്യാം. **(തുടരും)**

---

**1** യോശുവ. 24.15/**2** 1 പത്രൊ. 2.12/**3** ഇയ്യോ. 1.1/**4** ഇയ്യോ. 1.5/**5** റോമ. 16.13/**6** മർക്കൊ. 15.21/**7** ഫിലി. 2.20–22/**8** പ്രവൃ. 16.1–3/**9** 2 തിമൊ. 1.5/**10** 2 തിമൊ. 3.14/**11** 2 യോഹ. 5/**12** 1 തിമൊ. 3.4,12/**13** മത്താ. 6.33

●

# ദൈവത്തോടുള്ള അടുത്തബന്ധം പേജ് 10 ൽ നിന്ന്

വ്യത്യസ്തമായ സാഹചര്യങ്ങളായിരുന്നു നിങ്ങൾക്കുണ്ടായിരുന്നതെങ്കിൽ നിങ്ങൾ കൂടുതൽ സന്തുഷ്ടനാകുമായിരുന്നുവെന്നോ നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ നിങ്ങൾ "മനുഷ്യന്റെ കൈപ്പണിയും പ്ലാനുമനുസരിച്ചു സ്വന്ത കരങ്ങളാൽ തന്നെ പണിയപ്പെടുന്ന ഒരു ദേവാലയം" നിർമ്മിക്കുകയാണ് (അപ്പോ. പ്രവൃ. 17:24-29). നിങ്ങളുടെ തന്നെ ഭാവനാനിർമ്മിതമായ ഒരു ഭവനത്തിൽ നിങ്ങൾ ജീവിക്കുകയാണ്.

ഇത്തരം ഭാവനാനിർമ്മിതമായ ഭവനം സ്വന്ത ദൃഷ്ടിയിൽ മനോഹരമായി നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ ദൈവം അതിൽ വാസം ചെയ്യുകയില്ല. കാരണം, അതു നിങ്ങളുടെ ജീവിതത്തിനു ദൈവം വച്ചിട്ടുള്ള അതിരുകൾക്കപ്പുറമായി നിങ്ങളുടെ തന്നെ ചിന്തകളാലും ഭാവനകളാലും നിർമ്മിക്കപ്പെട്ടതാണ്. മിക്ക വിശ്വാസികൾക്കും ദൈവവുമായി ഗാഢമായ കൂട്ടായ്മ ഇല്ലാതിരിക്കുന്നതിന്റെ കാരണം ഇതത്രേ. പരിശുദ്ധാത്മാവിനെ സഹായകനെന്നും ആശ്വാസപ്രദനെന്നും ബൈബിൾ വിളിക്കുന്നു. അവിടുന്നു നമ്മെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവനാണ്. നിങ്ങൾ സന്തോഷപൂർവ്വം അവിടുത്തേക്കു കീഴടങ്ങുകയും അവിടുന്നു നിങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള അതിരുകൾക്കുള്ളിൽ ജീവിക്കുകയും ഈ ഇടുങ്ങിയ വഴിയിൽക്കൂടി മുന്നോട്ടു പോകുകയും ചെയ്യുമെങ്കിൽ നിങ്ങളുടെ കഷ്ടതകളുടെയും പരീക്ഷകളുടെയും മധ്യത്തിൽ പരിശുദ്ധാത്മാവിൽ നിന്നും സഹായവും ആശ്വാസവും നിങ്ങൾക്കു ലഭിക്കും.

'ക്രിസ്തുവിന്റെ കഷ്ടതകൾ ഞങ്ങളിൽ പെരുകുന്നതുപോലെ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു' (2 കോരി. 1:5). പരിശുദ്ധാത്മാവു നൽകുന്ന ഈ ആശ്വാസവും സഹായവും അനുഭവിച്ചിട്ടുള്ള ഒരുവൻ ലോകത്തിന്റെ ആശ്വാസവും സഹായവും കേവലം പൊള്ളയാണെന്ന് വളരെവേഗം മനസ്സിലാക്കും.

ഒരിക്കൽ തന്നെത്തന്നെ സന്തോഷപൂർവം ദൈവത്തിനായി സമർപ്പിച്ച ഒരു സഹോദരനെ എനിക്കറിയാം. എന്നാൽ വേഗത്തിൽ അദ്ദേഹത്തിന്റെ ജീവിതം ഉഗ്രയാതനകൾ നിറഞ്ഞതായിത്തീർന്നു. ദൈവം തന്റെ ഈ വിഷമ സാഹചര്യങ്ങളെ ഒന്നു മാറ്റിത്തന്നാൽ തനിക്കു ദൈവത്തെ കൂടുതൽ ഫലപ്രദമായി സേവിക്കുവാൻ കഴിയുമെന്ന് അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി. ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിലെ ആഗ്രഹമറിഞ്ഞ് താനാഗ്രഹിച്ചത് അദ്ദേഹത്തിന് നൽകി. വിഷമ സാഹചര്യങ്ങൾ മാറി ജീവിതം അദ്ദേഹത്തിനു സന്തുഷ്ടവും സുഗമവുമായിത്തീർന്നു. എന്നാൽ മുൻകാലങ്ങളിലെന്നപോലെ താൻ ഇപ്പോൾ ദൈവത്തോടു സമീപസ്ഥനല്ലെന്നു അദ്ദേഹം വേഗം മനസ്സിലാക്കി. മുമ്പ് തന്റെ ദുരന്തദുരിതങ്ങൾക്കിടയിലെല്ലാം തനിക്ക് ദൈവത്തോട് അനുഗ്രഹകരമായ കൂട്ടായ്മയുണ്ടായിരുന്നു. എന്നാലിപ്പോൾ ദുരിതങ്ങൾ നീങ്ങിപ്പോയതോടെ ആ ഭാഗ്യകരമായ കൂട്ടായ്മയും നീങ്ങിപ്പോയി.

അങ്ങനെ അദ്ദേഹം വിലയേറിയ ഒരു പാഠം പഠിച്ചു. ജീവിതത്തിൽ തനിക്കുണ്ടായ അവസ്ഥയെപ്പറ്റി അതൃപ്തനായിത്തീരുന്നതും ദൈവഹിതം നടക്കണമെന്നാഗ്രഹിക്കാതെ സുഗമജീവിതം വേണമെന്നാഗ്രഹിക്കുന്നതും തെറ്റാണെന്ന് അദ്ദേഹം മനസ്സിലാക്കി. ദൈവം തന്റെ ജ്ഞാനത്തിൽ തന്നെ

(ശേഷം പേജ് 42 ൽ)



വഴികാട്ടി

സഹോദരൻ സ്നേഹിതനയച്ച കത്തുകൾ-1

# മനസ്സ് ഒരു പുൽച്ചാടി

***പ്രിയസുഹൃത്തേ,***

പ്രാർത്ഥിക്കാനിരിക്കുമ്പോൾ മനസ്സുപതറിപ്പോകുന്നു, ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നില്ല എന്ന പ്രശ്നത്തെക്കുറിച്ച് താങ്കൾ എഴുതിച്ചോദിച്ചിരുന്നല്ലോ. അതു സംബന്ധിച്ച് എന്റെ ചില ചിന്തകൾ താങ്കളോടു പങ്കിടാനാണീ കത്ത്.

ഈ പ്രശ്നം നമ്മുടെയിടയിൽ താങ്കൾ വിചാരിക്കുന്നതിനെക്കാൾ വ്യാപകമാണ്. പക്ഷേ പലരും അതു തുറന്നു പറയാൻ തയ്യാറാകുന്നില്ലെന്നേയുള്ളു. പ്രാർത്ഥിക്കാനിരിക്കുമ്പോൾ ശ്രദ്ധപതറിപ്പോകുന്നുവെന്ന് ഒരു പക്ഷേ സമ്മതിച്ചാൽ നമ്മൾ ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളല്ലെന്നു തെറ്റിദ്ധരിക്കുമോ എന്ന പേടിയാണോ ഇതിനു കാരണം? ഏതായാലും പ്രശ്നം തുറന്നുപറഞ്ഞതിന് നന്ദി.

വാസ്തവത്തിൽ നമുക്കെല്ലാം ഒരു പുൽച്ചാടിയുടെ മനസ്സാണുള്ളത്. നമ്മുടെ ചിന്തകൾ എപ്പോഴും ഒന്നിൽ നിന്നു മറ്റൊന്നിലേക്കു ചാടിച്ചാടിപ്പോകും. ചിന്തകളെ നിയന്ത്രിക്കുന്നതാണു ലോകത്തിലേക്കും പ്രയാസമുള്ള സംഗതി. എന്നാൽ നമ്മുടെ എല്ലാ കഴിവുകളിലും വച്ച് പ്രാമുഖ്യമുള്ളത് ഇച്ഛയ്ക്കു (Will)തന്നെയാണ്. സംശയമുണ്ടോ? നമ്മുടെ ഇച്ഛയ്ക്കു വിരുദ്ധമായി നമ്മുടെ മനസ്സിൽ ഒന്നും സംഭവിക്കുക സാധ്യമല്ല. അതുകൊണ്ട് നമ്മുടെ ഇച്ഛ, ചിന്തകളെ പിടികൂടി കീഴ്പ്പെടുത്തി അവയെ ആത്യന്തികമായി ക്രിസ്തുവിന്റെ പാദത്തിൽ എത്തിക്കേണ്ടതുണ്ട്.

എന്നാൽ അലഞ്ഞുതിരിയാൻ ചിന്തകളെ അനുവദിക്കുക എന്ന ദുശ്ശീലം നമ്മിൽ ചുവടുറപ്പിക്കുവാൻ നാം നേരത്തേ അനുവദിച്ചിട്ടുണ്ടെങ്കിൽ അവയെ ഒഴിവാക്കുന്നത് അത്ര എളുപ്പമല്ല. പ്രാർത്ഥനയുടെ സമയത്ത് ചിന്തകളെ നിയന്ത്രിക്കാൻ ഇതുവരെ നമ്മുടെ ഇച്ഛയ്ക്കു കഴിഞ്ഞിട്ടില്ലെങ്കിൽ, അല്ലെങ്കിൽ ഇച്ഛ അതിനായി ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ലെങ്കിൽ ഇപ്പോഴും നമ്മുടെ ഇച്ഛയ്ക്കു വിരുദ്ധമായി പ്രാർത്ഥനാവേളയിൽ നമ്മുടെ ചിന്തകൾ പതിവായി ഭൂമിയിലെ കാര്യങ്ങളിലേക്കു വശീകരിക്കപ്പെട്ടു വഴുതിവീഴുന്നതു കാണാൻ കഴിയും.

ഇതു സംബന്ധിച്ചു നമുക്ക് എന്തു ചെയ്യുവാൻ കഴിയും? സുഹൃത്തേ, അതിനുള്ള ആദ്യചുവടു താങ്കൾ വച്ചു കഴിഞ്ഞു-അതായത് ചിന്തകളെ പ്രാർത്ഥനാവേളയിൽ ഏകാഗ്രമാക്കേണ്ട ആവശ്യം ഉണ്ടെന്നു കാണുകയും പ്രശ്നം പരിഹരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്നു. ഇനി ചെയ്യേണ്ടത് ഇക്കാര്യത്തിൽ ഇതുവരെ സംഭവിച്ച പാളിച്ചയെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് അവിടുത്തെ മുൻപാകെ സ്വയം വിനയപ്പെടുത്തുക എന്നതാണ്. നമ്മുടെ സ്രഷ്ടാവും കർത്താവുമായ ദൈവത്തോടു ഗൗരവം കുറഞ്ഞ നിലയിൽ പെരുമാറിയത് ദൈവദൂഷണത്തിൽ കുറഞ്ഞ ഒന്നല്ലെന്ന് ഓർക്കുക.

തുടർന്ന് എന്തെങ്കിലും ക്രിയാത്മകമായ പ്രായോഗികനിർദ്ദേശമായി

രിക്കും സുഹൃത്ത് എന്നിൽ നിന്നു പ്രതീക്ഷിക്കുക. എന്നാൽ ഒരു നിഷേധാത്മകമായ ഉപദേശം പ്രാരംഭമായി നൽകട്ടെ: നീണ്ട, ഒട്ടേറെ വാക്കുകൾ ഉള്ള, പ്രാർത്ഥന തനിയെ ആയിരിക്കുമ്പോൾ പ്രാർത്ഥിക്കാതിരിക്കുക. നമ്മുടെ പ്രാർത്ഥന നീണ്ടുപോകുന്തോറും, അത് ഒട്ടേറെ വാക്കുകളിലേക്കു പടർന്നു കയറുന്തോറും നമ്മുടെ മനസ്സ് അതിന്റെ ഉള്ളടക്കം വിട്ടു കാടുകയറുവാനുള്ള സാധ്യത കൂടുതലാണ്. നീണ്ട, നിരന്തരമായ സംഭാഷണത്തിലും ഇതു തന്നെയാണു സംഭവിക്കുക. എത്രനേരം പ്രാർത്ഥിക്കുന്നു എന്നതല്ല ദൈവം നോക്കുന്നത്. മറിച്ച് അതിന്റെ തീക്ഷ്ണതയിലാണ്, ആത്മാർത്ഥതയിലാണ്, ഗുണത്തിലാണ് അവിടുത്തെ കണ്ണുകൾ. മുട്ടിന്മേൽ നിന്നുള്ള അലക്ഷ്യമായ സംസാരം അലയുന്ന ചിന്തകൾ തലയിൽ കടന്നുവരാനുള്ള അവസരം സൃഷ്ടിക്കുന്നു.

പകരം ഒരു ധനികന്റെ പടിവാതില്ക്കൽ നില്ക്കുന്ന ഒരു ബധിരനും നിസ്സഹായനുമായ ഒരു യാചകന്റെ സ്ഥാനം പ്രാർത്ഥനയിൽ കൈക്കൊള്ളുക. വീട്ടിലെ ധനികന്റെ നീക്കങ്ങളെക്കുറിച്ചു ജാഗരൂകനായിരിക്കേണ്ടതിന്റെ ഉത്തരവാദിത്വം യാചകന്റേതാണ്. അതുപോലെ താങ്കളുടെ പ്രാർത്ഥനാസമയത്തെ, കീഴടങ്ങലിന്റെ സമയമാക്കി മാറ്റുക. പ്രാർത്ഥിച്ചാലും നിശ്ശബ്ദമായിരുന്നാലും ചിന്തകളെ ദൈവത്തിൽ ഏകാഗ്രമാക്കുക. അവിടുത്തെ ഓരോനീക്കത്തെയും ശ്രദ്ധിക്കുക.

എന്നിട്ടും ചിന്തകൾ പതറിപ്പോകുന്നുവെങ്കിൽ അതിനെച്ചൊല്ലി സംഭ്രാന്തിയിലാകരുത്. അതിനെക്കുറിച്ച്, ആകുലപ്പെടുകയും വലിയ ഒച്ചപ്പാടുണ്ടാക്കുകയും ചെയ്താൽ പ്രശ്നം കൂടുതൽ വഷളാകുകയും ചിന്തകൾ വീണ്ടും അകന്നു പോകുകയുമാകും ഫലം. മറിച്ച് ശാന്തവും നിശ്ശബ്ദവുമായി ഇച്ഛയെ വീണ്ടും ഉറപ്പിക്കുക. വന്നുപോയ പാളിച്ചയെ ചുരുക്കമായി സമ്മതിച്ച് ഏറ്റുപറഞ്ഞ് ചിന്തയെ വീണ്ടും ദൈവത്തിൽ ഏകാഗ്രമാക്കുക. ഇതിൽ നമ്മൾ സ്ഥിരോത്സാഹത്തോടെ ഏർപ്പെട്ടാൽ-പത്തുമിനിറ്റിനകം 20 പ്രാവശ്യം ചിന്തകൾ പതറിപ്പോയാലും-ദൈവത്തിനു നമ്മിൽ കരുണതോന്നും. ക്രമേണ ചാഞ്ചാട്ടം കുറഞ്ഞുകുറഞ്ഞു വരും. ഇച്ഛയെന്നൊരു യജമാനൻ തനിക്കുണ്ടെന്ന് മനസ്സിനു മനസ്സിലാകും.

പ്രാർത്ഥനാസമയത്ത് മനസ്സിന്റെ ശ്രദ്ധ വർദ്ധിപ്പിക്കാനുള്ള ഒരു വഴി മറ്റു സമയത്തും അതു വർദ്ധിപ്പിക്കുക എന്നതാണ്. ദിവസത്തിന്റെ മറ്റു സമയത്തും അലയുന്ന ചിന്തകളേയും ദിവാസ്വപ്നങ്ങളെയും നിയന്ത്രിക്കാൻ പരിശീലിക്കുന്നത് ആരോഗ്യകരമായ ഒരു വ്യായാമമായിരിക്കും. നമ്മുടെ മനസ്സ് നിരന്തരം അവിടുത്തെ സാന്നിധ്യത്തിലായിരിക്കണം. പകൽ ഇടയ്ക്കിടെ നമ്മുടെ ചിന്തകളെ ബോധപൂർവ്വമുള്ള പ്രവൃത്തിയായിത്തന്നെ അവിടുത്തേക്കു കീഴ്പ്പെടുത്തുന്നതു നമ്മുടെ ചിന്തകളേയും ആഗ്രഹങ്ങളേയും തന്നിൽ കേന്ദ്രീകരിക്കുന്നതിനുള്ള നല്ല ഒരഭ്യാസം ആയിരിക്കും. ജീവിതത്തിന്റെ മറ്റു ഘടകങ്ങളിൽ നിന്നു വേറിട്ടു നില്ക്കുന്ന ഒന്നല്ല പ്രാർത്ഥന. വാസ്തവത്തിൽ അവയെ ദൈവമുൻപാകെ കേന്ദ്രീകരിക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യുന്നതാണു പ്രാർത്ഥന. നമ്മുടെ ജീവിതം അവിടുത്തെ മുൻപാകെയാണു ജീവിക്കേണ്ടത്. അങ്ങനെ ചെയ്താൽ അലയുന്ന, ചപലമായ ചിന്തകൾ നമ്മുടെ പ്രാർത്ഥനാസമയത്തെ തടവിലാക്കുകയില്ല.

സുഹൃത്തേ, ഇത്രയും എഴുതിയതു താങ്കൾക്കു സഹായകരമാണെന്നു കരുതട്ടെ. എല്ലാറ്റിലും ഉപരി ഒരിക്കലും അധൈര്യപ്പെടരുത്. ഹൃദയം എല്ലാറ്റിനെക്കാളും വഞ്ചനാത്മകമാണ്. എന്നാൽ ദൈവം നമ്മുടെ പ്രകൃതി അറിയുന്നു...നാം 'പൊടി'യെന്ന് അവിടുന്ന് ഓർക്കുന്നു.

ക്രിസ്തുവിൽ സഹോദരൻ. ●



### അനുഭവകഥ ആരംഭിക്കുന്നു

# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-1

**രാ**ത്രി വളരെ വൈകിയിരുന്നു.

ഞാൻ എന്റെ പഠനമുറിയിലിരുന്ന് ലൈഫ്മാഗസിന്റെ പേജുകൾ മറിക്കുകയാണ്.

പെട്ടെന്നാണതു സംഭവിച്ചത്. എന്റെ കണ്ണുകൾ ഒരു രേഖാചിത്രത്തിൽ ഉടക്കി. കൊലപാതകക്കുറ്റത്തിനു വിചാരണ നേരിടുന്ന ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. സത്യത്തിൽ ഏഴുകുട്ടികളേയും ഞാൻ കണ്ടില്ല. അതിൽ ഒരാൺകുട്ടിയുടെ മുഖം, പ്രത്യേകിച്ച് അവന്റെ കണ്ണുകൾ, അതാണ് എന്റെ ഹൃദയത്തിൽ ഉടക്കി വലിച്ചത്.

മുന്നൂറ്റമ്പതുമൈലകലെ ന്യൂയോർക്കു നഗരത്തിലാണ് ഈ കുട്ടികൾ വിചാരണയെ നേരിടുന്നത്.

ഞാൻ മാസികയുടെ പേജ് മലർക്കെത്തുറന്നു, കുറച്ചുകൂടി വ്യക്തമായിക്കാണുവാൻ വേണ്ടി. ആർട്ടിസ്റ്റ് വലിയ കലാപാടവത്തോടെയാണ് ആ ചിത്രം വരച്ചിരുന്നത്. നിസ്സഹായതയും, നിരാശതയും വെറുപ്പും എല്ലാം അവന്റെ ആ നില്പിൽ, കണ്ണുകളിൽ, പ്രതിഫലിച്ചിരുന്നു. ദൈന്യതയുടെ ആൾരൂപം പോലെ ഒരു കുട്ടി. അവൻ ഒരു കൊലപാതകിയാണ്!

പെട്ടെന്ന് എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുവാൻ തുടങ്ങി. "ഹേയ്, എനിക്കെന്തു സംഭവിച്ചു!" ഞാൻ എന്നോടുതന്നെ ഉറക്കെ ചോദിച്ചുകൊണ്ട് അക്ഷമയോടെ കണ്ണീരു തുടച്ചു.

ഞാൻ ഏകാഗ്രതയോടെ ആ ചിത്രം നോക്കുവാൻ തുടങ്ങി. കുട്ടികൾ എല്ലാവരും കൗമാരക്കാരാണ്. 'ഡ്രാഗൺ' എന്നു വിളിക്കുന്ന സംഘത്തിലെ അംഗങ്ങളാണവരെല്ലാം. ചിത്രത്തിനു താഴെ അതു സംബന്ധിക്കുന്ന വിശദമായ വിവരണം നൽകിയിരുന്നു. ന്യൂയോർക്കിലെ ഹൈബ്രിഡ്ജ് പാർക്കിലാണ് ആ മൃഗീയമായ കൊലപാതകം അരങ്ങേറിയത്. മൈക്കൽ ഫാർമർ എന്ന പോളിയോബാധിതനായ പതിനഞ്ചുകാരൻ അവിടെ ക്രൂരമായി ആക്രമിക്കപ്പെട്ടു, ഒടുവിൽ കൊല്ലപ്പെട്ടു. 'ഡ്രാഗണി'ലെ ഏഴുകുട്ടികളും മൈക്കലിനെ തങ്ങളുടെ കത്തികൊണ്ട് ഏഴുവട്ടം കുത്തുകയാണുണ്ടായത്. താഴെവീണ അവനെ ബെൽറ്റൂരി തലങ്ങുംവിലങ്ങും അടിച്ചു. ഒടുവിൽ കത്തികൾ വലിച്ചൂരി അതിലെ രക്തം തങ്ങളുടെ തലമുടിയിൽ തുടച്ച് "ഞങ്ങൾ അവനെ നല്ല പരുവമാക്കി" എന്ന് ആക്രോശിച്ച് അവർ സ്ഥലം വിട്ടു.

ഈ സംഭവവിവരണം എന്നെ ചെടി

പ്പിച്ചു. എനിക്കു മനംപിരട്ടി. ഞങ്ങളുടെ കൊച്ചു മലയോരപട്ടണത്തിൽ ഇത്തരം സംഭവങ്ങൾ ക്രൂരമാംവണ്ണം അവിശ്വസനീയമായിരുന്നു.

അതുകൊണ്ടുതന്നെ പൊടുന്നനെ എന്റെ മനസ്സിലേക്കു വന്ന (തീർച്ചയായും എന്നിൽ നിന്നല്ല പുറത്തെവിടെയോനിന്ന്) ശക്തവും വ്യക്തവുമായ ഒരു നിർദ്ദേശത്തിനുമുന്നിൽ ഞാൻ നിശ്ചേഷ്ടനായി ഇരുന്നുപോയി:

*ന്യൂയോർക്ക് നഗരത്തിലേക്കു പോയി ഈ കുട്ടികളെ സഹായിക്കുക!*

*ഞാൻ ഉറക്കെച്ചിരിച്ചുപോയി. “ഞാനോ? ന്യൂയോർക്കിൽ പോകാനോ? നാട്ടുംപുറത്തുകാരനായ ഒരു ഉപദേശി ഒട്ടും പരിചയമില്ലാത്ത ഒരു കാര്യത്തിൽ കൊണ്ടുപോയി തലയിടാനോ? നല്ല കഥയായി!”*

*ന്യൂയോർക്കുനഗരത്തിലേക്കു പോയി ഈ കുട്ടികളെ സഹായിക്കുക!*

ആ ചിന്ത അപ്പോഴും അവിടെയുണ്ട്. ആദ്യത്തേതുപോലെ തന്നെ വ്യക്തമായി. എന്റെ തന്നെ ആശയങ്ങളിൽനിന്നും തോന്നലുകളിൽ നിന്നും പൂർണമായും വ്യതിരിക്തം.

“ഞാനൊരു വിഡ്ഢിയാണ്. ഒന്നാമത് ഇത്തരം പിള്ളേരുടെ കാര്യമൊന്നും എനിക്ക് അറിയുകേല. എനിക്കൊട്ട് അറിയാൻ ആഗ്രഹവുമില്ല.”

ങേ ഹേ! ഇങ്ങനെ എതിർവാദം ചെയ്തിട്ടും എന്താ പ്രയോജനം? ആ ആശയം മനസ്സിൽ നിന്നും പറിഞ്ഞുപോകുന്നില്ല: ഞാൻ ന്യൂയോർക്കിലേക്കു പോകണം. ഒട്ടും താമസിക്കാൻ പാടില്ല. വിചാരണ നടക്കുന്ന ഇപ്പോൾ തന്നെ.

ഇത്തരം ഒരു ‘ഭ്രാന്തൻ ആശയം’ മനസ്സിൽ കയറിക്കൂടുന്നതുവരെ എന്റെ ജീവിതം എത്ര ശാന്തസുന്ദരമായിരുന്നു എന്നറിയണമെങ്കിൽ, ഞാൻ പഠനമുറിയിലിരുന്നു രാത്രി ലൈഫ് മാസിക മറിച്ചുനോക്കാനിടയായ സാഹചര്യം വിവരിക്കേണ്ടിയിരിക്കുന്നു. തൃപ്തികരമായിപ്പോകുന്ന ഒരു ജീവിതമായിരുന്നു എന്റേത്. പെൻസിൽവാനിയായിലെ ഫിൽസ്ബർഗ് എന്ന പർവ്വതപട്ടണത്തിൽ ഒരു കൊച്ചുസഭ. അവിടെ ഞാൻ അന്നു ശുശ്രൂഷകനായിരുന്നു. പതുക്കെയെങ്കിലും ക്രമമായി വളരുന്ന സഭ. പുതിയ സഭാഹാൾ. പുതിയ പാഴ്സനേജ്. തടിച്ച മിഷനറിബജറ്റ്. ഈ വളർച്ചയിൽ എനിക്കു സംതൃപ്തിക്ക് അവകാശമുണ്ടായിരുന്നു. കാരണം, നാലുവർഷം മുൻപ് ഞാനും ജെന്നും ഫിൽസ് ബർഗ്ഗിൽ എത്തുമ്പോൾ സഭയ്ക്ക് സ്വന്തമായി കെട്ടിടം പോലും ഉണ്ടായിരുന്നില്ല. അമ്പതുപേരടങ്ങുന്ന സഭാജനങ്ങൾ സ്വകാര്യവസതിയിലാണു മീറ്റിംഗിനായി കൂടിയിരുന്നത്. താഴെ സഭായോഗം കൂടും. മുകളിലത്തെ നില പാഴ്സനേജ്.

ഞങ്ങൾ ആ സഭയുടെ ഒഴിഞ്ഞുകിടന്ന പുൾപ്പിറ്റിനുവേണ്ടി സ്ഥാനാർത്ഥികളായി എത്തിയ ആദ്യദിവസം ഇന്നെന്നപോലെ ഓർക്കുന്നു. പുൾപ്പിറ്റ് കമ്മിറ്റിയംഗങ്ങൾ ഞങ്ങൾക്ക് മീറ്റിംഗ് സ്ഥലവും പാഴ്സനേജും മറ്റും കാട്ടിത്തരികയായിരുന്നു.

“പൊളിഞ്ഞുകിടക്കുന്നതൊക്കെ ഒന്ന് ഉറപ്പിക്കേണ്ടതായിട്ടുണ്ട്”സഭാംഗങ്ങളിൽ ഒരുവൾ ക്ഷമാപണസ്വരത്തിൽ പറഞ്ഞു. കോട്ടൺ പ്രിന്റ് ഉടുപ്പുധരിച്ച തടിച്ച ഒരു സഹോദരി. അവളുടെ പരുപരുത്ത കൈത്തലത്തിൽ മുകൾഭാഗത്ത് വിണ്ടുകീറിയപോലെ. കൃഷിപ്പണിമൂലം കറുത്ത ചേറ് അവിടെ അടിഞ്ഞിരുന്നതു ഞാൻ ശ്രദ്ധിച്ചതോർക്കുന്നു.

‘‘നിങ്ങൾ തന്നെ എല്ലാം ഒന്നു നോക്കിക്കണ്ടോട്ടെ” എന്നു കമ്മിറ്റിയംഗങ്ങൾ പറഞ്ഞപ്പോൾ ജെൻ പാഴ്സനേജ് ഒന്നു പരിശോധിക്കാനായി തനിയേ കോണികയറി. മുകളിലത്തെ





നിലയിൽ മുറികളുടെ കതകുകൾ അടയ്ക്കുന്ന ശബ്ദംകൊണ്ട് അവൾക്കു താമസസൗകര്യം അത്ര ബോധിച്ചില്ലെന്ന് താഴെ കമ്മിറ്റിയംഗങ്ങളുമായി സംസാരിച്ചു നിന്ന എനിക്കു മനസ്സിലായി. എന്നാൽ ഏറ്റവും വലിയ ‘ആഘാതം’ ഉണ്ടായത് ജെൻ അടുക്കളയുടെ ഒരു ഡ്രോ തുറന്നു നോക്കിയപ്പോഴാണ്. അവളുടെ നിലവിളിയുടെ ശബ്ദം കേട്ട് ഞാൻ മുകളിലത്തെ നിലയിലേക്കോടി. തുറന്ന ഡ്രോയ്ക്കുള്ളിൽ അവ അപ്പോഴും അരിച്ചു നടക്കുന്നുണ്ടായിരുന്നു-ഏഴെട്ടു മുഴുത്ത കറുത്ത പാറ്റകൾ!

ഡ്രോ, ജെൻ ശബ്ദത്തോടെ വലിച്ചടച്ചു.

“ഓ, ഡേവി, എന്നെക്കൊണ്ടു പറ്റുകേല” അവൾ കരഞ്ഞു.

എന്റെ മറുപടിക്കു കാക്കാതെ അവൾ തിരിഞ്ഞോടി. ഹാളിലൂടെ, ഇടനാഴിയിലൂടെ, സ്റ്റെയർകേസ് ഓടിയിറങ്ങുമ്പോൾ എല്ലാം അവളുടെ ചെരുപ്പിന്റെ മടമ്പ് നിലത്തുപതിയുന്ന ഒച്ചവല്ലാതെ പ്രകമ്പനം സൃഷ്ടിച്ചു. ഞാൻ കമ്മിറ്റിയംഗങ്ങളോടു ധൃതിയിൽ ക്ഷമ പറഞ്ഞ് ജെന്നിനെ പിന്തുടർന്നു. ഒടുവിൽ ഞങ്ങൾ താമസിച്ചിരുന്ന ഹോട്ടൽ മുറിയിൽ-ഫിൽസ്ബർഗ്ഗിലെ ഒരേ ഒരു ഹോട്ടലാണത്- ഞാൻ എത്തുമ്പോൾ കൈക്കുഞ്ഞുമായി ജെൻ അവിടെ കാത്തിരിപ്പുണ്ട്.

“പൊന്നേ, മാപ്പ്” ജെൻ പറഞ്ഞു” അവരെല്ലാം വളരെ നല്ല ആളുകളാ. പക്ഷേ എനിക്കു പാറ്റയെ ഭയങ്കര പേടിയാ.”

അവൾ പെട്ടിയെല്ലാം പായ്ക്കു ചെയ്തുകഴിഞ്ഞിരുന്നു. ജെന്നിനെ സംബന്ധിച്ചിടത്തോളം പെൻസിൽവാനിയയിലെ ഫിൽസ്ബർഗ് സഭ ഇനി മറ്റൊരു ശുശ്രൂഷകനെ കണ്ടെത്തേണ്ടിയിരിക്കുന്നു.

പക്ഷേ കാര്യങ്ങൾ ആ നിലയിൽ നടന്നില്ല. ഞങ്ങൾക്കു സന്ധ്യയ്ക്കു മുൻപേ പോകാൻ കഴിയുമായിരുന്നില്ല. കാരണം ആ ഞായറാഴ്ച രാത്രി സർവീസിൽ ആ സഭയിൽ ഞാൻ പ്രസംഗിക്കത്തക്കവണ്ണമാണു പരിപാടി ക്രമീകരിച്ചിരുന്നത്. അതൊരു നല്ല പ്രസംഗമായിരുന്നോ എന്നു ഞാൻ ഓർക്കുന്നില്ല. പക്ഷേ അതിലെ എന്തോ ഒന്നു ആ കൊച്ചു വീട്ടുസഭയിലെ അമ്പതോളം പേരെ സ്പർശിച്ചു. എന്റെ മുമ്പിൽ ഇരുന്ന പരുക്കൻ കരങ്ങളുള്ള കർഷകരിൽ പലരും തൂവാലകൊണ്ടു മുഖം മറച്ചു വിങ്ങുന്നതു കാണാമായിരുന്നു. ഞാൻ പ്രസംഗം പൂർത്തിയാക്കി കാറിൽ കയറി ഫിൽസ്ബർഗ്ഗിലെ മലഞ്ചരിവുകൾ പിന്നിലാക്കി മടങ്ങിപ്പോകുവാൻ മാനസികമായി തയ്യാറെടുക്കുമ്പോഴിതാ യോഗത്തിന്റെ മദ്ധ്യത്തിൽ പ്രായമുള്ള ഒരു മാന്യവിശ്വാസി എഴുന്നേറ്റുനിന്നു ചോദിക്കുന്നു:

“റവറന്റ് വിൽക്കേഴ്സൺ, നിങ്ങൾ വന്നു ഞങ്ങളുടെ പാസ്റ്ററായി ഇരിക്കാമോ?”

അത് അപ്രതീക്ഷിതമായിരുന്നു. എന്നെയും ഭാര്യയെയും ഉൾപ്പെടെ എല്ലാവരേയും അത് അത്ഭുതപ്പെടുത്തി. പല ആഴ്ചകളായി നിരവധി സ്ഥാനാർത്ഥികൾക്കിടയിൽ നിന്ന് തങ്ങൾക്കുപറ്റിയ ഒരു ഇടയനെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിലായിരുന്നു ഫിൽസ്ബർഗ്ഗിലെ കൊച്ച് അസംബ്ലി ഓഫ് ഗോഡ് സഭ. പക്ഷേ അതിനിടയിലിതാ ഇപ്പോൾ, പഴയ വിശ്വാസിയായ മിസ്റ്റർ മേയർ കടിഞ്ഞാൺ സ്വയം കൈകളിലേന്തുകയാണ്. യോഗത്തിനുനടുവിൽ എഴുന്നേറ്റുനിന്ന് ഏകപക്ഷീയമായി എന്നെ അവരുടെ ശുശ്രൂഷകനാകാൻ ക്ഷണിക്കുകയാണ്! പക്ഷേ പ്രതിഷേധിക്കുന്ന ആളുകൾക്കു പകരം മിസ്റ്റർ മേയർ കാണുന്നതു തന്റെ ചുറ്റും നിന്ന് അംഗീകാരസൂചകമായി അവർ തലയാട്ടുന്ന

താണ്!

“നിങ്ങൾ ഒരു മിനിറ്റു പുറത്തേക്കു നിന്ന് ഇക്കാര്യത്തെക്കുറിച്ചു ഭാര്യയോടു സംസാരിച്ചാലും. ഞങ്ങളും ഉടനെ അങ്ങോട്ടു വരാം''. മിസ്റ്റർ മേയർ എന്നോടു പറഞ്ഞു.

പുറത്ത് ഇരുട്ടിൽ കാറിൽ ജെൻ നിശ്ശബ്ദയായിരുന്നു. പുറകിലത്തെ സീറ്റിൽ തന്റെ തൊട്ടിലിൽ ഡെബി ഉറങ്ങിക്കിടക്കുന്നു. പായ്ക്കു ചെയ്തുവച്ചിരിക്കുന്ന പള്ളവീർത്ത ഞങ്ങളുടെ സൂട്ട്കേസ് സമീപം. ജെന്നിന്റെ മൗനത്തിൽ പാറ്റകളോടുള്ള നിശ്ശബ്ദമായ ഒരു പ്രതിഷേധം ഉണ്ടായിരുന്നു.

“നമുക്കു സഹായം ആവശ്യമുണ്ട് ജെൻ” ഞാൻ തിടുക്കത്തിൽ പറഞ്ഞു “നമുക്കു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു”.

“ആ പാറ്റകളെക്കുറിച്ചും ചോദിക്കണേ” ജെൻ.

“തീർച്ചയായും, ഞാൻ അതുതന്നെയാണു ചെയ്യുവാൻ പോകുന്നത്”

ഞാൻ തലവണക്കി. ദൈവത്തിന്റെ ഹിതം ഒരു അടയാളത്തിലൂടെ മനസ്സിലാക്കുവാനുള്ള ഒരു പ്രത്യേകപ്രാർത്ഥനയ്ക്ക് ആ സഭാഹാളിനു പുറത്തെ ഇരുട്ടിൽ ഞാൻ തയ്യാറായി. ‘ദൈവത്തിന്റെ മുൻപാകെ ഒരു തോൽ ഇടുന്ന പരീക്ഷയാ’ണത്. ഗിദയോൻ തന്റെ ജീവിതം സംബന്ധിച്ച ദൈവഹിതം അറിയാനായി തോൽ ഉപയോഗിച്ച് ഒരു പരീക്ഷണം നടത്തിയല്ലോ! തറയിൽ വിരിച്ച ആട്ടിൻതോൽ മാത്രം ഉണങ്ങിയിരിക്കുകയും തറ മഞ്ഞിനാൽ നനഞ്ഞിരിക്കുകയും വേണമെന്ന് അവൻ ദൈവത്തോട് ആവശ്യപ്പെട്ടു. ആ അടയാളം അതുപോലെ അനുവദിച്ച് ദൈവം അവനു തന്റെ ഹിതം സംബന്ധിച്ച ഉറപ്പുനൽകി. അതു ഓർത്തുകൊണ്ട് ഞാൻ കാറിലിരുന്ന് ഉച്ചത്തിൽ പ്രാർത്ഥിച്ചു.

“കർത്താവേ, ഞാൻ അങ്ങയുടെ മുൻപാകെ ഇപ്പോൾ ഒരു തോൽ ഇടുന്നു. അവിടുത്തെ ഹിതം എന്തെന്നു കാണിച്ചു തന്നാൽ ഞങ്ങൾ അതു ചെയ്യുവാൻ തയ്യാറാണ്. കർത്താവേ, ഞങ്ങൾ ഫിൽസ് ബർഗ്ഗിൽ നില്ക്കേണ്ടത് അവിടുത്തെ ഹിതമാണെങ്കിൽ കമ്മിററി ഏകകണ്ഠമായി ഞങ്ങളെ തിരഞ്ഞെടുക്കണം. അതുപോലെ പാഴ്സനേജ് അവരുടെ ചെലവിൽ അറ്റകുറ്റപ്പണി ചെയ്തു നല്ല ഒരു സ്റ്റൗവും ഭേദപ്പെട്ട ഒരു ഫ്രിഡ്ജും...”

അപ്പോഴേക്കും സഭാഹാളിന്റെ മുൻവശത്തെ കതകു തുറന്നു കമ്മിറ്റിയംഗങ്ങൾ പുറത്തേക്കു വരുന്ന ശബ്ദം. ഇനി നേരമില്ല. അതുകൊണ്ട് ജെൻ തിടുക്കത്തിൽ എന്റെ പ്രാർത്ഥനയിൽ ഇങ്ങനെ പങ്കുചേർന്നു:

“അതുപോലെ കർത്താവേ, അവരു തന്നെ മുൻകൈയെടുത്തു പാറ്റകളെ ഓടിക്കുകയും വേണം.”

കമ്മിറ്റിയംഗങ്ങളോടൊപ്പം മുഴുവൻ സഭാംഗങ്ങളും പുറത്തുവന്നു ഞങ്ങളുടെ കാറിനുചുറ്റും കൂടി. ഞാനും ജെന്നും പുറത്തിറങ്ങി നിന്നു. മിസ്റ്റർ മേയർ മുരടനക്കി സംസാരിച്ചു തുടങ്ങിയപ്പോൾ ഇരുട്ടത്തു ജെൻ എന്റെ കൈ ഞെരിച്ചു.

‘‘റവറന്റ് ആൻഡ് മിസ്സിസ് വിൽക്കേഴ്സൺ'' അദ്ദേഹം ഒരു നിമിഷം നിർത്തി വീണ്ടും ആരംഭിച്ചു “സഹോദരൻ ഡേവിഡ്, സഹോദരി ജെൻ, ഞങ്ങൾ ഒരു വോട്ടെടുത്തു. നിങ്ങൾ ഞങ്ങളുടെ പാസ്റ്ററായി വരണമെന്നാണു ഞങ്ങളുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം. നിങ്ങൾ വരുവാൻ തീരുമാനിച്ചാൽ ഞങ്ങൾ അറ്റകുറ്റപ്പണിചെയ്ത് ഒരു പുതിയ സ്റ്റൗവും മറ്റു സാധനങ്ങളുമായി പാഴ്സനേജ് ക്രമീകരിക്കും. അതുപോലെ സഹോദരി വില്യംസ് പറയുകയായിരുന്നു ഈ പ്രദേശമെല്ലാം ഒന്നു പുകയ്ക്കണമെന്ന്...”

‘‘അതേയതേ, എന്നാലേ പാറ്റകളേയും കൂറകളേയും പായിക്കാൻ കഴിയൂ” സഹോദരി വില്യംസു തന്നെ ജെന്നിനു നേരേ തിരിഞ്ഞു കൂട്ടിച്ചേർത്തു.

സഭാഹാളിന്റെ തുറന്നുകിടന്ന വാതിലിലൂടെ പ്രകാശം പുറത്തേക്കു പാളിവീഴുന്നുണ്ടായിരുന്നു. ആ വെളിച്ചത്തിൽ ഞാൻ ജെന്നിനു നേരേ നോക്കി. അവളുടെ കവിളിൽ കണ്ണീരിന്റെ തിളക്കം. വാസ്തവത്തിൽ ജെൻ കരയുകയായിരുന്നു. ഒരോരുത്തർക്കും കൈകൊടുത്ത് ഒടുവിൽ ഹോട്ടൽമുറിയിൽ തിരിച്ചെത്തിയപ്പോൾ ജെൻ പറഞ്ഞു അവൾ അങ്ങേയറ്റം സന്തുഷ്ടയാണെന്ന്.

അതേ. ഫിൽസ് ബർഗ്ഗിൽ ഞങ്ങൾ വളരെ സന്തുഷ്ടരായിരുന്നു. നാട്ടിൻപുറത്തുകാരൻ ഉപദേശിയുടെ ജീവിതം എനിക്കു നന്നേ ഇണങ്ങുമായിരുന്നു. ഇടവകയിലുള്ളവരിൽ ഭൂരിപക്ഷവും ഒന്നുകിൽ കർഷകർ. അല്ലെങ്കിൽ കൽക്കരിപ്പണിക്കാർ. ദൈവത്തെ ഭയപ്പെടുന്നവരും സത്യസന്ധരും ഔദാര്യമനസ്ക്കരുമായിരുന്നു അവർ. ദശാംശമായി അവർ മുട്ടയും പാലും വെണ്ണയും ഇറച്ചിയുമൊക്കെ കൊണ്ടുവന്നു. ക്രിയാത്മകവീക്ഷണമുള്ളവരും സന്തുഷ്ടരുമായ മനുഷ്യർ. ആദരവു തോന്നുന്ന, അവരിൽനിന്നു പഠിക്കാൻ കഴിയുന്ന ആളുകൾ.

ഞങ്ങൾ അവിടെച്ചെന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ പട്ടണത്തിന്റെ ഒരു ഓരത്ത് ഞങ്ങൾ പഴയ ഒരു ബേസ്ബോൾ കളിക്കളം വിലയ്ക്കുവാങ്ങി. അവിടെ ആഗ്രഹിച്ചതുപോലെ ഒരു സഭാഹാൾ പണിതീർത്തു.

തൊട്ടടുത്തു പാഴ്സനേജ്. ജെന്നായിരുന്നു അവിടുത്തെ വീട്ടമ്മ. അഞ്ചു മുറികളുള്ള മനോഹരമായ പിങ്കുനിറത്തിൽ ഒരു കൊച്ചു ബംഗ്ലാവ്. വീടിന്റെ ഒരു ഭാഗത്ത് കുന്നുകളുടെ കാഴ്ച. മറുവശത്ത് പള്ളിയുടെ മുഖാരവത്തിലെ കുരിശിന്റെ ദൃശ്യം.

ഫിൽസ്ബർഗ്ഗിൽ ഞാനും ജെന്നും കഠിനമായി പണിയെടുത്തു. ഫലം 1958 ലെ പുതുവത്സരദിവസം പള്ളിയിൽ 250 പേർ കൂടിവരാനുണ്ടായിരുന്നു; ഞങ്ങളുടെ ഫിൽസ്ബർഗ്ഗിൽ ജനിച്ച മകൾ ബോണിയുൾപ്പെടെ.

എന്നാൽ ഞാൻ അസ്വസ്ഥനായിരുന്നു. ആത്മീയമായ ഒരസംതൃപ്തി എനിക്കു തോന്നുവാൻ തുടങ്ങി. മലമുകളിലെ അഞ്ചേക്കർ സ്ഥലത്തിന്റെ ഒത്ത മദ്ധ്യത്തിൽ നിൽക്കുന്ന മനോഹരമായ പള്ളിക്കോ, സഭയുടെ കനത്തുവരുന്ന മിഷനറി ബജറ്റിനോ ഒന്നും ആ അസംതൃപ്തി കെടുത്തിക്കളയുവാൻ കഴിഞ്ഞില്ല. ആളുകൾ അവരുടെ ജീവിതത്തിലെ പ്രധാന തീയതികൾ ഓർത്തിരിക്കുന്നതുപോലെ 1958 ഫെബ്രുവരി ഒൻപത് രാത്രി ഞാൻ ഇന്നും വ്യക്തമായി ഓർക്കുന്നു-അന്നാണ് ഞാനെന്റെ ടെലിവിഷൻസെറ്റു വില്ക്കാൻ തീരുമാനിച്ചത്.

രാത്രി വളരെ വൈകിയിരുന്നു. ജെന്നും കുഞ്ഞുങ്ങളും ഉറക്കമായി. ഞാൻ ടി.വിയുടെ മുമ്പിലിരുന്നു ‘ലേറ്റ്ഷോ’ കാണുകയാണ്. അതിൽ ഒരു പരിപാടിയുടെ ഭാഗമായി വില കൂടിയ വേഷംധരിച്ചു കുറെ പെൺകുട്ടികൾ സ്ക്രീനിൽ നൃത്തം ചെയ്തു പോകുന്നതിന്റെ ഒരു ദൃശ്യം. ഇതെല്ലാം എത്ര വിരസമാണെന്നു പൊടുന്നനെ ഞാൻ ഓർത്തു.

‘‘ഡേവിഡ്, നീ കിഴവനാവുകയാണ്” ഞാൻ എനിക്കു തന്നെ മുന്നറിയിപ്പുനൽകി.

എന്നാൽ എത്ര ശ്രമിച്ചിട്ടും നൃത്തക്കാരിയായ ഒരു പെൺകുട്ടിയെ-ആരാണവൾ?-കേന്ദ്രീകരിച്ചുള്ള ആ പരിപാടിയുടെ കഥാതന്തു എനിക്കോർത്തെടുക്കാൻ കഴിഞ്ഞില്ല.

വിരസതയോടെ ഞാൻ എഴുന്നേറ്റ് ടി.വി. ഓഫാക്കി. സ്ക്രീനിന്റെ മദ്ധ്യത്തിൽ പെൺകുട്ടികൾ ഒരു പൊട്ടുപോലെ അപ്രത്യക്ഷമായി. ലിവിങ്റൂം വിട്ട് ഞാൻ ഓഫീസ് മുറിയിലേക്കു പോയി. അവിടെ ബ്രൗൺ തുകലിട്ട എന്റെ ചാരുകസേരയിൽ ഞാൻ അമർന്നു.

“എത്രനേരമാണ് ഞാൻ ഓരോ രാത്രിയും ടി.വി.ക്കു മുമ്പിൽ ചെലവഴിക്കുന്നത്!'' ഞാൻ അത്ഭുതപ്പെട്ടു.“ഏറ്റവും കുറഞ്ഞത് രണ്ടുമണിക്കൂർ വീതം. ഞാനീ ടി.വി സെറ്റു വിറ്റ് ആ സമയം പ്രാർത്ഥിക്കാനെടുത്താൽ കർത്താവേ, എന്താണു സംഭവിക്കുക!” വീട്ടിൽ ടി.വി കാണുന്ന ഒരേ ഒരാൾ ഞാനാണ്.

ഓരോ രാത്രിയും ഈ രണ്ടു മണിക്കൂർ പ്രാർത്ഥനയ്ക്കായി ചെലവഴിച്ചാൽ എന്തു സംഭവിക്കും? അതൊരു ഗംഭീര ആശയമായിരുന്നു. ടി.വി യ്ക്കു പകരം പ്രാർത്ഥന.

അപ്പോൾ തന്നെ എതിർന്യായങ്ങളും മനസ്സിൽ തോന്നിത്തുടങ്ങി. രാത്രികളിൽ ഞാൻ ക്ഷീണിതനായിരിക്കും. എനിക്ക് വിശ്രമവും വൈവിദ്ധ്യവും ആവശ്യമാണ്. ടി.വി ഞങ്ങളുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. ആളുകൾ കാണുന്നതും സംസാരിക്കുന്നതും എന്തിനെപ്പറ്റിയാണെന്ന് ഒരു ശുശ്രൂഷകൻ അറിയാതിരിക്കുന്നതും ശരിയല്ല.

ഞാൻ കസേരയിൽ നിന്നെഴുന്നേറ്റു ലൈറ്റു കെടുത്തി. ജനാലയ്ക്കൽ ചെന്ന് ചന്ദ്രികയിൽ കുളിച്ചു നില്ക്കുന്ന മലകളെ നോക്കി നിന്നു. പെട്ടെന്ന് ഞാൻ ദൈവമുൻപാകെ മറ്റൊരു ‘തോൽ ഇടാൻ’ തീരുമാനിച്ചു. എന്റെ ജീവിതത്തെത്തന്നെ പാടേ മാറ്റിമറിച്ച ഒന്ന്. അതു ദൈവത്തിനു കൂടുതൽ പ്രയാസമുള്ളതാക്കാൻ ഞാൻ തീരുമാനിച്ചു. കാരണം വാസ്തവത്തിൽ ടി.വി. കൈവിട്ടുകളയാൻ എനിക്കാഗ്രഹമുണ്ടായിരുന്നില്ലല്ലോ.

“യേശുവേ” ഞാൻ പറഞ്ഞു “ഈ കാര്യം തീരുമാനിക്കുന്നതിൽ എനിക്കു സഹായം ആവശ്യമാണ്. അതുകൊണ്ട് ഞാനിതാണു ചോദിക്കുന്നത്-ടി.വി. വില്ക്കുന്നതു സംബന്ധിച്ച് ഞാൻ പത്രത്തിൽ ഒരു പരസ്യം കൊടുക്കും. കർത്താവേ, അവിടുന്നു തന്നെയാണ് ഈ ആശയത്തിനു പിന്നിലെങ്കിൽ ഉടനെ തന്നെ ഒരാവശ്യക്കാരൻ വരണം. പത്രം രാവിലെ തെരുവിലിറങ്ങി ഒരു മണിക്കൂറിനുള്ളിൽ, അല്ല അരമണിക്കൂറിനുള്ളിൽ, ഒരാൾ വരട്ടെ”.

രാവിലെ തന്നെ ഞാൻ വിവരം ജെന്നിനോടു പറഞ്ഞു. അവൾക്കു വലിയ മതിപ്പു തോന്നിയില്ല. “അരമണിക്കൂറോ? കേട്ടിട്ട് എനിക്കു തോന്നുന്നതു മിസ്റ്റർ ഡേവ് വിൽക്കേഴ്സണ് സത്യത്തിൽ ഈ പ്രാർത്ഥനാപരിപാടിയിൽ വലിയ താത്പര്യമില്ലെന്നാണ്.” ജെന്നിന്റെ പ്രതികരണം.

എങ്കിലും പിറ്റേന്നു ഞാൻ പത്രത്തിൽ പരസ്യം കൊടുക്കുക തന്നെ ചെയ്തു. പത്രത്തിൽ പരസ്യം വന്ന ദിവസം രാവിലെ രസകരമായ ഒരു ‘നാടക’മാണു ഞങ്ങളുടെ ലിവിങ് റൂമിൽ അരങ്ങേറിയത്.

ഞാൻ സോഫായിൽ ഇരിക്കുന്നു. ഒരു വശത്തു ടി.വി. എന്നെ നോക്കിയിരിക്കുന്നു. മറുവശത്ത് ജെന്നും കുട്ടികളും എന്റെ നേരേ നോക്കിയിരിക്കുന്നു. എന്റെ നോട്ടം ടെലിഫോണിനടുത്തുള്ള അലാം ക്ലോക്കിലേക്കാണ്.

അരമണിക്കൂറിൽ ഇരുപതു മിനിറ്റു കടന്നുപോയി.

“ജെൻ, നീ പറഞ്ഞതാ ശരിയെന്നു തോന്നുന്നു” ഞാൻ പറഞ്ഞു തുടങ്ങി ‘‘സത്യത്തിൽ എനിക്കു ടി.വി വില്ക്കാൻ വല്യ ആഗ്രഹമൊന്നും ......”

പൊടുന്നനെ ടെലിഫോൺ മണി മുഴങ്ങി.

ജെന്നിനെ നോക്കിക്കൊണ്ടു ഞാൻ സാവധാനം റിസീവറെടുത്തു.





“നിങ്ങൾക്കൊരു ടി.വി. വില്ക്കാനുണ്ട്?” ഒരു പുരുഷശബ്ദം. “അതേ, ആർസിഎ ടി.വി യാണ്. പത്തൊൻപതിഞ്ച് സ്ക്രീൻ. രണ്ടുവർഷം പഴക്കം.”

“എത്രയാണ് അതിനു നിങ്ങൾക്കു വേണ്ടത്?”

സത്യത്തിൽ വിലയെപ്പറ്റി ഞാൻ ആ നിമിഷംവരെ ആലോചിച്ചിരുന്നില്ല. അതുകൊണ്ട് പെട്ടെന്നു ഞാൻ പറഞ്ഞു “നൂറു ഡോളർ”.

“ഞാനെടുത്തോളാം”അങ്ങനെയായിരുന്നു മറുപടി.

‘‘നിങ്ങൾക്കതൊന്നു കാണുകപോലും വേണ്ടേ?”

“വേണ്ട. അതൊന്നു റെഡിയാക്കി വച്ചേര്. പതിനഞ്ചുമിനിറ്റിനകം ഞാൻ പണവുമായി വരാം.”

അതിനുശേഷം ഒരിക്കലും എന്റെ ജീവിതം പഴയതുപോലെയായിരുന്നില്ല. ഓരോ രാത്രിയും അർദ്ധരാത്രിയോടെ ടി.വി. ഓൺ ചെയ്യുന്നതിനു പകരം ഞാൻ ഓഫീസ് റൂമിൽ കടന്നു വാതിൽ ചാരി പ്രാർത്ഥിക്കാനാരംഭിക്കും. ആദ്യമൊക്കെ സമയം ഇഴഞ്ഞു നീങ്ങുകയാണെന്നു തോന്നി. ഞാൻ അസ്വസ്ഥനായി. പക്ഷേ പിന്നീട് ക്രമീകൃതമായ ബൈബിൾ വായന എങ്ങനെ പ്രാർത്ഥനയുടെ ഭാഗമാക്കി മാറ്റാമെന്നു ഞാൻ കണ്ടെത്തി. മുമ്പ് ഞാൻ ബൈബിൾ മുഴുവനായി വായിച്ചിരുന്നില്ല. അതുപോലെ പ്രാർത്ഥനയിൽ അപേക്ഷയും സ്തുതിയും സന്തുലിതമായി കൊണ്ടുപോകാനും ഞാൻ പഠിച്ചു. ഒരു മുഴുവൻ മണിക്കൂർ നന്ദി പറയുന്നത് എത്ര അനുഗൃഹീതമായ അനുഭവമാണ്! ജീവിതത്തിനു മുഴുവൻ ഒരു പുതിയ കാഴ്ചപ്പാടു കൈവന്നതുപോലെ.

ഇത്തരം ഒരു രാത്രി പ്രാർത്ഥനയ്ക്കിടയിലാണു ഞാൻ തുടക്കത്തിൽ വിവരിച്ചതുപോലെ ലൈഫ് മാസിക മറിച്ചു നോക്കാനിടയായത്.

ആ രാത്രി മുഴുവൻ എനിക്കൊരു അസാധാരണത്വം തോന്നിയിരുന്നു. ജെന്നും കുഞ്ഞുങ്ങളും മാതാപിതാക്കളെ സന്ദർശിക്കാൻ പിറ്റ്സ്ബർഗ്ഗിൽ പോയിരുന്നു. വീട്ടിൽ ഞാൻ ഒറ്റയ്ക്ക്. ദീർഘനേരം പ്രാർത്ഥിക്കാൻ കഴിഞ്ഞു. ദൈവത്തോടു കൂടുതൽ അടുത്തിരിക്കുന്നതുപോലെ തോന്നി. അതേ സമയം വ്യക്തമല്ലാത്ത വലിയൊരു സങ്കടവും മനസ്സിലുണ്ടായിരുന്നു. പെട്ടെന്ന് ഒരു ഭാരം തോന്നിയപ്പോൾ ഞാൻ എഴുന്നേറ്റ് സ്റ്റഡിറൂമിലെ ലൈറ്റു തെളിച്ചു. എന്തോ ഒരു ആജ്ഞ ലഭിച്ചതുപോലെ. എന്നാൽ അതെന്താണെന്നു മനസ്സിലാക്കാനും കഴിഞ്ഞില്ല.

“കർത്താവേ, അവിടുന്ന് എന്താണെന്നോട് പറയുന്നത്?”

എനിക്കെന്താണു സംഭവിക്കുന്നതെന്നു മനസ്സിലാക്കാനായി ഞാൻ മുറിയിൽ വെറുതെ ചുറ്റിത്തിരിഞ്ഞു. എന്റെ മേശപ്പുറത്തു ലൈഫ് മാസികയുടെ ഒരു പ്രതി കിടപ്പുണ്ടായിരുന്നു. ഞാൻ അതെടുക്കാനായി കൈ നീട്ടി. പക്ഷേ പൊടുന്നനെ ഞാൻ എന്നെത്തന്നെ വിലക്കി-‘ഇല്ല’ ഞാൻ ഈ കെണിയിൽ വീഴുകയില്ല; പ്രാർത്ഥിക്കേണ്ട സമയത്തു മാസിക വായിക്കുകയോ?’

ഞാൻ പിന്നേയും മുറിയിൽ ചുറ്റിത്തിരിയാൻ തുടങ്ങി. ഓരോ വട്ടവും മേശയുടെ അടുത്തെത്തുമ്പോൾ എന്റെ ശ്രദ്ധ പിന്നേയും മാസികയിൽ ഉടക്കും.

“കർത്താവേ, ഞാൻ കാണണമെന്ന് അവിടുന്നാഗ്രഹിക്കുന്ന എന്തെങ്കിലും അതിലുണ്ടോ?” ഞാൻ അറിയാതെ ഉച്ചത്തിൽ ചോദിച്ചുപോയി. എന്റെ സ്വരം ഒഴിഞ്ഞ വീട്ടിൽ മുഴങ്ങി.

ഞാൻ എന്റെ ബ്രൗൺ തുകൽ ചാരുകസേരയിൽ ഇരുന്ന് വെമ്പുന്ന ഹൃദയത്തോടെ മാസിക എടുത്തു.

എനിക്കു മനസ്സിലാക്കാൻ കഴിയുന്നതിനപ്പുറത്തുള്ള എന്തോ ഒന്നിന്റെ അരികിലെത്തിയതുപോലെ ഞാൻ ആ മാസിക തുറന്നു. ഒരു നിമിഷം കഴിഞ്ഞപ്പോൾ ഞാൻ ഏഴ് ആൺകുട്ടികളുടെ രേഖാചിത്രത്തിൽ നോക്കിയിരിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യുകയാണ്!

അടുത്ത രാത്രി സഭയിലെ ബുധനാഴ്ചപ്രാർത്ഥനയുടെ സമയമായിരുന്നു. അന്ന്, എന്റെ പന്ത്രണ്ടു മുതൽ രണ്ടുവരെയുള്ള പ്രാർത്ഥനാപരീക്ഷണത്തെക്കുറിച്ചും അതിനിടയിൽ ലഭിച്ച അസാധാരണ നിയോഗത്തെക്കുറിച്ചും സഭാംഗങ്ങളോടു തുറന്നു പറയാൻ ഞാൻ തീരുമാനിച്ചു.

ബുധനാഴ്ച രാത്രി തണുത്ത, ശീതം പെയ്യുന്ന, ഒരു മഞ്ഞുകാല സന്ധ്യയായിരുന്നു. അധികം പേരൊന്നും യോഗത്തിനുണ്ടായിരുന്നില്ല. മഞ്ഞുകാറ്റിനെ പേടിച്ചായിരിക്കും കർഷകർ വരാതിരുന്നതെന്നു ഞാൻ കരുതി. പട്ടണത്തിൽ നിന്നു വന്ന രണ്ടു ഡസനോളം വിശ്വാസികളാകട്ടെ, പ്രതികൂലമായ കാലാവസ്ഥമൂലം താമസിച്ചാണു വന്നത്. വന്നവർ പുറകിലത്തെ ഒറ്റപ്പെട്ട ഇരിപ്പിടങ്ങളിൽ സ്ഥാനം പിടിക്കുകയും ചെയ്തു. ഏതു പ്രസംഗകനെ സംബന്ധിച്ചും ഇതൊരു ചീത്തലക്ഷണമാണ് - 'തണുത്ത' ഒരു പറ്റം വിശ്വാസികളോടാണു സംസാരിക്കേണ്ടതെന്നർത്ഥം.

ആ രാത്രി ഞാനും ഒരു പ്രസംഗം നടത്താൻ ഒരുമ്പെട്ടില്ല. ഞാൻ എഴുന്നേറ്റപ്പോൾ 'എനിക്കു ഒരു കാര്യം കാണിക്കാനുള്ളതുകൊണ്ട്' എല്ലാവരും മുന്നോട്ട് അടുത്തിരിക്കാൻ ആവശ്യപ്പെട്ടു. ഞാൻ ലൈഫ് മാസിക തുറന്ന് എല്ലാവർക്കും കാണാൻ പാകത്തിൽ പിടിച്ചു.

"ഈ കുട്ടികളുടെ മുഖത്തേക്ക് ഒന്നു സൂക്ഷിച്ചു നോക്കുക" എന്ന മുഖവരുയോടെ, ഞാൻ ഈ ചിത്രം കണ്ടുകരഞ്ഞുപോയതും ഈ കുട്ടികളെ സഹായിക്കാനായി ഞാൻ തന്നെ ന്യൂയോർക്കിലേക്കു പോകണമെന്ന് എനിക്കു വ്യക്തമായ നിർദ്ദേശം ലഭിച്ചതും ഞാൻ പറഞ്ഞു. എന്റെ സഭാംഗങ്ങൾ വികാരപ്രകടനങ്ങളൊന്നും കൂടാതെ കല്ലുപോലെ നിർവികാരരായി എന്നെ നോക്കിയിരുന്നു. എനിക്കവരെ 'സ്പർശിക്കുവാൻ' കഴിഞ്ഞില്ല. കാരണം വ്യക്തം: ആരുടേയും സ്വാഭാവികമായ പ്രതികരണം ഈ കുട്ടികളോടുള്ള വെറുപ്പാണ്; സഹതാപമല്ല. എന്നാൽ എന്റെ പ്രതികരണം മാത്രം വ്യത്യസ്തമായതിന്റെ കാരണം എനിക്കു മനസ്സിലായില്ല.

അപ്പോൾ ഒരു അത്ഭുതകരമായ കാര്യം നടന്നു. ഞാൻ ന്യൂയോർക്കിൽ പോകാൻ ആഗ്രഹിക്കുന്നുവെന്നും എന്നാൽ എന്റെ കൈയിൽ അതിനു പണമില്ലെന്നും ഞാൻ പെട്ടെന്ന് എന്റെ സഭാംഗങ്ങളോടു തുറന്നു പറഞ്ഞു. കുറച്ചുപേരേ അന്നു യോഗത്തിനു വന്നുള്ളൂവെന്നതും അവർക്കെല്ലാം ഞാൻ പറഞ്ഞതു വേണ്ടപോലെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെന്നതും അങ്ങനെയിരിക്കെത്തന്നെ അവരെല്ലാം മുന്നോട്ടു വന്ന് നിശ്ശബ്ദരായി തങ്ങളുടെ സ്തോത്രകാഴ്ച മേശമേൽ വച്ചു. അതെണ്ണിയപ്പോൾ എഴുപത്തഞ്ചു ഡോളർ. ന്യൂയോർക്കു നഗരത്തിലേക്കു കാറിൽ പോയി മടങ്ങിവരുവാനുള്ള കൃത്യം തുക!

പിറ്റേന്ന്, വ്യാഴാഴ്ച, തന്നെ പോകുവാൻ ഞാൻ തീരുമാനിച്ചു. ജെന്നിനെ ടെലിഫോണിൽ വിളിച്ചു വിവരം ഞാൻ വിശദീകരിച്ചു. എനിക്കതു വേണ്ടവിധത്തിൽ പറഞ്ഞു ഫലിപ്പിക്കാൻ കഴിഞ്ഞെന്നു തോന്നുന്നില്ല.

ഒറ്റക്കാര്യമേ ജെൻ ചോദിച്ചുള്ളൂ. "പരിശുദ്ധാത്മാവാണു നിങ്ങളെ നടത്തുന്നതെന്ന് യഥാർത്ഥത്തിൽ ബോധ്യമുണ്ടോ?"

"ഉണ്ടു പൊന്നേ, തീർച്ചയായും"

"ശരി എങ്കിൽ ഉണങ്ങിയ നല്ല കുറച്ചു സോക്സുകൾ എടുക്കാൻ ഓർക്കണേ"

വ്യാഴാഴ്ച പുലർച്ചെ സഭയിലെ യൂത്തു ഡയറക്ടർ മിൽസ് ഹോവറും ഞാനും എന്റെ പഴയ കാറിൽ യാത്ര പുറപ്പെട്ടു. ഞങ്ങൾ പോകുന്നത് കാണാൻ ആരും വന്നില്ല. ആ യാത്രയെപ്പറ്റി പൊതുവേയുള്ള ഉത്സാഹമില്ലായ്മയുടെ മറ്റൊരു തെളിവ്! ഈ ഉത്സാഹമില്ലായ്മ മറ്റുള്ളവരെ സംബന്ധിച്ചു മാത്രമായിരുന്നില്ല. എനിക്കു പോലും അത്ര വലിയ ഉത്സാഹം തോന്നിയില്ല. ലൈഫ് മാസികയിൽ നിന്നു ചീന്തിയെടുത്ത ഒരു പേജും പോക്കറ്റിലിട്ട് ഞാനെന്തിനാണ് ന്യൂയോർക്കിലേക്കിപ്പോൾ പോകുന്നതെന്ന് ഞാൻ എന്നോടു തന്നെ പല വട്ടം ചോദിച്ചു. ഈ കുട്ടികളുടെ മുഖം ഇപ്പോഴും എന്നെ അസ്വസ്ഥതപ്പെടുത്തുന്നതെന്താണെന്നും ഞാൻ ചോദിച്ചുകൊണ്ടിരുന്നു.

ഞങ്ങൾ വേഗത്തിൽ വണ്ടിയോടിച്ചു പോകുന്നതിനിടയിൽ ഒരു ഘട്ടത്തിൽ ഞാൻ സ്വയം സമ്മതിച്ചു: "മിൽസ്, എനിക്കു പേടിയാകുന്നു"

"പേടിയോ?"

"ഞാൻ എന്തെങ്കിലും മടയത്തരമാണോ ചെയ്യുന്നതെന്ന പേടി. ഇതു സത്യത്തിൽ ദൈവത്തിന്റെ നടത്തിപ്പാണെന്നും എന്റെ തന്നെ വിചിത്രമായ ഒരാശയമല്ലെന്നും ഉറപ്പാക്കാൻ എന്തെങ്കിലും വഴിയുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു"

നിശ്ശബ്ദമായി ഞങ്ങൾ അല്പനേരം കാറോടിച്ചു.

"മിൽസ്!"

"ങേ?"

ഞാൻ എന്റെ നോട്ടം നേരേ മുൻപോട്ടാക്കി. സത്യത്തിൽ അദ്ദേഹത്തിന്റെ നോട്ടത്തെ നേരിടാൻ എനിക്കു മടിയായിരുന്നു.

"താങ്കൾ എനിക്കുവേണ്ടി ഒരു കാര്യം ചെയ്യുമോ? ബൈബിളെടുത്ത് വെറുതെ ഒരു ഭാഗം മറിച്ച് അവിടെ വിരൽ വച്ച് ആ ഭാഗം എന്നെ ഒന്നു വായിച്ചു കേൾപ്പിക്കുക"

മിൽസ് പെട്ടെന്നു തലതിരിച്ചെന്നെ നോക്കി. ഞാൻ എന്തോ അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നു കുറ്റപ്പെടുത്തുന്ന വിധം. എങ്കിലും അദ്ദേഹം പറഞ്ഞതു ചെയ്തു. കൈയെത്തി പുറകിലത്തെ സീറ്റിൽനിന്ന് അദ്ദേഹം തന്റെ ബൈബിളെടുത്തു. ഞാൻ എന്റെ കൺകോണിലൂടെ നോക്കിയപ്പോൾ അദ്ദേഹം തല പുറകോട്ടു ചരിച്ച് ബൈബിൾ തുറന്ന് ഒരു പേജിൽ നിർണയത്തോടെ വിരൽ വയ്ക്കുന്നു.

അദ്ദേഹം ആ ഭാഗം ആദ്യം സ്വയം വായിച്ചു. പിന്നെ തലതിരിച്ച് എന്നെ നോക്കി. ഒന്നും മിണ്ടുന്നില്ല.

"അപ്പോൾ?" ഞാൻ ചോദിച്ചു.

ആ ഭാഗം 126-ാം സങ്കീർത്തനത്തിന്റെ അഞ്ചും ആറും വാക്യങ്ങളായിരുന്നു.

മിൽസ് മെല്ലെ വായിച്ചു "കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതെച്ചും കൊണ്ടു നടക്കുന്നു. കറ്റചുമന്നും ആർത്തുംകൊണ്ടു വരുന്നു."

ന്യൂയോർക്ക് ലക്ഷ്യമാക്കി വണ്ടിയോടിക്കുമ്പോൾ ഈ വചനം ഞങ്ങളെ വളരെ ഉത്സാഹിപ്പിച്ചു. അതപ്പോൾ ലഭിച്ചതു നന്നായി. കാരണം, പിന്നീടു വളരെ, വളരെ സമയത്തേക്കു വേണ്ടി ഞങ്ങൾക്കു ലഭിച്ച ഒടുവിലത്തെ ഉത്സാഹത്തിന്റെ ഒരേ ഒരു വചനമായിരുന്നു അത്. (തുടരും)

# ദൈവത്തോടുള്ള അടുത്തബന്ധം *പേജ് 30 ൽ നിന്ന്*

ചിലതു പഠിപ്പിക്കുവാനായി ചില പ്രത്യേക സാഹചര്യങ്ങളിൽ നിറുത്തിയിരിക്കുന്നുവെങ്കിൽ ആ സാഹചര്യത്തിൽ താൻ സംതൃപ്തനായിരിക്കണമെന്നു ദൈവമാഗ്രഹിക്കുന്നു. ആ സാഹചര്യങ്ങൾ ദൈവം സ്വയം മാറ്റുന്നതുവരെ താൻ അതിനായി ആഗ്രഹിക്കുന്നതു ശരിയല്ല. ഇതായിരുന്നു അദ്ദേഹം പഠിച്ച പാഠം.

ഈ പാഠം പഠിച്ചശേഷം ഒരിക്കൽകൂടി ദൈവസാന്നിധ്യമനുഭവിക്കുവാൻ വേണ്ടി തന്റെ പഴയ കഷ്ടതകൾ തനിക്കു തിരിയെത്തരണമേഎന്ന് അദ്ദേഹം ദൈവത്തോടു നിലവിളിക്കുവാൻ തുടങ്ങി. ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നുള്ള ആത്മാർത്ഥമായ നിലവിളിക്ക് ഉത്തരം നൽകി. ഉഗ്രങ്ങളായ ആ യാതനകൾ അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു മടങ്ങി വന്നു. എന്നാൽ അതോടൊപ്പം ദൈവത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന ആഴമായ കൂട്ടായ്മയും തിരിയെക്കിട്ടി.

17-ാം ശതകത്തിൽ ജീവിച്ചിരുന്ന മാഡം ഗയോൺ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: 'പാപം, നരകയാതന ഇവയിലൊന്നു തിരഞ്ഞെടുക്കുവാൻ എന്നോടു ആവശ്യപ്പെടുന്നപക്ഷം ഞാൻ നരകയാതന തിരഞ്ഞെടുക്കും. കാരണമെന്താണെന്നോ? പാപം എന്നെ ദൈവത്തിൽനിന്ന കറ്റിക്കളയും; എന്നാൽ വേദനയ്ക്കും യാതനയ്ക്കും അതു ചെയ്യാൻ കഴിയില്ല.' മറ്റൊരിക്കൽ അവർ പറഞ്ഞു: 'ഞാൻ ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം നയിക്കുകയും അതിന്റെ ഒടുവിൽ നരകത്തിൽപ്പോകുകയും ചെയ്യുന്നപക്ഷം അവിടെ ദൈവം എന്നോടുകൂടെ ഉണ്ടായിരിക്കുമെങ്കിൽ എനിക്കതുമതി. സ്വർഗ്ഗം, യേശു അവിടെ ഇല്ലാത്തപക്ഷം ഒരു ശൂന്യസ്ഥലമായിരിക്കും. എന്നാൽ ദൈവം എന്നോടുകൂടെ ഉണ്ടെങ്കിൽ നരകത്തിലും ഞാൻ സന്തുഷ്ടയായായിരിക്കും.'

വനാന്തർഭാഗത്തുള്ള ഏകാന്തമായ മുനിവാടങ്ങളിൽ നാം താമസിച്ചിരുന്നെങ്കിൽ നമ്മുടെ ജഡത്തിലുള്ള ദുഷ്ടതയെപ്പറ്റി നമുക്കൊരിക്കലും വെളിച്ചം ലഭിക്കുമായിരുന്നില്ല. എന്നാൽ സാധാരണ ജനങ്ങൾ ജീവിക്കുന്നതുപോലെ നാം ജീവിക്കുമ്പോൾ നമ്മെപ്പറ്റിത്തന്നെ വളരെയധികം വെളിച്ചം നമുക്കു ലഭിക്കുന്നു. യോഗികളും താപസന്മാരുമെന്ന നിലയിൽ നമുക്കു ചെയ്യാമായിരുന്ന ഏക കാര്യം പ്രാർത്ഥനയിൽ സമയം ചെലവഴിക്കുക മാത്രമായിരുന്നു. എന്നാൽ ദൈവവചനം നമ്മിൽ നിറവേറുന്നതു കാണുമ്പോൾ ലഭിക്കുന്ന ഭാഗ്യാവസ്ഥ അപ്പോൾ നമുക്കു നഷ്ടപ്പെട്ടുപോകുമായിരുന്നു.

ലോകത്തിന്റെ മധ്യേ നാം ജീവിക്കുമ്പോൾ മാത്രമാണ് മനുഷ്യരുടെ മാനമന്വേഷിക്കുക, വ്യാകുലചിത്തരാകുക തുടങ്ങിയ പാപങ്ങളെപ്പറ്റി നമുക്കു വെളിച്ചം ലഭിക്കുന്നത്. അത്തരം പരീക്ഷകൾ നാമൊരിക്കലും നേരിടുന്നില്ലെങ്കിൽ നമ്മുടെ ഉള്ളിലുള്ള തിന്മയെയും ദുഷ്ടതയെയും പറ്റി നാം ഒരിക്കലും ബോധവാന്മാരാവുകയില്ല. അപ്പോൾ 'ജഡത്തിലും ആത്മാവിലുമുള്ള കല്മഷങ്ങളിൽനിന്നു ശുദ്ധീകരണം' പ്രാപിക്കുവാനും നമുക്കു സാധ്യമല്ല (2 കൊരി. 7:1). ശുദ്ധീകരണം കൂടാതെ ആർക്കും കർത്താവിനെ കാണുവാനും (എബ്രാ. 12:14) കർത്താവുമായി ഗാഢമായ കൂട്ടായ്മയിൽ പ്രവേശിപ്പാനും സാധ്യമല്ല.

യേശുവിനെ പിതാവ് ഒരു താപസാശ്രമത്തിലേക്കോ വനാന്തരത്തിലേക്കോ അല്ല നയിച്ചത്. മറിച്ച് നസറേത്തിലേക്കാണ്. തന്മൂലം പുസ്തകച്ചുരുളിൽ തന്നെക്കുറിച്ചെഴുതിയിരുന്ന എല്ലാ



കല്പനകളും (എബ്രാ. 10:5-7) അനുസരിക്കുവാൻ അവിടുത്തേക്കു സാധിച്ചു. 33½ വർഷത്തെ തന്റെ ആയുഷ്ക്കാലത്തിനിടയിൽ താൻ അഭിമുഖീകരിച്ച പരീക്ഷകളിലൂടെ അവിടുന്നു പരിപൂർണ്ണനായിത്തീർന്നു! തന്റെ പിതാവു തനിക്കുചുറ്റും വച്ചിരുന്ന അതിരുകൾക്കുള്ളിൽ നിന്നതുകൊണ്ട് മാത്രമാണ് ഇപ്രകാരം അനുഗൃഹീതമായ ഒരു ജീവിതം യേശുവിനു സാധ്യമായിത്തീർന്നത്.


തന്റെ വചനം കേൾക്കുകയും പ്രമാണിക്കുകയും ചെയ്യുന്നവൻ പാറമേൽ വീടു പണിത മനുഷ്യനോട് തുല്യനായിത്തീരുമെന്ന് യേശു പ്രസ്താവിച്ചു. ഈ പാറ ക്രിസ്തു തന്നെയാണ്. ദൈവവചനത്തോടുള്ള അനുസരണം ഒരു ശിഷ്യനെ ക്രിസ്തുവിനോടു വളരെ അടുത്തതും ഗാഢവുമായ കൂട്ടായ്മയിലേക്കു നയിക്കും. (ഒരു ഭവനം ഏതിന്മേൽ പണിയപ്പെട്ടിരിക്കുന്നുവോ ആ പാറയോടു ചേർന്നുതന്നെ സ്ഥിതിചെയ്യുന്നതുപോലെ).

ഇപ്രകാരമുള്ള ഒരു ശിഷ്യൻ മാത്രമേ അവസാനത്തോളം സഹിച്ചുകൊണ്ട് നിലനിൽക്കുന്നവനായിത്തീരുകയുള്ളൂ. കൊടുങ്കാറ്റും ജലപ്രളയവുമൊക്കെ വന്നാലും അത് ആ ജീവിതത്തെ ഇളക്കുകയില്ല. അപ്രകാരമുള്ള ഒരുവൻ ഒരിക്കലും പിന്മാറിപ്പോകയുമില്ല.

യേശു നിത്യജീവനെ നിർവചിച്ചത് ഇപ്രകാരമായിരുന്നു: "ദൈവത്തെയും യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ" (യോഹ. 17:3). ഇവിടെപ്പറയുന്ന അറിവ് ബുദ്ധിപരമായ അറിവല്ല. ഒരു ഭർത്താവ് ഭാര്യയെ അറിയുന്നതുപോലെ ദൈവവുമായുള്ള വളരെ അടുത്ത കൂട്ടായ്മയിലൂടെ അവിടുത്തെക്കുറിച്ചു നമുക്കു ലഭിക്കുന്ന ആഴമായ അറിവാണത്. (അറിയുക എന്ന പദത്തെ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് ഈ പ്രത്യേകാർത്ഥത്തിലാണ്).

ദൈവത്തെ സ്നേഹിക്കാതെ ഒട്ടുവളരെ വിശ്വാസികൾ സുഖതൃഷ്ണയും ദ്രവ്യാഗ്രഹവുമുള്ളവരായിത്തീർന്നുകൊണ്ടിരിക്കുന്ന നമ്മുടെ കാലഘട്ടത്തിൽ (2 തിമോ. 3:4) ജീവിതത്തിൽ മറ്റെന്തിലുമപരിയായി ദൈവവുമായുള്ള കൂട്ടായ്മയെ വിലമതിക്കുന്ന ഒരു കൂട്ടമാളുകളെ ദൈവം എഴുന്നേല്പിക്കുമാറാകട്ടെ. ●

## കൃപാഹോട്ടൽ




ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ. *(2 കൊരി. 1:20)*

# നാളെ...നാളെ....നാളെ...നാളെ

മരുഭൂമിയിൽ പ്രാർത്ഥനയിലായിരുന്ന യേശുവിന്റെ മുൻപിൽ മൂന്നു പരീക്ഷകളുമായി സാത്താൻ എത്തി. പക്ഷേ ആ പരീക്ഷകളിലെല്ലാം തോറ്റത് സാത്താനാണ്. ലജ്ജിതനായ സാത്താൻ തന്റെ കിങ്കരന്മാരുടെയും മന്ത്രിസഭാംഗങ്ങളുടെയും സമ്മേളനം വിളിച്ചുകൂട്ടി. ആമുഖമായി സാത്താൻ പറഞ്ഞു:“ദൈവപുത്രനായ യേശുവിനെ പരാജയപ്പെടുത്താനും വരുതിയിലാക്കാനും നമുക്കു കഴിഞ്ഞില്ലെന്നതു ശരി. പക്ഷേ നാം അടങ്ങിയിരുന്നു കൂടാ. ഇനിയും നമുക്കു സാധ്യതയുണ്ട്. മനുഷ്യർ ഭൂമിയിലുണ്ടല്ലോ. അവരെ എങ്ങനെ ദൈവഹിതത്തിൽ നിന്നു പിൻതിരിപ്പിച്ച് തോല്പിക്കാൻ കഴിയും എന്നു നമുക്കു ചിന്തിക്കാം. നിങ്ങളോരോരുത്തരും അതിനുള്ള തന്ത്രങ്ങൾ വിശദീകരിക്കണം.”

സാത്താന്റെ ആമുഖപ്രഭാഷണം കഴിഞ്ഞപ്പോൾ ആദ്യം എഴുന്നേറ്റത് കോപമെന്ന വകുപ്പിന്റെ തലവനായ കുട്ടിപ്പിശാചാണ്. അവൻ പറഞ്ഞു:“മനുഷ്യനിൽ പക കുത്തിവച്ച് തമ്മിൽത്തല്ലിക്കുവാനും അന്യോന്യം കൊല്ലിക്കുവാനും എനിക്കും എന്റെ സൈന്യത്തിനും കഴിയും.” പക്ഷേ സാത്താന് ഈ അവകാശവാദത്തിൽ പൂർണവിശ്വാസം ഉണ്ടായില്ല.

അപ്പോൾ വിഷയാസക്തി എന്ന വകുപ്പു കയ്യാളുന്ന പിശാച് എഴുന്നേറ്റ് എല്ലാവരേയും നോക്കി ഒന്ന് ഇളിച്ചശേഷം ഇങ്ങനെ പ്രസ്താവിച്ചു:“എന്റെ കീഴിലുള്ള സൈന്യത്തെക്കൊണ്ട് മനുഷ്യനെ മുച്ചൂടും നശിപ്പിക്കാം.” സാത്താന് അതും തൃപ്തിയായില്ല. അത്യാഗ്രഹത്തിന്റെ ചുമതലക്കാരനായ പിശാചിന്റേതായിരുന്നു അടുത്ത ഊഴം. അവൻ എഴുന്നേറ്റ് കൊമ്പുകുലുക്കിക്കൊണ്ട് പറഞ്ഞു:“ഏതു മനുഷ്യനേയും അത്യാഗ്രഹിയാക്കി ദൈവഹിതത്തിൽ നിന്നു വീഴ്ത്താം. ഞങ്ങൾ അതിനു ശ്രമിക്കാം.” പക്ഷേ അതിന്റെ വിജയസാധ്യതയെക്കുറിച്ചു സാത്താനു വീണ്ടും സന്ദേഹമായി. മദ്യപാനം, ഭക്ഷണാസക്തി എന്നീവകുപ്പുകൾ ഒരുമിച്ചുകൈകാര്യം ചെയ്യുന്ന മന്ത്രി എഴുന്നേറ്റു വാലുചുഴറ്റി ഇങ്ങനെ വീമ്പടിച്ചു:“മനുഷ്യനെ നശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയും.”

പക്ഷേ സാത്താൻ അതും സമ്മതിക്കാതെ ഇങ്ങനെ പറഞ്ഞു:“നിങ്ങൾ പറഞ്ഞതെല്ലാം നല്ലതന്ത്രങ്ങളാണ്. പക്ഷേ അവയെല്ലാം വളരെ പ്രകടമാണ്. ബുദ്ധിയുള്ള ഒരുവന് ഈ ചതി മനസ്സിലാകും. മറഞ്ഞിരിക്കുന്ന, അത്രപ്രകടമല്ലാത്ത, ഒരു തന്ത്രമാണു നമുക്ക് വേണ്ടത്”.

അല്പനേരത്തെ ആലോചനയ്ക്കുശേഷം ഉപമുഖ്യമന്ത്രിയായ പിശാച് എഴുന്നേറ്റു:“ഏതു മനുഷ്യനേയും ദൈവഹിതത്തിൽ നിന്നു പിൻതിരിപ്പിക്കാൻ ഒരു തന്ത്രം പറയാം. ഞാൻ പോയി മനുഷ്യരോട് ദൈവം മനുഷ്യരെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ളതും അവർ ചെയ്യേണ്ടതുമായ നല്ല കാര്യങ്ങളെക്കുറിച്ച് വാചാലമായി സംസാരിക്കും. അവ ചെയ്യാൻ അവരെ ഉത്സാഹിപ്പിക്കും.” പിശാച് ഒരു നിമിഷം നിർത്തി. പിന്നെ തുടർന്നു “പക്ഷേ അതു ചെയ്യാൻ അത്ര തിടുക്കം കൂട്ടേണ്ട. ഇന്നു വേണ്ട നാളെ ആരംഭിക്കാം. അനുകൂലസാഹചര്യങ്ങൾ വരട്ടെ അപ്പോൾ ചെയ്യാം.....എന്നിങ്ങനെ കൂടെ ഞാൻ അവരോടു പറയും”.

ഭേഷ്! സാത്താന്യ മന്ത്രിസഭ കൈയടികളോടെ ഐകകണ്ഠ്യേന ഈ തന്ത്രം സ്വീകരിച്ചു. അതു നടപ്പാക്കാനും തുടങ്ങി.

അതുകൊണ്ട് ഇന്ന് നമ്മൾ ഏതെങ്കിലും നല്ല കാര്യം ചെയ്യാൻ ഇറങ്ങുമ്പോൾ ഇങ്ങനെ ഒരു സ്വരം കേൾക്കാം:“ഇന്നു വേണ്ട...നാളെയാകട്ടെ. നാളെ...നാളെ...നാളെ...നാളെ”.